വാല്യം 76

വടവുകോട് ബ്ലോക്ക്
(എറണാകുളം ജില്ല)

1. പൂത്യക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

പൂത്ത്യക്ക ഗ്രാമപഞ്ചായത്ത്

"ഒൻപതാം പദ്ധതി ജനകീയപദ്ധതി"

വികസന സെമിനാർ

റിപ്പോർട്ട്

1996 നവംബർ 30 (ശനിയാഴ്ച)

ഗവ. ഹൈസ്ക്കുൾ, പുത്ത്യക്ക.



പൂത്തൃക്ക ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്

MAP OF POOTHRIKA GRAMA PANCHAYATH

പൂത്തൃക്ക ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് 1996

ആമുഖം

ഭരണഘടനയുടെ 73-74 വകുപ്പുകൾ ഭേദഗതികൾ വരുത്തി പഞ്ചായത്ത് രാജ്/നഗരപാലിക സംവിധാനങ്ങൾക്ക് ചരിത്രപ്രധാനമായ തുടക്കം കുറിച്ചു. 23-4-94 മുതൽ പഞ്ചായത്ത് രാജ്/ നഗരപാലികനിയമം നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നു. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ കൈ വന്നു. വികസനപ്രവർത്തനങ്ങളുടെ ആസൂത്രണം താഴെത്തട്ടിൽ നിന്നും തുടങ്ങാനുള്ള വഴി തുറന്നുകിട്ടി. ഒമ്പതാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്ന മൂലധനത്തിൽ 35-40% തുക പഞ്ചായത്തുകളുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ലഭ്യമാവുകയെന്നത് ഇന്നത്തെ പരിതഃസ്ഥിതിയിൽ വളരെ പ്രധാനം അർഹിക്കുന്ന ഒന്നാണ്. ആസൂത്രണം താഴെത്തട്ടിൽ നിന്നും തുടങ്ങുന്നു എന്നതാണ് ഇതിന്റെ മറ്റൊരു സവിശേഷത. വികസനത്തെക്കുറിച്ചുള്ള വികലമായ ധാരണ മാറ്റിക്കൊണ്ട് സംസ്ഥാനതലത്തിൽ ഒരു കുതിച്ചുച്ചാട്ടത്തിന് ഗ്രാമപാഞ്ചായത്തുകൾ ഒരുങ്ങിക്കഴിഞ്ഞു. ഈ പരിപാടിയുടെ വിജയത്തിന് വിവിധ തലത്തിലുള്ള ആളുകളുടെ ഒത്തുചേരൽ അനിവാര്യമാണ്.

ജനകീയാസൂത്രണം ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ പരിശീലനം സിദ്ധിച്ച സന്നദ്ധ സേവകരുടെ സഹകരണം അത്യന്ത്യാപേക്ഷിതമാണ്. കുന്നത്തുനാട് താലൂക്ക് കേന്ദ്രീകരിച്ച് ഒരു ജില്ലാതല പരിശീലന ശില്പശാല 1996 സെപ്റ്റംബർ 10, 11, 12 തിയ്യതികളിൽ പെരുമ്പാവൂർ സാഗീർ മെമ്മൊറിയൽ ഹാളിൽ വെച്ച് നടക്കുകയുണ്ടായി. ഈ ശില്പശാലയിൽ താഴെപ്പറയുന്ന മെമ്പറന്മാർ പങ്കെടുത്തു.

1. ശ്രീ. സി.കെ.വർഗീസ്
2. ശ്രീമതി. അമ്മണി പൗലോസ്
3. ശ്രീമതി. അമ്മണി കേശവൻ
4. ശ്രീമതി. മേരിജോയി
5. ശ്രീ. എം.വി.മാത്യൂ
6. ശ്രീ. വി.വി.ജോർജ്ജ്
7. ശ്രീ. എം.എം.മാർക്കോസ്

ജില്ലാതല പരിശീലനത്തിനുശേഷം 21-9-96 ൽ കോലഞ്ചേരി സെൻറ് പീറ്റേഴ്സ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ഒരു പഞ്ചായത്തുതല പരിശീലനം നടത്തുകയുണ്ടായി. ഇതിൽ 68 പേർ പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭകൾ 28.9.96 മുതൽ 1.10.96 വരെയുള്ള തീയതികളിൽ 9 വാർഡുകളിലും കൂടി ദ്വിതിയ സ്ഥിതിവിവരശേഖരണത്തിന് മുമ്പായി ജില്ലാതല റിസോഴ്സസ്പേഴ്സനുകൾക്ക് 18.11.96 ൽ കോലഞ്ചേരി ടീച്ചേഴ്സ് ട്രെയിനിങ്ങ് ഇൻസ്റ്റീറ്റ്യൂട്ടിൽ വച്ച് വീണ്ടും ഒരു പരിശീലനം നൽകുകയുണ്ടായി. ഇതിൽ നാല്പത്തിരണ്ടു പേർ പങ്കെടുക്കുകയുണ്ടായി.

പഞ്ചായത്തിൽ തലങ്ങനെയും വിലങ്ങനെയും പഠന പര്യടനം നടത്തി. പി.ആർ.പി.മാർ തയ്യാറാക്കിയ സ്ഥിതിവിവരകണക്കുൾ, പഠനപര്യടനത്തിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഉദ്യോഗസ്ഥന്മാരുടേയും, പി.ആർ.പി.മാരുടേയും ആഭിമുഖ്യത്തിൽ വികസന റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

ജനകീയാസൂത്രണത്തിന്റെ തുടക്കമെന്ന നിലയിൽ 1996 നവംബർ 1-ാം തിയ്യതി പുനരർപ്പണ ദിനമായി ആചരിക്കുകയും ചെയ്തു.

പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

പഞ്ചായത്തിന്റെ പേര്	-	പൂത്തൃക്ക ഗ്രാമപഞ്ചായത്ത്
അതിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര്	-	ഐക്യരനാട് സൗത്ത് വില്ലേജ്
ബ്ലോക്കു പഞ്ചായത്തു ഡിവിഷൻ	-	വടവുകോട്
താലൂക്ക്	-	കുന്നത്തുനാട്

അസംബ്ലി മണ്ഡലം	–	കുന്നത്തുനാട്
വിസ്തീർണ്ണം	–	25.53 Sq.K.M
അതിരുകൾ		
വടക്ക്	–	ഐക്യരനാട് ഗ്രാമ പഞ്ചായത്ത്
കിഴക്ക്	–	രാമമംഗലം ഗ്രാമ പഞ്ചായത്ത്
തെക്ക്	–	മണീട് ഗ്രാമ പഞ്ചായത്ത്
പടുഞ്ഞാറ്	–	വടവുകോട് പുത്തൻ കുരിശ് ഗ്രാമ പഞ്ചായത്ത്
ജനസംഖ്യ	–	18330
വാർഡുകൾ	–	ഒമ്പത്
പ്രസിഡൻറിൻെറ പേര്	–	ശ്രീ. സി.കെ.വർഗീസ്
വൈസ് പ്രസിഡൻറിൻെറ പേര്	–	ശ്രീമതി. അമ്മിണി പൗലോസ്
സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർ പേഴ്സൺ	–	ശ്രീമതി. അമ്മണി കേശവൻ
മെമ്പർമാർ		
1. വാർഡ് I	–	ശ്രീമതി. അമ്മിണി കേശവൻ
2. വാർഡ് II	–	ശ്രീമതി. അമ്മിണി പൗലോസ്
3. വാർഡ് III	–	ശ്രീ. സി.കെ.വർഗീസ്
4. വാർഡ് IV	–	ശ്രീ. നെച്ചി തമ്പി
5. വാർഡ് V	–	ശ്രീമതി. മേരിജോയി
6. വാർഡ് VI	–	ശ്രീ. എം.വി.മാത്യൂ
7. വാർഡ് VII	–	ശ്രീ. വി.വി.ജോർജ്ജ്
8. വാർഡ് VIII	–	ശ്രീ. എം.എം.മാർക്കോസ്
9. വാർഡ് IX	–	ശ്രീ. കെ.പി.സുകുമാരൻ
ബ്ലോക്കു പഞ്ചായത്തു ഡിവിഷൻ:		
പൂത്തൃക്ക ഡിവിഷൻ മെമ്പർ	–	അഡ്വ. ടി.കെ.ബേബി
ജില്ലാ പഞ്ചായത്തു മെമ്പർ	–	പ്രൊഫ: എൻ.പി.വർഗീസ്

1953-54 വർഷത്തിൽ പൂത്തൃക്ക പഞ്ചായത്ത് രൂപം കൊണ്ടു. ആദ്യത്തെ പഞ്ചായത്തു പ്രസിഡൻറ് ശ്രീ. കെ.വി.മാത്തുള്ള

വനിതാ മെമ്പർ	–	ശ്രീമതി. റെയിച്ചൽ ജോസഫ്
ഹരിജൻ മെമ്പർ	–	ശ്രീ. കുട്ടപ്പൻ കാക്കര

തുടർന്നു വന്ന കമ്മറ്റി പ്രസിഡൻറുമാർ

1) ശ്രീ. പി.എം.പൈലിപ്പിള്ള

2) ശ്രീ. കെ.എൻ.പരമേശ്വരൻ നായർ

ആദ്യകാലത്ത് 7 വാർഡുകളുള്ള പഞ്ചായത്തായിരുന്നു പൂത്തൃക്ക. പിന്നീട് 1-ാം വാർഡ് രണ്ടായി തിരിച്ച് വടയമ്പാടി, മലേക്കുരിശ് എന്നീ വാർഡുകളാക്കി. അഞ്ചാം വാർഡു തിരിച്ച് അഞ്ചും, ആറും വാർഡുകളാക്കി. ഈ പഞ്ചായത്ത് കുന്നുകളും സമതലങ്ങളും, വെള്ളക്കെട്ടുകളും ഇടകലർന്നു നില്ക്കുന്ന ഒരു പഞ്ചായത്താകുന്നു. ഈ പഞ്ചായത്തിൻെറ തെക്കു കിഴക്കെ അതിരിലൂടെ മുവ്വാറ്റുപുഴ ആറ് ഒഴുകുന്നു. പ്രകൃതി രമണീയമായ ഭൂപ്രദേശമാണ് പൂത്തൃക്ക.

ഗ്രാമസഭകളിൽ പങ്കെടുക്കുത്തവരുടെ വിവരം

വാർഡുനമ്പർ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
I	124	92	216
II	109	20	129
III	150	25	175
IV	90	15	105
V	98	9	107
VI	90	10	100
VII	149	50	199
VIII	103	19	122
IX	74	6	80

പൂത്തൃക്ക പഞ്ചായത്തിന്റെ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

ഒരു കാർഷിക ഗ്രാമമാണെങ്കിൽ പോലും ബെസ്റ്റ് പഞ്ചായത്ത് അവാർഡ് നേടി കേരള ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള പൂത്തൃക്ക പഞ്ചായത്തിന്റെ പൂർവ്വകാല ചരിത്രവും പടിപടിയായ ഉയർച്ചയും ഏതൊരു അംഗത്തിനും അറിയുന്നത് ഒരു ആവശ്യവും പ്രചോദനവും ആകും എന്നുള്ളതുകൊണ്ട് അന്വേഷണത്തിൽ കിട്ടിയ ലഘുചരിത്രം പ്രസിദ്ധികരിക്കട്ടെ. ഒമ്പതാം പദ്ധതി തയ്യാറാക്കുന്ന ജനകീയ ആസൂത്രണസഭകൾക്ക് ഒരു മാർഗ്ഗരേഖക്കൂടി ആകുമെന്ന് ആശിക്കുന്നു.

പേരിന്റെ ഉൽഭവം

ഈ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന മണീട് പഞ്ചായത്തിലുണ്ടായിരുന്ന ക്ഷേത്രത്തിന്റെ ഉപക്ഷേത്രം (പൂതൃക്കോവിൽ) ഇവിടെ സ്ഥാപിച്ചപ്പോൾ പൂത്തൃക്ക എന്ന നാമം ഈ പ്രദേശത്തിനുണ്ടായി എന്നാണ് ഐതിഹ്യം. ആ ക്ഷേത്രം ഇന്നും പ്രൗഢിയോടെ നിലകൊള്ളുന്നു.

1953, 54 കാലഘട്ടത്തിൽ പഞ്ചായത്ത് രൂപികൃതമായി. അതിനുമുമ്പ് ഗ്രാമോദ്ധാരണസഭ എന്ന പേരിൽ ഇവിടെ ഒരു ജനകീയ സഭ ഉണ്ടായിരുന്നു. സ്വാതന്ത്ര്യസമരനായകന്മാരും പിന്നീട് അസംബ്ലിളി മെമ്പർ എന്ന നിലയിലേക്ക് ഉയർന്ന ശ്രീ. എൻ.വി.ചാക്കോ സാറും നിയമസഭാ മെമ്പർ, പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗം എന്നി നിലകളിലേക്ക് ഉയർന്ന ശ്രീ. എൻ.പി.വർഗീസ് സാറും, ശ്രീ. എസ്.ശങ്കരവാര്യരും നേതൃത്വം കൊടുത്താണ് ഈ വിധ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. അതിന്റെ ഫലമായി ഒരു ആയൂർവേദ ഡിസ്പെൻസറി പൂത്തൃക്കയിൽ സ്ഥാപിക്കപ്പെട്ടു. ഏഴാം നൂറ്റാണ്ടിൽ സ്ഥാപിതമായ കോലഞ്ചേരി പള്ളി ഈ നാടിന്റെ എല്ലാ വിധ വളർച്ചക്കും നിദാനമാണ്. അതിലേ വികാരിമാർ ബഹുമാനപ്പെട്ട തേനുങ്ങൽ അച്ചന്റെ നേതൃത്വത്തിൽ ഈ പ്രദേശത്തിന്റെ പല ഭാഗങ്ങളിലും പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിച്ച് വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തിയിരുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. അങ്ങനെ ആരംഭിച്ച ഏതാനും സ്ക്കൂളുകൾ പിന്നീട് സർക്കാരിലേക്ക് വിട്ടുകൊടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട തേനുങ്ങൽ അച്ചന്റെ മേൽനോട്ടത്തിലും ശ്രീ. സി.യു.വർക്കിയുടെ മാനേജ്മെന്റിലും കല്ലുങ്കൽ അച്ചന്റെ ഹെഡ്മാസ്റ്റർ ഷിപ്പിലും കോലഞ്ചേരി സെന്റ് പിറ്റേഴ്സ് സ്ക്കൂൾ ഒരു പൂർണ്ണ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. സർക്കാരിലേക്ക് വിട്ടുകൊടുത്ത പൂത്തൃക്കസ്കൂൾ ശ്രീ. എൻ.വി.ചാക്കോ, ശ്രീ. എൻ.പി.വർഗീസ്, ശ്രീ. വർക്കി ചേറ്റിക്കുഴി എന്നിവരുടെ പരിശ്രമഫലമായി ഒരു ഹൈസ്ക്കുളായും ഉയർന്നു.

1953, 54 കാലഘട്ടത്തിലാണ് പൂത്തൃക്ക പഞ്ചായത്ത് നിലവിൽ വന്നത്. അന്ന് 7 വാർഡുകളുണ്ടായിരുന്നു. ബഹുമാനപ്പെട്ട കെ.വി. മാത്തുള്ള, B.AB.T പ്രസിഡൻറായുള്ള ഭരണസമിതിയാണ് ഭരണം നടത്തിയിരുന്നത്. ആദ്യത്തെ വനിതമെമ്പർ ശ്രീമതി. റെയിച്ചൽ ജോസഫും ഹരിജൻ മെമ്പർ ശ്രീ. കുട്ടപ്പൻ കാക്കരയും ആയിരുന്നു. തുടർന്ന് വന്ന പഞ്ചായത്ത് കമ്മിറ്റി ശ്രീ. പി.എം. പൈലിപിള്ളയുടെ നേതൃത്വത്തിലും പിന്നീട് ശ്രീ. കെ.എൻ. പരമേശ്വരൻ നായരുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് ഭരണം നടത്തിയിരുന്നത്.

ഈ പ്രദേശത്തെ ഭൂമി മുഴുവൻ കിഴക്കുംഭാഗത്ത് മന, പാഴൂർ മന, പടകൂർ മന, പടപ്പ മന, പാറ മന, തെങ്ങനാ മന, കിഴ്പാതായ് പിള്ളി മന, വേലാം കുഴി മന, പൂന്നേർകോട് മന എന്നി മനകളുടെയും കറുകപ്പിള്ളി വാര്യാർ, പൂത്തൃക്ക വാര്യാർ, മഴുവന്നൂർ വാര്യാർ, പുളിക്കയത്ത് പണിയ്ക്കർ, തൊടിനേടത്ത് ശങ്കുണ്ണിപിള്ള, വെട്ടിക്കനാൽ കർത്താവ് എന്നീ ഭൂടമകളുടെയും തൃപ്പൂണിത്തുറ ദേവസ്വം. പരിയാരം ദേവസ്വം, ഗാധികചിറ ദേവസ്വം, രാമമംഗലം ദേവസ്വം, പെരുമ്പടപ്പ് സ്വരൂപം, കൊച്ചി അമ്മ തമ്പുരാൻ വകയും ഏതാനും ഭൂമികൾ കോലഞ്ചേരി പള്ളി വകയും കുറിഞ്ഞിപള്ളി വകയും ആയിരുന്നു. ഈ ഭൂമികളത്രയും ഏതാനും ഭൂടമകൾ പാട്ടചിട്ടുപ്രകാരം കൈവശം വച്ചും മറ്റു ചെറുകിട കൃഷിക്കാർക്ക് പാട്ടത്തിനും വാരത്തിനും ഏല്പിച്ച് കൃഷി ചെയ്തിച്ചും വന്നു. ഈ ചെറുകിട കൃഷിക്കാരിൽ നിന്നും ഭൂടമകളിൽ നിന്നും ജന്മിമാർ പാട്ടമായി നെല്ലും, കൊമ്പുചക്ക, കൊല അടക്ക, കണ്ണിവെറ്റില, പുകയില, ഏത്തവാഴക്കുല, തേങ്ങ, വെളിച്ചെണ്ണ, വയ്ക്കോൽ, പ്ലാവില. ഈർക്കി തണങ്ങ് പൂൽ, ഒപ്പ സൂചി, പകർപ്പവകാശം, അളക്കിട, വീതം വിത്ത്, മുക്കൂറ്, കുഴിക്കൂറ്, പങ്ക് പാട്ടം എന്നിങ്ങനെ പലപേരിൽ അവകാശങ്ങൾ വാങ്ങി വന്നു. എന്നാൽ

കേരളത്തിലാകെയലടിച്ച കർഷകപ്രക്ഷോഭം ഇവിടെയും പ്രതിഫലിച്ചു. കർഷകരുടെയും അവരുടെ പ്രതിനിധികളുടെയും പ്രക്ഷോഭസമരം മൂലം കൃഷിക്കാരന് തന്റെ കൈവശഭൂമി ലഭിക്കയും ഇന്ന് എല്ലാവരും ചെറുകിട കർഷകരായി മാറുകയും ചെയ്തിരിക്കുന്നു.

ഈ പഞ്ചായത്തിൽ ഒൻപത് വാർഡുകൾ ഉണ്ട്. അതിൽ കോലഞ്ചേരി (എളംകുളം) വാർഡ് പല നിലയിലും ഒരു പട്ടണപ്രദേശം പോലെ ഉയർന്ന് വന്നിട്ടുണ്ട്. വടയമ്പാടി അമ്പലത്തിൽ നിന്നും തോന്നിയ്ക്ക അമ്പലത്തിലേക്ക് കോലം എഴുന്നുള്ളിച്ചു കൊണ്ടു വരുന്ന സമയത്ത് ഇടത്താവളമായി കോലഞ്ചേരിയിൽ കോലം ഇറക്കിവയ്ക്കുമായിരുന്നു എന്നും ആയതിനാൽ കോലം ചാരി എന്ന് സ്ഥലനാമം ഉണ്ടാവുകയും അത് പരിഷ്ക്കരിച്ച് കോലഞ്ചേരി എന്ന് ആയി എന്നും ആണ് ഐതിഹ്യം. നല്ല കൊല്ലപ്പണിക്കാരായ ആളുകൾ ചേരിയായി താമസിച്ചിരുന്ന പ്രദേശമായതിനാൽ കൊലൻചേരി എന്നും അത് പരിഷ്കരിച്ച് കോലഞ്ചേരി ആയി എന്നും പറയുന്നുണ്ട്. പുരാതിനമായ കോലഞ്ചേരി സെൻറ് പീറ്റേഴ്സ് ആൻറ് സെൻറ് പോൾസ് പള്ളിയാണ് ഈ പ്രദേശത്തിന്റെ ഉയർച്ചയ്ക്ക് നിദാനം എന്ന് എല്ലാവരും പറയുന്നു. ഈ പള്ളി വക സ്വത്തുക്കൾ ഉപയോഗിച്ച് ധാരാളം വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും സ്ഥാപിച്ചിട്ടുണ്ട്. കോലഞ്ചേരി ഹൈസ്ക്കൂൾ, ട്രൈനിംഗ് സ്ക്കൂൾ, സെൻറ് പീറ്റേഴ്സ് കോളേജ്, മെഡിക്കൽ മിഷൻ ആശുപതി എന്നിവ എടുത്ത് പറയേണ്ടവയാണ്.

രാമമംഗലത്തേയ്ക്കുള്ള ദൂരം അറിയിച്ചുകൊണ്ട് നില്ക്കുന്ന ചൂണ്ടുപലക ഒന്നാം വാർഡിന് ചൂണ്ടി എന്ന് പേരുണ്ടാകാൻ ഇടയാക്കി എന്ന് പറയുന്നു.

പെരുമ്പാവൂരിൽ നിന്നും മൂവാറ്റുപുഴയിൽ നിന്നും തൃപ്പൂണിത്തുറയിൽ നിന്നും പത്ത് മൈൽ ദൂരം ഒരുമിച്ച് സംഗമിക്കുന്ന രണ്ടാം വാർഡ് വടയമ്പാടിക്ക് പത്താം മൈൽ എന്നൊരു പേരുകൂടി നേടി എടുത്തു. കൊങ്ങിണിക്കാടുകൾ നിറഞ്ഞ ഭാഗം വെട്ടിത്തെളിച്ച് കൃഷിയിടമാക്കി തീർത്തതിനാൽ കിങ്ങിണിമറ്റം എന്ന് മൂന്നാം വാർഡിനും പേരുണ്ടായി എന്നൊക്കെ പറഞ്ഞ് കേൾക്കുന്നു.

കേരളത്തിലെ പ്രമുഖ കോൺട്രാക്ടർമാരിൽ ചിലരും വിദേശത്ത് ജോലിയുള്ള ചെറുപ്പക്കാരും ഈ പ്രദേശത്തിന്റെ വളർച്ചയിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. എങ്കിലും പരാധീനതകളും പോരായ്മകളും ധാരാളം ബാക്കി നില്ക്കുന്നു.

ഭൂപ്രകൃതി

ഈ പഞ്ചായത്തിലെ 1 മുതൽ 9 വരെ വാർഡുകൾ മലമ്പ്രദേശം, സമതലം, വെള്ളക്കെട്ട്, കൃഷിസ്ഥലങ്ങൾ എന്നിവ ഒത്തു ചേർന്നു കിടക്കുന്ന ഒന്നാണ്. ചരൽ കലർന്ന പശിമരാശി മണ്ണാണ് ഭൂരിഭാഗം പ്രദേശത്തും കാണപ്പെടുന്നത്. 8, 2, 3, 7 എന്നീ വാർഡുകളിൽ ലാട്രേറ്റ് ചേർന്ന മണ്ണാണ്. അതുകൊണ്ടുതന്നെ ഈ പ്രദേശങ്ങളിൽ ചെങ്കല്ലു വെട്ടിയെടുക്കുന്നു. 2, 4, 5, 8 എന്നീ വാർഡുകളിൽ പാറക്കെട്ടുകൾ ഉണ്ട്. 3, 5 എന്നീ വാർഡുകളിൽ ചരിവുപ്രദേശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. 9, 4, 6 എന്നീ വാർഡുകളിൽ സമതലങ്ങളും വരുന്നുണ്ട് ഈ പഞ്ചായത്തിലൂടെ കുമ്മനാട്ട്, തമ്മാനി മറ്റം, കറുകപ്പിള്ളി എന്നീ ലിഫ്റ്റ് ഇറിഗേഷൻ സ്ക്രിമുകൾ പ്രകാരമുള്ള ജലസേചന സൗകര്യം ലഭ്യമാണ് കൂടാതെ പെരിയാർ മെയിൻ കനാലും ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു.

ജനപ്രകൃതി

1991 ലെ സെൻസ്സിനെ അവലംബിച്ചു പുത്തൃക്കാ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ – 18330

പുരുഷന്മാർ – 9285

സ്ത്രീകൾ – 9045

1991 സെൻസ് പ്രകാരം സാക്ഷരതനിരക്ക് 80%

4899 പുരുഷന്മാർക്കും, 1363 സ്ത്രീകൾക്കും മുഖ്യ തൊഴിലുണ്ട്. 133 പുരുഷന്മാരും, 153 സ്ത്രീകളും ഭാഗീക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ബാക്കിയുള്ളവർ തൊഴിലില്ലാത്തവരാണ്.

പട്ടിക 2

തൊഴിലെടുക്കുന്നവരുടെ എണ്ണം

ഇനം	സ്ത്രീകൾ	പുരുഷന്മാർ	മൊത്തം
മുഖ്യ തൊഴിലുകൾ	1363	4899	6262
ഭാഗിക തൊഴിലുകൾ	153	133	286
മൊത്തം	1516	5032	6548

കൃഷി

ആയിരത്തിതൊള്ളായിരത്തി ഇരുപതുകൾക്ക് മുമ്പ് ഈ പ്രദേശം കുറ്റിക്കാടും, മലഞ്ചെരിവും തരിശുഭൂമികളുമായിരുന്നു. മനുഷ്യാദ്ധ്വാനം മാത്രം കൈമുതലുണ്ടായിരുന്ന അന്നത്തെ അദ്ധ്വാനശീലർ പട്ടിണിയിലും പരിവട്ടത്തിലും കാട്ടുകിഴങ്ങുകൾ കുത്തിപറിച്ച് പച്ചയായും ചുട്ടുതിന്നും കാടും മലകളും വെട്ടിതെളിച്ച് അല്പാല്പം കരകൃഷികളായ കപ്പ, ചേന, ഊരാളിചേമ്പ്, ചേമ്പ്, ചെറുകിഴങ്ങ്, കാച്ചിൽ തുടങ്ങിയ കൃഷികൾ ചെയ്തു. അക്കാലങ്ങളിൽ നെൽകൃഷി ഇറക്കുക എന്നത് ഒരു ഭഗീരഥപ്രയത്നം ആണെങ്കിൽ കൂടിയും മഴയെ ആശ്രയിച്ച് രാപകൽ ഭേദമന്യ വെട്ടികിളച്ചും കന്നു പുട്ടിയും സ്വപ്രയത്നത്താൽ അല്പല്പം നെൽകൃഷിയും ചാമവരക്, ചോനാട്ട് പുല്ല് ആദിയായ ധാന്യങ്ങളും കൃഷി ഇറക്കാൻ തുടങ്ങി. അന്നത്തെ ജലസേചന സൗകര്യം മാനത്തെ മഴയും. അവിടവിടങ്ങളിൽ നിന്നു കിട്ടികൊണ്ടിരുന്ന നീരുറവകളിൽ നിന്നും, കയറ്റുകുട്ട, തിലാവ്, ചക്രം തുടങ്ങിയ പ്രാചീന സമ്പ്രദായങ്ങൾ ഉപയോഗിച്ച് ഒരു തേക്കും, ഇരട്ടതേക്കും മൂന്നാമത് മറ്റൊരു തേക്കും വരെ നടത്തി വെള്ളം ലിഫ്റ്റ് ചെയ്ത് ഈ കൃഷികൾ നടത്തിവന്നു. കാലം പിന്നിട്ടപ്പോൾ സാമൂഹികവും സാമ്പത്തികവുമായി സമൂഹത്തിൽ മുൻനിരയിൽ നിന്ന പലരും നെല്ല് ഒരു പ്രധാന ആഹാരവസ്തു ആയതിനാൽ കാടും മേടും നിരപ്പാക്കി പെട്ടി പറ, കാളത്തേക്ക് എന്നീ ജലസേചനോപാധികൾ കൈകൊണ്ട് നെൽകൃഷിവികസിപ്പിച്ചു. ആകാലഘട്ടങ്ങളിൽ ആര്യൻ, ഞവര, രാജമേനി, അതിക്കിരാഴി തുടങ്ങിയ തീരെ വിളവ് കുറഞ്ഞ ഇനങ്ങൾ കൃഷി ചെയ്തിരുന്നു. ആണ്ടുകൾ പിന്നിട്ടപ്പോൾ ഡീസൽ, മണ്ണെണ്ണ, പെട്രോൾ തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ചും നാമമാത്രമായി ചില സ്ഥലങ്ങളിൽ വൈദ്യുതി ഉപയോഗിച്ചും പമ്പു സെറ്റ് സ്ഥാപിച്ചു. ജലസേചനം നടത്താൻ തുടങ്ങിയതോടെ തെക്കൻ ചെമ്പാവ്, ചാര, ഇട്ടിക്കണ്ടപ്പൻ, വെള്ള മുണ്ടി തുടങ്ങിയ വിത്തിനങ്ങൾ നാമമാത്രമായി ഈ കാലഘട്ടത്തിൽ പ്രചരിച്ചു. വീടുകളുടെ അടുക്കളപ്പുറത്ത് ഒന്നോ രണ്ടോ തെങ്ങുകൾ കൃഷിചെയ്യാൻ തുടങ്ങി. ഇതോടൊപ്പം നാടൻ ഇനങ്ങളായ വാഴകൾ പച്ചക്കറികൾ, കുരുമുളക്, കമുക്, ജാതി, മഞ്ഞൾ, എള്ള്, പയർ ആദിയായ കൃഷികളും അല്പല്പം വ്യാപകമായി. സാങ്കേതിക വിദ്യ പ്രചരിച്ചതോടെ കൃഷിഭൂമിയുടെ മുഖചരായ മാറി. കൃഷിക്കാർക്ക് കൃഷി കാര്യങ്ങളിൽ കൂടുതൽ ഉത്സാഹവും ഔത്സുക്യവും ഉണ്ടാകുകയും പുതിയ പുതിയ കൃഷികളുടെ മേച്ചിൽ പുറങ്ങൾ തേടുകയും ചെയ്തു. 1960 കളിൽ വൈദ്യുതി നാട്ടിൻ പുറങ്ങളിലേക്ക് എത്താൻ തുടങ്ങിയതോടുകൂടി വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന പമ്പുസെറ്റുകൾ വ്യാപിക്കാനും തുടർന്ന് ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാവുകയും ചെയ്തു. 1970 കളിൽ ഏലാഫീസുകൾ വഴി കൃഷി വകുപ്പിന്റെ പ്രവർത്തനം തുടങ്ങിയതോടുകൂടി നെല്ല്, തെങ്ങ്, കമുക്, വാഴ, ജാതി തുടങ്ങിയ എല്ലാവിധ കൃഷികളിലും ഉല്പാദനം വർദ്ധിച്ചു. ഈ കാലഘട്ടത്തിൽ വളരെ വിരളമായി റബ്ബർ കൃഷിയും സ്ഥാനം പിടിച്ചു. ചെറിയാർ വാലി ഇറിഗേഷൻ പദ്ധതി നടപ്പിലായതോടെ പണ്ട് വരണ്ടു കിടന്നിരുന്ന ജലസ്രോതസ്സുകളിൽ കൂടുതൽ ജലം ലഭ്യമാകുകയും ചെയ്തു. പിന്നീട് അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ എല്ലാ കൃഷിയിലും പ്രചരിച്ചു തുടങ്ങുകയും ചെയ്തു. ചവറ്, ചാരം, ചാണകം തുടങ്ങിയ ജൈവവളങ്ങൾ മാത്രം ഉപയോഗിച്ചിരുന്നതിന് മാറ്റം എന്ന നിലയിൽ വ്യാപകമായി രാസവളങ്ങളമം ഉപയോഗിച്ചു തുടങ്ങി. ഇതോടെ പ്രാചീന ധാന്യ ഇനങ്ങളായ ചാമ, വരക്, ചോനാട്ട് പുല്ല് എന്നിവ അപ്രത്യക്ഷമാവുകയും ചെയ്തു.

1980 കാലഘട്ടം വരെ നെൽകൃഷിയിൽ ഗണ്യമായ വികസനം നടന്നു. ഒരു പൂ രണ്ടു പൂ ആക്കാനും രണ്ടു പൂ മൂന്നു പൂ ആക്കാനും സാധിച്ചു. അതുപോലെ തന്നെ മറ്റുള്ള കൃഷികളിലും സാരമായ വികസനം ഉണ്ടായി. ഈ കാലഘട്ടത്തിൽ ടില്ലർ, ടാക്ടർ തുടങ്ങിയ യന്ത്രവൽകൃത ഉപകരണങ്ങൾ കൃഷിപ്പണികൾ അനായാസമാക്കി തീർക്കുകയും വ്യാപകമായ തോതിൽ നടപ്പിലാക്കുകയും ചെയ്തു. 1970 കൾപ്പുറം ടില്ലറുകൾ ഉപയോഗിക്കുന്നത് നിരോധിച്ചിരുന്ന കർഷകർ എൺപതുകളിൽ അതിനെ വളരെയധികം സ്വാഗതം ചെയ്തു എന്ന് എടുത്തു പറയേണ്ടതാണ്.

1986-87 വർഷങ്ങളിൽ പെരിയാർ വാലി ഹൈലെവൽ കനാൽ പദ്ധതി പൂർത്തിയായതോടുകൂടി ജലസേചനരംഗത്ത് ഒരു മുന്നേറ്റം തന്നെ ഉണ്ടാകുകയും വിവിധവിളകളുടെ ഉല്പാദനം ഏതാണ്ട് ഇരട്ടിക്കുകയും ചെയ്തു. 1990

ആയപ്പോഴേക്കും നെൽകൃഷിയിൽ പല കർഷക രിലും താൽപര്യം കുറഞ്ഞു എന്നതും ഒരു സത്യമാണ്. ഇതിനു പ്രധാനകാരണം സമയാ സമയങ്ങളിൽ കൃഷി ഇറക്കുന്നതിനും വിളവെടു ക്കുന്നതിനും കർഷക തൊഴിലാളികളുടെ ലഭ്യത കുറവാണ്. വ്യവസായ രംഗത്തും മൃഗസംരക്ഷണ പാലുല്പാദന രംഗങ്ങളിലും അതോടനുബന്ധിച്ച ജീവിതചര്യകളിലും കർഷകർ കൂടുതൽ താൽപര്യം കാണിച്ചു എന്നതും നെൽകൃഷിയോടുള്ള വിമുഖതയ്ക്ക് കാരണമാണ്. കാർഷികേതര തൊഴിൽ അവസരങ്ങൾ ധാരാളമായി ഉണ്ടായി എന്നതും മറ്റൊരു കാരണമാണ്. അരനൂറ്റാണ്ടു കൾക്കപ്പുറം മാനമ്യാൽ ആയും മറ്റും നെൽകൃഷി ചെയ്തിരുന്നു. സ്ഥലങ്ങൾ മുഴുവൻ തന്നെ റബ്ബർ, തെങ്ങ്, കമുക്, ആദിആയ നാണ്യവിളകളായി മാറി. ഇതോടെ നെൽകൃഷി വിസ്തൃതിയും കുറഞ്ഞു. എന്നാൽ നെൽകൃഷിയുടെ ഉല്പാദന ക്ഷമത മൂന്നിരട്ടിയും നാലിരട്ടിയും ആയി വർദ്ധിച്ചു. റബ്ബർ ബോർഡിന്റെ പുതിയ പദ്ധതികൾ നടപ്പിലായ തോടെ കർഷകർ റബ്ബർകൃഷിക്ക് മുൻഗണന കൊടുക്കുകയും ഇപ്പോൾ ഈ പ്രദേശത്തെ വിസ്തൃ തിയിൽ മുഖ്യകൃഷി ആയി റബ്ബർ മാറുകയും ചെയ്തു. പണ്ട് ഈടുകളിലും മാടുകളിലും മാത്രം കണ്ടിരുന്ന പൈനാപ്പിൾ, തേക്ക് എന്നിവ ഇപ്പോൾ വ്യാപകമായി പ്രചരിച്ചുവരുന്നു. ഇതോടെ നെൽകൃഷിയുടെ വ്യാപ്തിയും ചുരുങ്ങിവരുന്നു. താൽപര്യമില്ലായ്മ എന്ന ഒരു മാനസികാവസ്ഥ കൃഷിക്കാരിൽ ഇന്നു നാം കാണുന്നു. ഇതിന് ഒരു പരിഹാരം കണ്ടേ മതിയാകൂ. നെൽകൃഷി ഒരു മുഖ്യകൃഷിയായി രൂപാന്തരപ്പെടുത്തി എടുക്കുന്നതിന് കൃഷിക്കാര നിൽ താൽപര്യവും ഒരു പുത്തൻ ഉണർവും ജനിപ്പിക്കുന്നതിന് സാങ്കേതികവുമായ സാമ്പത്തിക തയും കെല്പുകൊടുക്കേണ്ടത് മനുഷ്യരാശിയുടെ അവശ്യം ആവശ്യമാണ്

ഇന്നത്തെ വിളചേരുവ

ഈ പഞ്ചായത്തില മുഖ്യകൃഷി റബ്ബറാണ്. ഏകദേശം 700 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി ചെയ്തു വരുന്നു. ഭൂരിഭാഗവും അത്യുൽ പാദനശേഷിയുള്ള റബ്ബർ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. ഉല്പാദനം സംസ്ഥാന ശരാശരിയേ ക്കാൾ കൂടുതലാണ്. ഒരു ഹെക്ടറിന് ശരാശരി ഉല്പാദനം 1600 Kg ആണ്. റബ്ബറിന്റെ വിലയിലുണ്ടാകുന്ന ഏറ്റകുറച്ചിൽ കർഷകരെ സാരമായി ബാധിക്കുന്നു. ഗ്രേഡ് ഷീറ്റിന്റെ വില കർഷകന് ലഭ്യമാകാറില്ല. കാരണം ഗ്രേഡ്ഷീറ്റ് ഉല്പാദിപ്പിക്കാനുള്ള സാങ്കേതികപരിജ്ഞാനം കുറവാണ്.

നെല്ല്- റബ്ബർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സ്ഥലത്ത് നെൽകൃഷി ചെയ്തു വരുന്നു. ഏകദേശം 650 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു വരുന്നു. ശരാശരി വിളവ് ഹെക്ടറിന് 2500 കിലോ ആണ്. ഏറ്റവും കൂടുതൽ പ്രശ്നങ്ങളെ അഭിമുഖീ കരിക്കുന്ന ഒരു വിള ആണ് നെൽകൃഷി. പ്രധാന പ്രശ്നം കർഷക തൊഴിലാളികളുടെ ലഭ്യതകുറവ് തന്നെ. പെരിയാർ വാലികനാൽ പദ്ധതി വന്നതോടു കൂടി പല പാടശേഖരങ്ങളിലും ജലസേചന സൗകര്യം ലഭ്യമാകുകയും ഇരുപ്പുനിലങ്ങൾ മൂന്നുപൂ കൃഷി ആകുകുയും ചെയ്തുവെങ്കിലും ചിലപ്രദേശ ങ്ങളിൽ വെള്ളക്കെട്ടു കൂടുതലായതിനാൽ നെൽകൃഷി അസാദ്ധ്യമാകുകയും ഉല്പാദനം കുറയുകയും ചെലവ് കൂടുകയും ചെയ്തു. ആയതിന് പരിഹാരമായി പെരിയാർ വാലികനാലിൽ കോൺക്രീറ്റ് ലൈനിങ്ങ് ആവശ്യമാണ്. ഇതുമൂലം വെള്ളക്കെട്ട് ഒഴിവാക്കുന്നതോടൊപ്പം കൂടുതൽ സ്ഥലത്ത് ജലസേചനങ്ങളും ലഭിക്കുന്നതുമാണ്. പാരമ്പര്യ ജലസ്രോതസ്സുകളായ പലകുളങ്ങളും ചിറകളും കാലാകാലങ്ങളിലുള്ള അറ്റകുറ്റ പണികൾ നടത്താത്തതുമൂലം ഉപയോഗശൂന്യമാണ്. ആയ തിൽ മേൽപ്പറഞ്ഞ ജലസ്രോതസ്സുകൾ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി ഉപയോഗ്യമാക്കേ ണ്ടതാണ്. ജലസേചന സൗകര്യമില്ലാത്ത ഭാഗ ങ്ങളിൽ പെരിയാർ വാലികനാൽ നിന്ന് സബ്കനാൽ വെട്ടിയോ, ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം കാര്യക്ഷമമായി നടപ്പാക്കുന്നതിന് നിലവിലുള്ള തോടുകൾ വീതികൂട്ടി ആഴം വർദ്ധിപ്പിച്ച് പാർശ്വ ഭിത്തികൾ കരിങ്കല്ലുപയോഗിച്ച് കെട്ടേണ്ടതാണ്. കൂടാതെ ആവശ്യമായി വരുന്ന പുതിയ ക്രോസ് ബാറുകളും. സ്ലൂയിസ്സുകളും നിർമ്മിക്കുകയും നിലവിലുള്ളവ അറ്റകുറ്റപണികൾ നടത്തി. ജലസേചനസൗകര്യം വർദ്ധിപ്പിച്ച് ഉല്പാദനം കൂട്ടാവുന്നതാണ്. ജൈവവളങ്ങളുടെ വിലവർദ്ധ നവും ലഭ്യതകുറവും മൂലം ഉപയോഗം വളരെ കുറവാണ്. ഇവയുടെ കാര്യക്ഷമമായ ഉപഭോഗ ത്തിന് വേണ്ട പ്രോത്സാഹനനടപടികൾ സ്വീകരി ക്കേണ്ടതാണ്. പൊതുവേ അമ്ലസ്വഭാവമുള്ള മണ്ണായ

തിനാൽ ഉല്പാദനം കൂടുന്നതിന് കുമ്മായ വസ്തുക്കളുടെ ഉപയോഗം മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്. രാസ വളങ്ങളുടെ വില അധികമായതിനാൽ കാര്യ ക്ഷമമായ ഉപയോഗം നടക്കുന്നില്ല. കർഷക തൊഴിലാളികളുടെ ലഭ്യത കുറവും ഉയർന്ന കൂലിനിരക്കും മൂലം ഉല്പാദന ചിലവ് വർദ്ധിപ്പിക്കുകയും ഭൂമി തരിശിടാനുള്ള പ്രവണത കൂടുന്നു. കൂടാതെ നെൽകൃഷി ഭൂമി, നാണ്യവിള, ഇഷ്ടികളും എന്നിവയിലേക്ക് തിരിയുന്നു. ഈ പ്രവണത അവസാനിപ്പിക്കുന്നതിനു വേണ്ട ബോധവത്കരണം ഉൾപ്പെടെയുള്ള മറ്റുനടപടികൾ സ്വീകരിക്കേണ്ടതാണ്. കാർഷികപ്രവർത്തികളിൽ കാർഷികയന്ത്രവൽകരണം ത്വരിതപ്പെടുത്തേണ്ടതാണ്. നെൽപ്പാടങ്ങളിൽ ട്രാക്ടറും ട്രില്ലറും എത്തിച്ചേരുന്നതിന് ആവശ്യമായ റാമ്പുകളും പാലങ്ങളും നിർമ്മിക്കേണ്ടതാണ്.

പുത്തൂക്ക പഞ്ചായത്തിൽ ഏകദേശം 480 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്തുവരുന്നു. സംസ്ഥാന ശരാശരി ഹെക്ടറിന് 5890 തേങ്ങ എന്ന നിലയിൽ നില്ക്കുമ്പോൾ പുത്തൂക്കയിലേത് 5425 എന്ന തോതിൽ ആണ്. ഏതാണ്ട് 23,000 തെങ്ങോളം ഇവിടെ രോഗബാധിതമായി കണ്ടെത്തിയിട്ടുണ്ട്. മാരകമായി രോഗബാധയുള്ള തെങ്ങ് വെട്ടിമാറ്റി രോഗപ്രതിരോധശേഷി ഉള്ളവനട്ട് ശാസ്ത്രീയ കാർഷിക മുറകൾ നടത്തിയാൽ തേങ്ങാ ഉല്പാദനം കൂട്ടുവാൻ സാധിക്കും.

തെങ്ങ് കയറ്റതൊഴിലാളികളുടെ അഭാവം, തെങ്ങിൽ മരുന്നു തളിക്കുന്നതിനും കീടനിയന്ത്രണം നടത്തുന്നതിനും വൈദഗ്ധ്യം ഉള്ള തൊഴിലാളികളുടെ അഭാവം രാസവളങ്ങൾക്കും കീടനാശിനികൾക്കും ഉള്ള വിലകയറ്റം മുതലായവ തെങ്ങ് കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പൈനാപ്പിൾ, കമുക്, കുരുമുളക്, വാഴ, ജാതി, മരച്ചീനി, പച്ചകറി, ഇഞ്ചി, മഞ്ഞൾ എന്നിവയും ഇവിടെ കൃഷി ചെയ്തു വരുന്നു.

പുത്തൂക്കഗ്രാമ പഞ്ചായത്ത്

3 -8 കാർഷീകോപകരണങ്ങൾ

ഉഴവുപകരണങ്ങൾ				മരുന്നു തളിഉപകരണങ്ങൾ					
വാർഡ് നമ്പർ	ട്രാക്ടർ	ടില്ലർ	നാടൻ	റോക് കലപ്പ	നപ്പ് സ്റ്റാക്ക് സ്പെയർ	മറ്റുള്ളവ സ്പെയർ	മെതിയന്ത്രം	തെങ്ങു കയറ്റയന്ത്രം	ഷോർട്ടബിൾ പമ്പ് സെറ്റ്
1	2	3	4	5	6	7	8	9	10
I	1	1	—	8	12	—	—	—	1
II	1	—	—	12	15	—	—	—	—
III	—	—	2	10	15	—	—	—	—
IV	—	—	4	7	8	—	—	—	2
V	—	1	12	4	9	—	—	—	—
VI	3	1	10	4	10	—	—	—	1
VII	—	—	10	7	9	—	—	—	—
VIII	—	3	6	9	11	—	—	—	—
IX	—	—	4	7	12	Power Sprayer 1	—	—	2
Total	5	6	48	68	101	1	—	—	6

ജലസേചന സൗകര്യങ്ങൾ

പഞ്ചായത്തിലെ പ്രധാന ജലസേചനമാർഗ്ഗം പെരിയാർ വാലി കനാൽ ആണ്. കൂടാതെ കൂടുമ്പനാട്, ഐക്കരനാട്, കറുകപ്പിള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മൂലവും കറുകപ്പിള്ളി, പാലയ്ക്കാമറ്റം തമ്മാനിമറ്റം എന്നീ വാർഡുകളിൽ ജലസേചനം നടത്തിവരുന്നു. കൂടാതെ പാരമ്പര്യ ജലസ്രോതസ്സുകളായ കുളം, ചിറ എന്നിവയിൽ നിന്ന് പമ്പ് സെറ്റ് ഉപയോഗിച്ച് ജലസേചനം നടത്തുന്നു. 537 മോട്ടോർ പമ്പ്സെറ്റുകൾ ഉപയോഗിച്ച് വ്യക്തികൾ പറമ്പുകളിൽ ജലസേചനം നടത്തി വരുന്നു. ഇത് ആകെ ജലസേചനം നടത്തുന്നതിന്റെ 10% വരും.

വിപണന സൗകര്യം

ഉല്പന്നങ്ങൾ വില്ക്കുന്നതിന് ഈ പഞ്ചായത്തിൽ പൊതു വിപണി ഇല്ല. കൃഷിക്കാർ ഇപ്പോൾ ചെറുകിട വ്യാപാരികളെ ആണ് ആശ്രയിക്കുന്നത്. തന്മൂലം കൃഷിക്കാർക്ക് ലഭിക്കേണ്ട വിലയിൽ 20% കുറവ് വരുന്നു.

കൃഷിയിടങ്ങൾ തുണ്ടതുണ്ടമാക്കപ്പെട്ടതു കൊണ്ട് ശാസ്ത്രീയ കാർഷിക മുറകൾ നടപ്പിലാക്കുന്നത് ചിലവ് ഏറിയതാണ്. ഭൂരിഭാഗവും കൃഷിക്കാരും ചെറുകിട നാമമാത്ര കർഷകരാണ്.

കാർഷികമേഖലയിലെ തൊഴിലാളികളുടെ അപര്യാപ്ത വലിയ പ്രശ്നം തന്നെയാണ്. കാർഷികമേഖലയിലെ തൊഴിലാളികൾ ഭൂരിഭാഗവും മറ്റു മേഖലകളിലേക്ക് കുടിയേറിയതു കൊണ്ടും പുതിയ പുതിയ തൊഴിലാളികൾ ഈ രംഗങ്ങളിലേക്ക് വരാത്തതു കൊണ്ടും കാർഷിക ഖേല ഒരു പ്രതിസന്ധിയിലാണ്.

കൂടാതെ വർദ്ധിച്ചു വരുന്ന കൂലിനിരക്കും ഈ പ്രശ്നം കൂടുതൽ സങ്കീരണ്ണമാകുന്നു. ഇന്ന് പുരുഷതൊഴിലാളിക്ക് 100 രൂപയും സ്ത്രീ തൊഴിലാളിയ്ക്ക് 75 രൂപയും ആണ് നിലവിലുള്ള ശരാശരി കൂലി.

രാസവള ഉപയോഗം

ഈ പഞ്ചായത്തിൽ രാസവളം വിതരണം ചെയ്യുന്നതിന് സഹകരണ മേഖലയിൽ ഒരു ഡിപ്പോയും സ്വകാര്യമേഖലയിൽ അഞ്ചു ഡിപ്പോയും ആണുള്ളത്. എന്നാൽ ചിലമേഖലകളിൽ രാസവള ഡിപ്പോ ഇല്ലാത്തതിനാൽ കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. നിലവിലുള്ള ഡിപ്പോകൾ വഴി 547 ടൺ രാസവളങ്ങൾ വിതരണം ചെയ്യുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. രാസവളം പ്രയോഗം വർദ്ധിച്ചതോടുകൂടി ജൈവവളപ്രയോഗം വളരെ കുറഞ്ഞുവരുന്നു. ജൈവവളങ്ങളുടെ ദൗർലഭ്യം വർദ്ധിച്ച വിലയും വർദ്ധിച്ചകൂലിയും ഉപയോഗം കുറയ്ക്കുവാൻ കാരണമാക്കി.

പൂത്യക്കഗ്രാമ പഞ്ചായത്ത്
3-3 രാസവള കീടനാശിനി വിപണനം

		1993 - 94			1994 - 95			1995 - 96		
ക്രമ	സ്ഥാപനത്തിന്റെ	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
നമ്പർ	പേര്	കി.ഗ്രം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
	സഹകരണം	264 M.T	250 Litter	2 M.T	262 M.T	270 Litter	2.12 M.T	266 M.T	280 Litter	2.3 M.T
	സ്വകാര്യം	278 M.T	400 Litter	2.85 M.T	264 M.T	416 Litter	3.4 M.T	281 M.T	420 Litter	4.11 M.T

പൂത്തൃക്കഗ്രാമ പഞ്ചായത്ത്

3.2 വിള വിസ്തീർണ്ണവും ഉൽപാദനവും (Ref. അടിസ്ഥാനവിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്തം ഉൽപാദനം	ഉൽപാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	400 Ha	1120 M.T	2800 Kg/Ha
നെല്ല് (രണ്ടാം വിള)	650 Ha	1495 M.T	2300 Kg/Ha
നെല്ല് (മൂന്നാം വിള)	637 Ha	1528.8 M.T	2400 Kg/Ha
പയർ	—	—	—
എണ്ണ	2 Ha	1 M.T	0.5 M.T
പച്ചക്കറികൾ	20 Ha	220 M.T	10 M.T. (Average of all vegetable)
തെങ്ങ്	480 Ha	2604000 Nos.	5425 Neels/Ha
വാഴ	170 Ha	2550 M.T	15 M.T/Ha
മരച്ചീനി	80 Ha	1200 M.T	15 M.T/Ha
മാവ്	2 Ha	3.2 M.T	1.6 M.T/Ha
മാവ്	1.5 Ha	7.5 M.T	5 M.T/Ha
റബ്ബർ	700 Ha	1120 M.T	1.6 M.T/Ha
കവുങ്ങ്	80 Ha	520 M.T	6.5 M.T/Ha
കുരുമുളക്	120 Ha	120 M.T	1 M.T/Ha
പൈനാപ്പിൾ	30 Ha	900 M.T	30 M.T/Ha

പൂത്തൃക്ക ഗ്രാമപഞ്ചായത്ത്

3.4 ജലസേചന സംവിധാനങ്ങൾ

വാർഡ് നമ്പർ	പൊതു ജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ്ബാർ	ആയക്കെട്ട് (ഹെക്ടർ)
1	2	3	4	5	6
1	—	3	8	5	—
2	—	ഇല്ല	11	—	—
3	—	2	10	—	—
4	—	2	6	—	—
5	—	ഇല്ല	7	—	—
6	—	ഇല്ല	8	—	—
7	—	2	18	—	—
8	—	1	6	—	—
9	—	—	6		
			80		

പൂത്തൃക്കഗ്രാമ പഞ്ചായത്ത്

3.5 നടിൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993 - 94	1994 - 95	1995 - 96
തെങ്ങ്	848 No	640 No	465 No
കശുമാവ്	—	—	—
കുരുമുക്	2400 No	12500 No	4100 No
കവുങ്ങ്	—	—	—
ഗ്രാമ്പു	—	50 No	100 No
ജാതി	—	75 No	—
മാവിൻ തൈ	141No	—	—
പ്ലാവ്	25 No	—	—
സപ്പോട്ട	210 No	—	—
ചെറി	21 No	—	—
കൊക്കോ	—	—	100 No

പൂത്തൃക്കഗ്രാമപഞ്ചായത്ത്

3 - 6 ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)					
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1	2	3	4	5	6	7 Rs. Ps
1993 - 94	14.95 Ha	—	12.08 Ha	—	—	—
1994 - 95	8 Ha	—	109.12 Ha	—	341 No	20371.00
1995 - 96	14.92 Ha	—	62.25 Ha	—	182 N0	57241.00

പൂത്തൃക്കഗ്രാമ പഞ്ചായത്ത്

3 -7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

	തെങ്ങ് എണ്ണം				രോഗം ബാധിച്ചതെങ്ങ്					
വാർഡ് നമ്പർ	തെങ്ങ് കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട്‌വിൽറ്റ്	ലീഫ് റോട്ട്	ബഡ്‌റൂട്ട്	സ്റ്റംബ്ലിഡിംഗ്	മറ്റുളളവ	ആകെ
1	2	3	4	5	6	7	8	9	10	
I	52 Ha	2100 No	7000 No	9100 No	2140 No	110 No	450 No	20 No	10 No	2730 No
II	50 Ha	1650 No	7100 No	8750 No	1750 No	250 No	330 No	20 No	12 No	2362 No
III	46 Ha	1840 No	6210 No	8050 No	1600 No	200 No	345 No	15 No	13 No	2173 No
IV	51 Ha	1712 No	7213 No	8925 No	2000 No	260 No	200 No	23 No	16 No	2499 No
V	54 Ha	2116 No	7334 No	9450 No	2400 No	200 No	275 No	25 No	29 No	2929 No
VI	56 Ha	2436 No	7364 No	9800 No	2320 No	265 No	215 No	30 No	12 No	2842 No
VII	57 Ha	3012 No	6963 No	9975 No	2150 No	350 No	250 No	30 No	13 No	2793 No
VIII	54 Ha	3217 No	6223 No	9450 No	2000 No	300 No	200 No	35 No	16 No	2551 No
IX	60 Ha	2472 No	8028 No	10500 No	2450 No	300 No	250 No	30 No	15 No	3045 No
Total	480 Ha	20555 No	63445 No	84000 No	18810 No	2235No	2515 No	228 No	136 No	23924 No

അനുബന്ധം - 6

പൂത്തൃക്ക ഗ്രാമ പഞ്ചായത്ത്

6 - 1 പണിപൂർത്തിയാക്കനോ നടന്നുകൊണ്ടിരിക്കുന്നതോ ആയജലസേചന പദ്ധതികളുടെ വിവരങ്ങൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ആരംഭിച്ച വിവരം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് (ഹെ) വിസ്തീർണ്ണം	മറ്റുവിവരങ്ങൾ
1	2	3	4	5	6	7
1	Re Constructingthe damage cross bar at Eramathu Thazham across daliya thadu in poothrikka Panchayath	Tendered	—	1,63,651/-	—	—
2	Urgent repairs to the excisting cross bar in Vanya thodu at Kuttanody at Poothrukka Panchayath	Started work 92-93	92-93	1,25,724/-	10 Hector	works completed
3	Improvements to Karukappilly L.I. Scheme (Jaladara) Main Canal	15-2-95	17-8-95	2,35,840/-	223.32 Hector	work Comapleted
4	Constructing cut & cover from parakattill road crossing in the main chanal of karukappilly	94-95	95-96	15,0000/-	223.32 Hector	work completed.

പൂത്തൃക്ക ഗ്രാമ പഞ്ചായത്ത്

6 - 2 നടപ്പാക്കാൽ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം (ഹെ)	എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക	ലക്ഷ്യം
1	2	3	4	5
1	Construction of cut & cover in Kanikappilly L.I Scheme Mian Canal at Parekattill Road Crossing at M.P.S. Karukappilly	223.32 Hector	1,74,885/-	Irrigation
2	Improvements to Karukappilly L.I Scheme Constructing leading chanel (Kunnelpady)	223.32 Hector	1,05,000/-	Irrigation
3	Improvements to Karukappilly L.I. Scheme Construction of leading chanel in C.D. Branch Canal	223.32 Hector	1,75,000/-	Irrigation
4	Urgent, repairs to kanikappilly L.I. Scheme - Main Canal IInd K.M Slipped portion	223.32 Hector	1,23,000/-	Irrigation
5	Imporvements to Kadamattom c-Branch Canal of Karukappilly L.I. Scheme	223.32 Hector	1,87,000/-	Irrigation
6	Improvements to karukappilly L.I. Scheme C.D. Branch canal	223.32 Hector	2,00,000/-	Irrigation
7	Improvements to the Canal of Kudumbanadu L.I. Scheme near the House of Parekathill Babu at Palakkamattom in P.P	70.98 Hector	52,000/-	irrigation
8	Urgent repair to the Canal of Kadumbanadu L.I. Scheme near the House of Palakkamattom Puthuvell Mathewkutty in Survey No:-944 in Poothikka Panchayathu	70.98 Hector	36,000/-	Irrigation
9	Improvements to Kudumbanadu L.I Scheme in Poothikka panchayath	70.98 Hector	3,95,000/-	Irrigation
10	Protection works to Methanadu Kulamthodu in Poothrikka Panchayath	—	1,70,000/-	Irrigation
11	Improvements to Thozhuthumugel Thezham Branch Canal of Kudumbanad L.I. Scheme at survey No:- 925/1113	70.98 Hector	36,000/-	Irrigaion
12	Improvements to Kudumanadu L.I. Scheme in Poothrikka Panchayath	70.98 Hector	3,80,000/-	Irrigation
13	Constructing at Tractor path to Koonjal padam in Poothrikka Panchanayath	—	54,000/-	for Agriculture purpose

അനുബന്ധം - 5

മണ്ണ് സംരക്ഷണം

ക്രമ നമ്പർ	പദ്ധതിയുടെ പേര്	പദ്ധതി പ്രദേശ വിസ്തീർണ്ണം	പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം	അടങ്കൽ തുക	മൊത്തം ഗുണഭോക്താക്കൾ	പദ്ധതി ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	സംരക്ഷിത ഭൂമിയുടെ വിസ്തീർണ്ണം	പ്രയോജനം ലഭിച്ച ഗുണ ഭോക്താക്ക ളുടെ എണ്ണം	ചെലവായ തുക	മറ്റു കാര്യങ്ങൾ
1	2	3	4	5	6	7	8	9	10	11	12
1	വടശ്ശേരി നഷണൽ വാടർഷെഡ്	13.50 KM	13.50 KM	Rs.27,20,000/-	2550 Nos	1992	നടന്നുകൊണ്ടിരിക്കുന്നു	600 H	2100 No	22,31,595/-	—
2	അടയപ്പാടം, I.H.D.P കോളനി	1.3305 H	Rs.1,36,546/-	18 Nos.	—	—	—	—	—		അവശ്യ ഘട്ടത്തിൽ കൂടി കൂടുതൽ ചെയ്യുന്നതാണ്

പുത്തൂക്കര ഗ്രാമ പഞ്ചായത്ത്

ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ Ref. 1

വില്ലേജ് ലിത്തോ മാപ്പ്

ക്രമ നമ്പർ	തോടിന്റെ പേര്	ആകെ നീളം മീറ്റർ	ശരാശരി വീതി മീറ്റർ	സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം	തൽവർഷം ചിലവഴിച്ച തുക
1	2	3	4	5	6
1.	നേരിയാലിത്തഴം - കിഴേത്തുതാഴം	21/2 K.M (2500 M)	4 മീറ്റർ	—	—
2.	കുറിഷത്തികുളങ്ങര -വെങ്ങിണിക്കാട്ട് താഴം	2 K.M (2000 M)	1.5മീർറർ	—	—
3.	പുഞ്ചേലിത്താഴം - വെങ്ങിണിക്കാട്ട് താഴം	3500 മീറ്റർ	1.5മീറ്റർ	—	—
4.	ആനക്കോട് - കൊട്ടരത്തിൽ താഴം	1500 മീറ്റർ	1 മീറ്റർ	—	—
5.	കറുകപ്പിള്ള പുഞ്ചാതോട്	1500 മീറ്റർ	1 മീറ്റർ	—	—
6.	പുവേലിത്താഴം -ചൊളവക്കോടു -കൊട്ടാരത്തിൽ താഴം	1500 മീറ്റർ	1മീറ്റർ	—	
7.	പാറമുറിതോട് കച്ചേരിതാഴം	2000 മീറ്റർ	1 മീറ്റർ	—	—
8.	കിങ്ങിണി മറ്റം - പുഞ്ചത്തോട്	6000 മീറ്റർ	4 മീറ്റർ	—	—
9.	മനയ്ക്കത്താഴം -തെങ്ങുംപിള്ളി താഴം	2000 മീറ്റർ	1മീറ്റർ	—	—
10.	മണ്ടകുഴിതാഴം -നെല്ലികാട്ടിതാഴം പുഞ്ചതോട്	2000 മീറ്റർ	$1^1/_2$മീറ്റർ	—	
11.	ചേലായിതാഴം, പുല്ലുവേലികാത്ത് താഴം, താനത്തുകുന്നേൽ താഴം, ചേലോടത്തിൽ താഴം				
12.	പറകാട്ടിതാഴം പുഞ്ചതോട് വടാത്തുതാഴം	3000 മീറ്റർ	2മീറ്റർ		
13.	വലിയകുളം, ശാസ്താബാട്ട് കുളം, മാല്ലക്കർ താഴം പൊല്ല വഞ്ച	1000 മീറ്റർ	1 മീറ്റർ		
14.	ചോരകാട്ട് താഴം, തൊങ്ങമ്പിളിതാഴം	1500 മീറ്റർ	1 മീറ്റർ		
15.	ചേറ്റികുഴിതാഴം, മുണ്ടതാനങ്ങ് താഴം				
16.	ചേഗയികുളം, പുഴതാഴം പൊല്ല	1000 മീറ്റർ	1 മീറ്റർ		
17.	പനങ്കടതോട് പുഞ്ച മുതൽ മൂവാറ്റുപുഴ വരെ	2000 മീറ്റർ	11/2 മീറ്റർ		
18.	തൊഴുത്തുങ്ങൽ താഴം പുഞ്ചതോട്	1500 മീറ്റർ	1 മീറ്റർ		
19.	കുമ്പളേം പുഞ്ചതോട് പാറാലി	1500 മീറ്റർ	1 മീറ്റർ		
20.	പുതുവേഗതോട്	750 മീറ്റർ	50 മീറ്റർ		
21.	ചിങ്ങകുഴി തോട് ആകെ	500 മീറ്റർ	1വീതി		

പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷികരംഗത്തെ പ്രധന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്

1. നെൽ പാടങ്ങളിലെ വെള്ളകെട്ട്.
2. നെൽകൃഷിപ്രായേണ നഷ്ടമാണ്.
3. കാർഷികതൊഴിലാളികളുടെ ദൗർല്ലഭ്യം.
4. കനാലുകളിൽ വേണ്ട സമയത്ത് അറ്റകുറ്റ പണികൾ നടത്തുന്നില്ല.
5. പാടശേഖരങ്ങളിൽ ടില്ലറും ട്രാക്ടറുകളും ഇറക്കുന്നതിനുള്ള റാമ്പുകൾ ഇല്ല.
6. ഇടക്കയ്യാലകളുടെ അഭാവം നിമിത്തം കരപ്രദേശങ്ങളിലെ മേൽമണ്ണ് ഒലിച്ചു പോകുന്നു.
7. നെൽകൃഷിസ്ഥങ്ങൾ ഇഷ്ടികകളങ്ങളും മറ്റു വിളകളുമായി മാറുന്നു.
8. നെൽകൃഷി ഭൂമി മറ്റാവശ്യങ്ങൾക്കായി നികത്തുന്നത് പാടങ്ങളിൽ വെള്ളക്കെട്ടുണ്ടാക്കുന്നു.
9. തെങ്ങുകൾക്ക് കാറ്റുവീഴ്ചരോഗം
10. ജൈവവളങ്ങളുടെ ദൗർലഭ്യമും വിലകൂടുതലും.
11. കാർഷികവിളകൾക്ക് എലിശല്ല്യം കൂടുതലാണ്.
12. മണ്ണുപരിശോധന സൗകര്യങ്ങൾ ഇല്ല.
13. ആഫ്രിക്കൻ ചായൽ നശീകരണം.
14. കാർഷികയന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
15. കൊപ്രാ വിപണത്തിന് വേണ്ടത്ര സൗകര്യം ഇല്ല.
16. സർക്കാർ ഉടമസ്ഥതയിലുള്ള മോട്ടോർ പമ്പുസെറ്റുകൾ കേടായാൽ നന്നാക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുന്നില്ല.
17. ചില പ്രദേശങ്ങളിൽ ജലസേചനത്തിനുള്ള വെള്ളം വേണ്ടത്ര ലഭിക്കുന്നില്ല.
18. പാടങ്ങൾ തരിശിടുന്നു.
19. തൊഴിലാളികളുടെ കൂലി വളരെ കൂടുതലാണ്.
20. വായ്പാ സൗകര്യം വേണ്ടത്ര ലഭിക്കുന്നില്ല.
21. ഉല്പന്ന സംസ്ക്കരണത്തിനുള്ള സൗകര്യങ്ങൾ ഇല്ല.
22. കൃഷിഭവനിൽ നിന്നും ആവശ്യമായ സഹായങ്ങൾ ലഭിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള തോടുകളും ചാലുകളും വീതികൂട്ടി ആഴം കൂട്ടി ഇരുവശങ്ങളും കെട്ടുക പെരിയാർ വാലി കനാലിന്റെ പാർശ്വഭിത്തികൾ കോൺക്രീറ്റ് ലൈനിങ്ങ് നടത്തുക.
2. വിത്ത്, വളം, കീടനാശിനി, മുതലായ ഉൽപാദന ഉപാധികൾ സൗജന്യ നിരക്കിൽ കൃഷിക്കാർക്കാർക്കു നൽകുകയും ഗ്രൗഷ് ഫാമിങ്ങ് ശക്തിപ്പെടുത്തുകയും ചെയ്യുക.
3. കർഷകർക്ക് നേരിട്ട് സൗജന്യ നിരക്കിൽ കാർഷികയന്ത്രോപകരണങ്ങൾ നല്കുക.
4. ജലസേചന കനാലുകൾ വേണ്ടസമയത്ത് അറ്റകുറ്റപണികൾ നടത്തുക.
5. പാടശേഖരങ്ങളിൽ ആവശ്യമായ സ്ഥലത്ത് പാലങ്ങൾ നിർമ്മിക്കുക.
6. കരളമിയിൽ മണ്ണൊലിപ്പു തടയുന്നതിനായി ആവശ്യമായ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് സബ്സിഡി അനുവദിക്കുക.
7. നെൽകൃഷിസ്ഥങ്ങൾ ഇഷ്ടികകളങ്ങളും മറ്റു വിളകളായും മാറുന്നതിനെതിരെ ആവശ്യമായ ബോധവത്ക്കരണം നടത്തുക. കൂടാതെ ആവശ്യമായ നിയമനടപടികളും സ്വീകരിക്കുക.
8. നെൽകൃഷിസ്ഥങ്ങൾ നികത്തുന്നത് ശക്തമായ നിയമംമൂലം നിരോധിക്കുക.
9. കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റി പുതിയവ നടന്നുന്നതിന് സാമ്പത്തിക സഹായം നല്കുക.
10. ജൈവവളങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. ചച്ചില വളച്ചെടിയുടെ വിത്തോ, കമ്പോ, സൗജന്യമായി വിതരണം ചെയ്യുക.
11. എലി നശീകരണത്തിന് കൂട്ടായ പ്രവർത്തനം നടപ്പിലാക്കുക ആയതിന് സബ്സിഡി അനുവദിക്കുക.
12. മണ്ണുപരിശോധന സൗകര്യം ഏർപ്പെടുത്തുക.
13. ആഫ്രിക്കൻ പായൽ നശീകരണത്തിന് ജൈവ നിയന്ത്രണ നടപടികൾ സ്വീകരിക്കുക.
14. കാർഷിക യന്ത്രോപകരണങ്ങൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
15. കൊപ്രാ വിപണത്തിന് സഹകരണസംഘം സ്ഥാപിക്കുക.
16. സർക്കാർ ഉടമസ്ഥയിലുള്ള മോട്ടോർ പമ്പു സെറ്റുകൾ കേടായാൽ ഉടൻ തന്നെ നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
17. ജലസേചന സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ പെരിയാർ വാലി കനാലിൽ നിന്നും സബ്സ് കനാൽ വെട്ടുകയോ ഈ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തുകയോ ചെയ്യണം.
18. നെൽകൃഷി ലാഭകരമാക്കുന്നതിന് വിത്ത് വളം കീടനാശിനി മറ്റു ഉല്പാധഉപാധികളും കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുക.
19. കർഷകതൊഴിലാളികളുടെ ക്കൂലി ഏകീകരിക്കുക.
20. വായ്പാ സൗകര്യം ലഭ്യമാക്കുന്നതിന് വായ്പാ നടപടിക്രമങ്ങൾ ലഘൂകരിക്കുകയം വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
21. സഹകരണാടിസ്ഥാനത്തിൽ കാർഷിക ഉല്പന്നസംസ്കരണത്തിനുള്ള ഫാക്ടറി സ്ഥാപിക്കുക.
22. എല്ലാ കർഷകർക്കും ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ പദ്ധതികൾ തയ്യാറാക്കി കൃഷിഭവനിൽ കൂടി വിതണം ചെയ്യുക.

മൃഗസംരക്ഷണം

പൂത്തൃക്ക പഞ്ചായത്തിൽ മൃഗസംരക്ഷണ പദ്ധതി കൾ നടപ്പിലാക്കുന്നതിന് വേണ്ടി 10.10.1961 ൽ കോലഞ്ചേരിയിൽ ഒരു മൃഗാശുപത്രി തുടങ്ങി. വടവുകോട് ബ്ലോക്ക് നിർമ്മിച്ചു നൽകിയ നിലവിലുള്ള കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റിയത് 1.10.1969 ൽ ആണ്.

ഈ മൃഗാശുപത്രിയിൽ 1995-96 കാലയളവിൽ 4351 മൃഗങ്ങളെ ചികിത്സിക്കുകയും, 1673 പശുക്കളിൽ ബീജസങ്കനം നടത്തുകയും ചെയ്തു.

പൂത്തൃക്ക അപ്ദകാസ് സംഘത്തിൽ, പശുക്ക ളിൽ ബീജസങ്കലനത്തിനായി ഒരു ഇൻസെമിനേറ്റർ ഉണ്ട്. കൃത്രിമ ബീജസങ്കലനത്തിനായിട്ട് ഈ പഞ്ചായത്തിൽ കൂടുതൽ കൃത്രിമ ബീജസങ്കലന ഉപകേന്ദ്ര ങ്ങൾ തുടങ്ങാവുന്നതാണ്.

ലൈവ് സ്റ്റോക്ക് സെൻസസ് 1987

കന്നുകാലികൾ

സങ്കരവർഗ്ഗം		നാടൻ	
ആൺ	പെണ്ണ്	ആൺ	പെണ്ണ്
278	2449	241	1314
എരുമ		ആട്	
ആൺ	പെണ്ണ്	ആൺ	പെണ്ണ്
119	1075	14	893
പന്നി		പട്ടി	
119		1075	

കോഴി	നാടൻ	സങ്കരവർഗ്ഗം
	14893	3659
താറാവ്	125	

പൂത്തൃക്ക പഞ്ചായത്തിൽ ഏറ്റവും ശ്രദ്ധേയമായ മാറ്റം അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും തുടർന്ന് ഉൽപ്പാദനത്തിലും ഉൽപ്പാദന ക്ഷമതയിലും ഉണ്ടായ വമ്പിച്ച നേട്ടവും ആണ്.

പാലുൽപ്പാദന മേഖല

ഉപഭോഗം ദിവസം 150 ഗ്രാം വേണ്ടത് 250 ഗ്രാം പാൽ

സംസ്ഥാന പാലുൽപ്പാദനം

1960-ലെ. ഉൽപ്പാദനം	1995-96 ഉൽപ്പാദനം	വരുമാനം	2000-ാം മാണ്ടിൽ
2.5 മെട്രിക് ടൺ പാൽ	23.79 ലക്ഷം മെട്രിക് ടൺ പാൽ	2616 കോടി രൂപ	35 ലക്ഷം മെട്രിക് ടൺ പാൽ

സംസ്ഥാന മുട്ട ഉൽപ്പാദനം

പ്രതിശീർഷക ഉപഭോഗം 75 എണ്ണം വേണ്ടത് 250 എണ്ണം

1995-96 ലെ ഉൽപ്പാദനം	വരുമാനം	2000-ാം മാണ്ടിൽ വേണ്ടത്
207 കോടി കോഴിമുട്ട	258 കോട രൂപ	250 കോടി കോഴിമുട്ട

സംസ്ഥാന ഇറച്ചി ഉൽപ്പാദനം

ആളോഹരി ഉപഭോഗം 35 ഗ്രാം വേണ്ടത് 100 ഗ്രാം

1995-96 ലെ ഉൽപ്പാദനം	വരുമാനം	2000-ാം മാണ്ടിൽ വേണ്ടത്
142 ആയിരം മെട്രിക് ടൺ	145 കോടി രൂപ	200 ആയിരം മെട്രിക് ടൺ

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളിൽ നിന്ന് ഈ മേഖലകളിലും വളരെയധികം സാധ്യതകൾ ഉണ്ടെ ന്നും, മൃഗസംരക്ഷണമേഖലയിലെ ഇറച്ചി ഉൽപാദനം മുട്ടയുൽപാദനം, പാലുൽപാദനം വർദ്ധിപ്പിക്കേണ്ട ആവശ്യം ഉണ്ടെന്നും മനസ്സിലാക്കാം.

9-ാം പഞ്ചവത്സരപദ്ധതി ആസൂത്രണ പ്രക്രിയയിൽ മൃഗസംരക്ഷണ മേഖലയുടെ പ്രസക്തി.

കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായിട്ട് വികസനം മുരടി ക്കാത്ത ഗ്രാമീണ സമ്പദ് ഘടനയ്ക്ക് കാതലായ സംഭാവന നല്കിയ അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ച ഒരു രംഗമാണ് മൃഗസംരക്ഷണ പാലു ല്പാദനമേഖല. എന്നാൽ ആസൂത്രണ പ്രക്രിയയിൽ കാര്യമായ പ്രാധാന്യവും സ്ഥാനവും പദ്ധതി വിഹിതവും ഈ മേഖലയ്ക്ക് ഇന്നുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ വരുംകാല പദ്ധതിയിൽ വേണ്ടത്ര പ്രാധാന്യവും വിഹിതവും ശ്രദ്ധയും കൊടുത്താൽ പ്രതിശീർഷഭൂമിയുടെ ലഭ്യതയും ആളോഹരി വരുമാനത്തിൽ വളരെ പിന്നോക്കം നില്ക്കുന്നതും സാക്ഷരതയിലും തൊഴിലില്ലാ യ്മയിലും ജീവിത നിലവാലത്തിലും മുൻപന്തിയിൽ നില്ക്കുന്നതുമായ കേരളം പോലുള്ള സംസ്ഥാനത്ത് വളരെ സാദ്ധ്യതകളുള്ള രംഗമാണ് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ എന്നത് സംശയാതീതമായി പറയാൻ കഴിയും. നമ്മുടെ ലക്ഷ്യം പാലുല്പാദനം, മുട്ടയുത്പാദനം ഇറച്ചിയുൽപാദനം വർദ്ധിപ്പിക്കുക അതുവഴി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ്. തൊഴിലുള്ളവർക്ക് ഉപതൊഴിൽ,

തൊഴിലില്ലാത്തവർക്ക് മുഖ്യതൊഴിൽ മൃഗസംരക്ഷണ പദ്ധതി നല്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ആകെ (മൊത്തം) വരുമാനത്തിന്റെ (G.D.P) 10.5% സംഭാവന മൃഗസംരക്ഷണ മേഖലയിൽ നിന്നാണ്. ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കാൻ മൃഗസംരക്ഷണ പദ്ധതികൾക്ക് തീർച്ചയായും കഴിയും. ചുരുങ്ങിയ മുതൽ മുടക്കിൽ ഹ്രസ്വകാലം കൊണ്ട് വരുമാനവും ലഭിക്കും.

മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ

1. കാലീത്തീറ്റ, കോഴിത്തീറ്റ, തീറ്റപ്പുല്ല് തുടങ്ങിയവയുടെ ലഭ്യത വില വർദ്ധനയും സബ്സിഡി ഇല്ലായ്മയും കാലിത്തീറ്റുടെ ഗുണനിലവാരക്കുറവും.

2. ഉൽപ്പാദനക്ഷമത കൂടുതലുള്ള പശുക്കളുടേയും, നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടേയും, പന്നിക്കുഞ്ഞുങ്ങളുടേയും ആട്ടിൻ കുട്ടികളുടേയും മുയൽ കുഞ്ഞുങ്ങളുടേയും ലഭ്യത കുറവ്

3. പാലിന്റെ വിലക്കുറവ്, പാലിന്റെ വില നിർണ്ണയിക്കുന്ന ഇപ്പോഴത്തെ രീതിയിലെ അശാസ്ത്രീയത

4. ഈ മേഖലയിലേക്ക് കടന്നുവരുവാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത.

5. ധന്യകാര്യവായ്പ സ്ഥാപനങ്ങൾ കാണിക്കുന്ന താല്പര്യക്കുറവ്

6. കാലിത്തീറ്റ ഉൽപ്പാദനത്തിനുള്ള അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്, വിലക്കൂടുതലും.

7. മൃഗാശുപത്രിയിൽ ആധുനിക രോഗനിർണ്ണയസംവിധാനങ്ങൾ പരിശോധന ലാബോറട്ടറികൾ, ഫോൺ, എന്നിവ ലഭ്യമല്ല.

8. ഗുണനിലവാരമുള്ള മാംസോൽപാദനത്തിനും വിപണത്തിനുമായി ശാസ്ത്രീയ അറവുശാലകൾ പഞ്ചായത്തിൽ ഇല്ല.

9. വിജ്ഞാന വ്യാപനം ശരിയായിട്ട് നടക്കുന്നില്ല.

10. പാലിന്റെ സംഭരണ വിലയും വിപണവിലയും തമ്മിലുള്ള അന്തരം വളരെ കൂടുതലാണ്.

11. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിയ്ക്കുന്നില്ല.

ക്ഷീരോല്പാദനമേഖലയിൽ സ്വീകാര്യമായ പരിഹാര നിർദ്ദേശങ്ങൾ:-

1. പഞ്ചായത്തിൽ സഹകരണാടിസ്ഥനത്തിൽ തീറ്റപ്പുല്ല് കൃഷി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുക.

2. ഫോഡർ ബാങ്ക് ക്ഷീരസഹകരണസംഘങ്ങൾ വഴി പോഷകാഹാരപ്രദമായ യൂറിയ ചേർന്ന വൈക്കോൽ, സൈലേജ്, ഹേ, തുടങ്ങിയവ നിർമ്മിച്ച് വിതരണം ചെയ്യുക.

3. ഗുണഭോക്താക്കളെ തന്നെ കറവ ജോലി പ്രേരിപ്പിക്കുകയും വേണ്ട പരിശീലനം നല്കുകയും ചെയ്യുക.

4. കർഷകന്റെ പറമ്പിൽ തന്നെ, പോഷകഗുണമുള്ള നേപ്പിയർ ഗിനി, ചോളം തുടങ്ങിയവ കയ്യാലയിലോ ഇടവിളയായിട്ടോ കൃഷി ചെയ്യുക.

5. പാടശേഖരങ്ങളുടെ വരമ്പുകളിൽ സ്റ്റൈലോസാന്ത്സ് പോലുള്ള പുല്ല് വച്ചുപിടിപ്പിക്കുക.

6. ഇടനിലക്കാരെ ഒഴിവാക്കി വൈക്കോൽ, കാലിത്തീറ്റ എന്നിവ പ്രദേശിക സൊസൈറ്റികൾ മുൻകൈ എടുത്ത് വാങ്ങി മധ്യവർത്തികളെ ഒഴിവാക്കി കർഷകർക്ക് വിതരണം ചെയ്യുക.

7. പഞ്ചായത്തിലെ എല്ലാ പശുക്കളേയും മാസ്റ്റർ പോളിസിയിൽ കൊണ്ടുവന്ന് ഇൻഷ്വർ ചെയ്യുക.

8. കാലികർഷകർക്ക് അവരുൽപാദിപ്പിക്കുന്ന പാലിനനുസൃതമായി കാലിത്തീറ്റയ്ക്ക് പഞ്ചായത്തു തലത്തിൽ സബ്സിഡി നല്കുക. (25%) കാലിത്തീറ്റയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

9. പഞ്ചായത്തിലെ എല്ലാ സങ്കരഇനം പശുക്കുട്ടികളേയും കന്നുകുട്ടി പരിപാലനപദ്ധതിയിൽ ഏർപ്പെടുത്തി 50% സബ്സിഡി നിരക്കിൽ തീറ്റ വിതരണം ചെയ്യുക.

10. പഞ്ചായത്ത് തലത്തിൽ പശുക്കളുടെ എണ്ണം കൂടാതെ അവയുടെ ഉൽപാധനക്ഷമത കൂട്ടുവാൻ വേണ്ട നടപടി സ്വീകരിക്കണം. പഞ്ചായത്തുതല വിജ്ഞാനവ്യാപനത്തിലൂടെ കാർഷീക ക്ലബുകൾ വഴി സാങ്കേതിക അറിവുകൾ കർഷകർക്ക് നല്കുക.

11. ഇപ്പോൾ ഈ മേഖലയിൽ പശുവളർത്തൽ മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള കർഷകർക്ക് കൂടുതൽ പശുക്കളെ അവരുടെ യൂണിറ്റുകളിൽ ഉൾപ്പെടുത്തുവാൻ സഹായിക്കേണ്ടതാണ്. സബ്സിഡിയും നല്കേണ്ടതാണ്.

12. വനിതാസംരംഭകരെ സഹകരണാടിസ്ഥാനത്തിൽ യോജിപ്പിച്ച് ക്ഷീര ഗ്രാമങ്ങൾ സൃഷ്ടിക്കുക.

13. മൃഗാശുപത്രിയിൽ ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങൾ പരിശോധന ലാബോറട്ടറികൾ, ഫോൺ, വാഹന സൗകര്യം എന്നിവ ഏർപ്പെടുത്തുക.

14. പൊതു ജനാരോഗ്യം അപകടപ്പെടുത്തുന്ന വിധത്തിലുള്ള മാംസ വില്പന പഞ്ചായത്തിൽ നിരോധിച്ച് മാതൃക മീറ്റ് സ്റ്റോളുകൾ തുടങ്ങുക. ഈ സ്റ്റോളുകൾ വഴി പാൽ, മുട്ട, ഇറച്ചി എന്നിവ വിതരണം ചെയ്യുക.

15. സർക്കാർ ഫാമുകളുടെ ഉൽപ്പാദന രീതിക്കുട്ടി നല്ലവർഗ്ഗം പന്നിക്കുഞ്ഞുങ്ങളേയും ആട്ടിൻ കുഞ്ഞുങ്ങളേയും കോഴിക്കുഞ്ഞുങ്ങളേയും മുയൽ കുഞ്ഞുങ്ങളേയും കർഷകർക്ക് വിതരണം ചെയ്യുക.

16. കാർഷിക ലോണുകളുടെ പലിശ, ബാങ്കുകൾ കുറയ്ക്കുകയും പണം കൃത്യമായി അടയ്ക്കുന്ന കർഷകർക്ക് പലിശയിൽ ഇളവ് നൽകുകയും ചെയ്യുക.

കോലഞ്ചേരി മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

ഈ മൃഗാശുപത്രിയിടെ അറ്റകുറ്റപ്പണികൾ നടത്തി പൈപ്പ് ലൈൻ കണക്ഷൻ നൽകേണ്ടത് വളരെ അത്യാവശ്യമാണ്. കർഷകരുടെ സൗകര്യത്തിനു വേണ്ടി ഫോൺ, വാഹനസൗകര്യം, ആവശ്യമായ മരുന്നുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിൽ നിലവിലുള്ള പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിശീലന പദ്ധതി.
2. പേവിഷ നിയന്ത്രണ പദ്ധതി.
3. കാലി വന്ധത നിർമ്മാർജ്ജന പദ്ധതി.
4. കാലി രോഗ നിയന്ത്രണ പദ്ധതി.
5. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ.
6. പന്നി വളർത്തൽ വികസന പദ്ധതി.
7. ആട് വളർത്തൽ
8. വികസനവും പരിശീലനവും വിജ്ഞാന വ്യാപനവും
9. വീട്ടുവളപ്പിലെ കോഴിവളർത്തൽ.

പോരായ്മകൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടക്ക്, തീറ്റയ്ക്ക് 50% സബ്സിഡി ഏർപ്പെടുത്തണം. പഞ്ചായത്തിലെ എല്ലാ കിടാക്കളേയും ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

സർക്കാർ ഫാമുകളിൽ നിന്ന് ആവശ്യത്തിന് നല്ല വർഗ്ഗം പന്നിക്കുഞ്ഞുങ്ങളേയും, ആട്ടിൻ കുഞ്ഞുങ്ങളേയും കോഴിക്കുഞ്ഞുങ്ങളേയും മുയലിൻ കുഞ്ഞുങ്ങളേയും, താറാവിൻ കുഞ്ഞുങ്ങളേയും ആവശ്യത്തിന് ലഭിയ്ക്കുന്നില്ല. ഓരോ വർഷവും പ്രതിരോധത്തിനാവശ്യമുള്ള വാക്സിൻ വാങ്ങാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കാനും പേവിഷ നിർമ്മാജ്ജനത്തിനും കൂടുതൽ തുക അനുവദിക്കുന്നില്ല.

9-ാംപഞ്ചവത്സരപദ്ധതിയിൽപുതുക്കപഞ്ചായത്തിൽ നടപ്പിലാക്കാവുന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ:-

1. മൃഗസംരക്ഷണമേഖലയിൽ ഇറച്ചി, മുട്ട, പാൽ എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും ആളുകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക.

2. ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻ അനുയോജ്യമായ സാങ്കേതീക വിദ്യയും മാനേജ്മെൻറ് സാങ്കേതങ്ങളും പ്രയോഗത്തിൽ വരുത്തുക.

3. ഈ മേഖലയിൽ മുഴുവൻ സമയതൊഴിൽ നേടുന്നവരുടേയും ഉപതൊഴിൽ സ്വീകരിക്കുന്നവരുടേയും എണ്ണം വർദ്ധിപ്പിക്കുക.

4. തൊഴിൽ രഹിതരായ ഗ്രാമീണസ്ത്രീകളെ മൃഗസംരക്ഷണ പ്രവൃത്തനങ്ങളിൽ ആഭിമുഖ്യമുള്ളവരാക്കുക.

5. കാലിത്തീറ്റ ഉത്പാദനരംഗത്ത് ഇന്നുള്ള സ്ഥാപിത താത്പര്യക്കാരിൽ കർഷകരെ രക്ഷിയ്ക്കാൻ ഉത്പാദനരംഗത്തിലും വിപണനത്തിലും ഇടപെടുക.

6. മൃഗാശുപത്രിയിലെ സജ്ജീകരണങ്ങൾ അടിയന്തിരമായി ആധുനികവത്കരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുക.

7. പേ വിഷ നിർമ്മാർജ്ജനത്തിൽ ജനപങ്കാളിത്തത്തോടെ സമ്പൂർണ്ണവും ആസൂത്രിതവുമായ പരിപാടി നടപ്പാക്കുക.

8. ഈ മേഖലയിൽ തൊഴിൽ ഏർപ്പെടുത്തുന്നവർക്ക് വായ്പ ലഭ്യമാക്കാനും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ശ്രമിക്കണം.

9. വിജ്ഞാപന വ്യാപനം ആധുനിവല്കരിച്ച് വ്യാപകമാക്കണം. ആധുനിക സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കണം,

10. ജനപങ്കാളിത്തം മൃഗസംരക്ഷണസമിതികൾ മൃഗാശുപത്രിയോട് ബന്ധപ്പെടുത്തി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം.

9-ാം പഞ്ചവത്സര പദ്ധതിയിൽ പുതുക്ക പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. കന്നുകുട്ടി പരിപാലന പദ്ധതി.
2. ഡയറിയൂണിറ്റുകൾ.
3. 2 പശുക്കളുടേയും, 3 പശുക്കളുടേയും യൂണിറ്റുകൾ.
4. വീട്ടുമുറ്റത്തെ കോഴിവളർത്തൽ
5. പന്നിവളർത്തൽ, പ്രജനനയൂണിറ്റ്, ഫാറ്റനിങ്ങ് യൂണിറ്റ്.
6. ഇറച്ചിക്കോഴി വളർത്തൽ.
7. എഗ്ഗർ നേഴ്സറി.
8. സ്കൂൾ പൗൾട്രി ക്ലബ്ബ്
9. കിടാരി വളർത്തൽ യൂണിറ്റ്.
10. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ – 5 പശുവിന്റെ യൂണിറ്റ്.
11. സമ്മിശ്ര മൃഗപരിപാലനം
12. താറാവ് വളർത്തൽ
13. മുയൽ വളർത്തൽ
14. കാളക്കുട്ടി പരിപാലനം
15. പേ വിഷ നിയന്ത്രണം
16. മുട്ടക്കോഴി വളർത്തൽ വ്യാവസായിക അടിസ്ഥാനത്തിൽ
17. സ്ക്രീം ഫോർ ദി കൺട്രോൾ ഓഫ് സിസ് ഹെൽമിന്നിയാസിസ്.
18. തൊഴുത്തു നിർമ്മാണത്തിന് പദ്ധതി.
19. അകിടു വീക്ക നിയന്ത്രണത്തിന് പദ്ധതി.
20. പ്രതിരോധ കുത്തിവയ്പുകൾക്കുള്ള പദ്ധതി.
21. ടർക്കിക്കോഴി വളർത്തൽ പദ്ധതി, കാട വളർത്തൽ പദ്ധതി.

മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ ജലാശയങ്ങളോ, കായലുകളോഇല്ല. എന്നാൽ പഞ്ചായത്തുവക കുളങ്ങളും തോടുകളും ഉണ്ട്. മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ആളുകളില്ല. വർഷകാലങ്ങളിൽ കുളങ്ങളും തോടുകളും വെള്ളം കൊണ്ടു നിറയുമ്പോൾ കടന്നു വരുന്ന ചെറു മത്സ്യങ്ങളെ പിടിക്കുന്ന ഒരേർപ്പാടുണ്ട്. മറ്റൊന്ന് പഞ്ചായത്തിന്റെ തെക്കു കിഴക്കേ അതിരിലൂടെ കടന്നു പോകുന്ന മൂവ്വാറ്റുപുഴ ആറ് ആണ് മത്സ്യബന്ധനത്തിന് ഉപയോഗിക്കാവുന്ന ഒരു സങ്കേതം. എന്നാൽ ഈ പുഴയിൽ മത്സ്യബന്ധനം ഒരു സ്ഥിരം തൊഴിലായി കൊണ്ടുപോകാൻ ആവശ്യമായ മത്സ്യസമ്പത്തില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ളതും സ്വകാര്യവ്യക്തികളുടെ അധീനതയിലുള്ളതുമായ കുളങ്ങൾ മത്സ്യം വളർത്തുന്നതിന് ഉപയോഗപ്രദമാക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ മൂന്നാം വാർഡിൽ ഒരു മത്സ്യ വളർത്തൽ കേന്ദ്രം പ്രവർത്തി ക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. മത്സ്യകൃഷി നടത്തുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
2. പൊതുതോടുകളിൽ മത്സ്യം വളർത്തിയാൽ സംരക്ഷിക്കാനുള്ള ബുദ്ധിമുട്ട്.
3. മത്സ്യകുഞ്ഞുങ്ങളെ യഥാസമയം ലഭിക്കുന്നതിനുള്ള പ്രയാസം.
4. മത്സ്യം വളർത്തുന്നതിന് ആവശ്യമായ ബോധവൽക്കരണത്തിന്റെ അഭാവം.
5. മത്സ്യ ബന്ധനത്തിനുള്ള ചെറുകിട ഉപകരണങ്ങൾ ലഭിക്കാതിരിക്കുക.
6. മത്സ്യബന്ധനം സംബന്ധിച്ചു പ്രായോഗിക പരിശീലനത്തിന്റെ കുറവ്

സാദ്ധ്യതകൾ

1. പഞ്ചായത്തുവക കുളങ്ങളും തോടുകളും പാട്ടവ്യവസ്ഥയിൽ മത്സ്യകൃഷി നടത്തുന്നതിന് നൽകുക.
2. സ്വകാര്യ കുളങ്ങളിലും തോടുകളിലും മത്സ്യം വളർത്തൽ നടത്തുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുകയും സംരക്ഷണം നൽകുകയും ചെയ്യുക.
3. മത്സ്യകൃഷി നടത്തുന്നതിന് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുക.

വ്യവസായം

ഈ പഞ്ചായത്ത് തികച്ചും ഒരു കാർഷിക മേഖല യാണ്. പാലയ്ക്കമറ്റം 8-ാം വാർഡിൽ മൺപാത്ര നിർമ്മാണ് പരമ്പരാഗതമായ ഒരു കുടിൽ വ്യവസാ യമായിരുന്നു. ആ തൊഴിലിൽ ഏർപ്പെട്ടിരുന്നത് ഒരു പ്രത്യേകം സമുദായത്തിൽ ഉൾപ്പെടുന്നവരായിരുന്നു. എന്നാൽ കളിമണ്ണിന്റെ ലഭ്യതയിലുണ്ടായ ബുദ്ധി മുട്ട്, ആധുനിക രീതിയിലുള്ള വ്യാവസായികോ ല്പന്നങ്ങളുടെ തള്ളിക്കയറ്റം എന്നി കാരണങ്ങളാൽ നാശോന്മുഖമായിതീർന്നു. അതുപോലെ തന്നെ ഈറ്റ, പനമ്പു നെയ്ത്ത് എന്നിവയും നല്ല നിലയിൽ നടത്തിരുന്ന ഒരു കുടിൽ വ്യവസായമാണ്. എന്നാൽ അസംസ്കൃതവസ്തുക്കൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്, മാർക്കറ്റിംഗ് സൗകര്യം ഇല്ലായ്മ എന്നിവ ഈ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചു. തന്മൂലം ഈ വ്യവസായവും നാശോന്മുഖമായി തീർന്നു. എന്നാൽ രണ്ടാം വാർഡിൽ വടയമ്പാടിയിൽ ഒരു ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. റബ്ബറും റബ്ബർ ഉല്പന്നങ്ങളുമാണ് ഇവിടെ പ്രധാനമായി ഉല്പാദിപ്പിക്കുന്നത്. ഈ വ്യവസായവും തളർച്ചയിലാണ്. അതുപോലെ ഒരു കരിങ്കല്ലുപൊട്ടിക്കുന്ന ക്രൈഷർ യൂണിറ്റിന് പഞ്ചായ ത്തിൽ നിന്നും ലൈസൻസ് നൽക്കി പ്രവർത്തി ക്കുന്നുണ്ട്. കരിങ്കല്ലും മറ്റും കൊണ്ടുള്ള അനുബന്ധ വ്യവസായങ്ങൾ ഇവിടെ വളരാൻ സാദ്ധ്യതയുള്ള ഒരു മേഖലയാണ്. 2 സോ മില്ലുകൾ ഇവിടെ പ്രവർത്തിക്കുന്നു. ഈ മേഖലയിലും വളർച്ച മുരടിച്ചിരിക്കുകയാണ്. തടിക്കിട്ടാനുള്ള ബുദ്ധിമു ട്ടാണ് അതിന് പ്രധാനകാരണം. പിന്നെ റബ്ബർ മരങ്ങൾ കൊണ്ടു ഈ വ്യവസായങ്ങൾ വളർത്തിയെ ടുക്കാൻ കഴിയുന്ന മേഖലയാണിത്.

സ്വകാര്യ മേഖലയിൽ 2 തീപ്പെട്ടി കമ്പനികൾ പ്രവർ ത്തിച്ചു വരുന്നു. സോഡാ ഫാക്ടറി സ്വകാര്യ മേഖലയിൽ നടത്തുന്നു. മറ്റൊരു പ്രധാന വ്യവ സായം കരിങ്കല്ലു പൊടിയും സിമൻറും ഉപയോഗിച്ചു നിർമ്മിക്കുന്ന ഹോളോ ബ്രിക്സ് ഈ പഞ്ചായത്തിൽ വളർന്നു വരുന്നു. ഈ പഞ്ചായത്തിലെ അഞ്ചാം വാർഡിൽ സ്വകാര്യമേഖലയിൽ ഒരു എള്ളെണ്ണ ഉല്പാദിപ്പിക്കുന്ന വ്യവാസായ യൂണിറ്റുണ്ട്. പൂത്തൃക്ക പഞ്ചായത്തിലെ മൂന്നാം വാർഡിൽ പ്ലാസ്റ്റിക് പാത്രങ്ങൾ നിർമ്മിക്കുന്ന "കാവേരി പ്ലാസ്റ്റിക്" എന്ന ഒരു സ്ഥാപനം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അതുപോലെ രണ്ട് ഗ്യാസ് ഏജൻസികൾ. അതിൽ ഒന്ന് സർക്കാർ മേഖലയിലും ഒന്ന് സ്വകാര്യമേഖലയിലും. പ്രൈവറ്റു മേഖലയിൽ "ജെ.ജെ.കൺഫെക്ഷണറി" എന്ന പേരിൽ വലിയ നിലയിൽ പ്രവർത്തിക്കുന്ന ഒരു മിഠായി കമ്പനിയുണ്ട്

ഈ പഞ്ചായത്തിൽ വിദഗ്ധ തൊഴിലാളികും അവിദഗ്ധ തൊഴിലാളികളും ധാരാളമായുണ്ട്. ഇവിടെയുള്ള വിദഗ്ധ തൊഴിലാളികൾ മറ്റു പ്രദേശങ്ങളിൽ തൊഴിലിനെ ആശ്രയിക്കുന്നു. മറ്റു തൊഴിലാളികൾ കൃഷിയും റബ്ബർ വെട്ടും മറ്റുമായി കഴിയുന്നു. സ്ഥിരമായ തൊഴിലവസരങ്ങൾ കുറവാണ്. കാലാവസ്ഥയെ ആശ്രയിച്ചാണ് അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യത. ഒരു വർഷത്തിൽ പകുതിയിലേറെ കാലം തൊഴില വസരങ്ങൾ ഇല്ലാതെ തൊഴിലാളികൾ പട്ടിണി യിലാണ്.

പ്രശ്നങ്ങൾ

1. വൈദ്യുതി കണക്ഷൻ ലഭിക്കാൻ വരുന്ന കാലതാമസം ഒരു പ്രശ്നമാണ്.
2. മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട ലൈസൻസുകൾ ലഭിക്കാൻ വരുന്ന കാലതാമസം.
3. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കാ തിരിക്കുക.
4. വിദഗ്ധ തൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
5. മലിനീകരണപ്രശ്നങ്ങൾ പരിഹരിക്കാൻ ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ ലഭ്യ മാക്കണം.
6. പരമ്പരാഗത വ്യവസായങ്ങളിൽ തൊഴിലാ ളികൾക്ക് അർഹമായി കൂലി വർദ്ധന വേണം.
7. അസംസ്കൃതപദാർത്ഥങ്ങൾ ലഭ്യമാക്കണം.

സാദ്ധ്യതകൾ

1. കാർഷികമേഖലയ്ക്ക് ആവശ്യമായ ഉപകര ണങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാ പിക്കുക.
2. ഓട്ടാ മൊബൈൽ റിപ്പയറിംഗ് സ്ഥാപനങ്ങൾ സ്ഥാപിക്കുക.
3. പ്ലാസ്റ്റിക് വ്യവസായങ്ങൾ വൻതോതിൽ നടപ്പിലാക്കാൻ കഴിയും.

4. റബ്ബർ കൊണ്ടുള്ള വ്യവസായങ്ങൾ നടപ്പിലിക്കാം.
5. കരിങ്കല്ലുകൊണ്ടുള്ള വ്യവസായം
6. വലിയ തോതിൽ ഒരു പ്രിൻറിംഗ് സ്ഥാപനം നടപ്പിലാക്കാം.
7. മൺപാത്രവ്യവസായം പുനഃസ്ഥാപിക്കുക.
8. ഹോളോ ബ്രിക്സ് നിർമ്മാണം പൊതുമേഖലയിൽ സ്ഥാപിക്കുക.
9. വളമുല്പാദന യൂണിറ്റ് സ്ഥാപിക്കുക.
10. കേരോല്പന്ന സംസ്കരണയൂണിറ്റ്.
11. മെഴുകുതിരി, പപ്പടം, സോപ്പ് നിർമ്മാണം കുടിൽ വ്യവസായം
12. പാല് സംഭരിച്ച് സംസ്കരിച്ചുള്ള വിപണനം
13. പാദരക്ഷാനിർമ്മാണം
14. കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കുന്ന സ്റ്റോർ നടത്തണം.
15. ഖാദിയൂണിറ്റിൻെറ പ്രവർത്തനം ഊർജ്ജിതമാക്കുക.
16. മിനി എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
17. വനിത വ്യവസായ സംരംഭങ്ങൾ തുടങ്ങണം.
18. റെഡിമെയ്ഡ് വസ്ത്രങ്ങൾ
19. ഈറ്റ, മുള, തഴ കൊണ്ടുള്ള ചെറുകിട വ്യവസായങ്ങൾ
20. ഇലട്രോണിക് ഉപകരണങ്ങൾ
21. വ്യാവസായങ്ങൾ നടത്തുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുക.
22. ബേക്കറി യൂണിറ്റുകൾ സ്ഥാപിക്കുക.
23. കരകൗശലം, കോഴിവളർത്തൽ.
24. സോഡാ നിർമ്മാണം
25. പൈനാപ്പിൾ സംസ്കരണയൂണിറ്റ്
26. ഫർണീച്ചർ യൂണിറ്റ്.

ഊർജ്ജം

പൂത്തൃക്ക പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിലും വ്യവസായ പുരോഗതിയിലും വളരെയേറെ സ്വാധീനം ചെലുത്താവുന്ന ഒരു അവിഭാജ്യഘടകമാണ് വൈദ്യുതി. എന്നാൽ വൈദ്യുതി വേണ്ടവണ്ണം ലഭ്യമാകാത്ത പലമേഖലകളും ഈ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിനേറയും പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെൻറിനേറയും പല റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ എത്തപ്പെടാത്തതായി ഉണ്ട്. ഉള്ളവ വേണ്ടവണ്ണം കത്തിക്കാതിരിക്കുന്നതുമൂലവും വോൾട്ടേജ് വളരെ കുറവായിരിക്കുന്നതും പൊതു ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ്. ഇത്തരത്തിലുള്ള വൈദ്യുതിയുടെ ദൗലർഭ്യം ഈ പഞ്ചായത്തിലെ കാർഷിക മേഖലയിലും ഉള്ളതുകൊണ്ട് കാർഷിക ഉല്പന്നങ്ങളുടെ വർദ്ധനവിനും അതിലൂടെയുള്ള വ്യവസായങ്ങൾക്കും ഇത് വിഘാതമായിരിക്കുന്നു.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും വിറക് ഉപയോഗിച്ച് ഊർജ്ജം ഉണ്ടാക്കി ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്ത് ജീവിക്കുന്നവരാണ്. എന്നാൽ വിറകിൻെറ ലഭ്യത വളരെ കുറവായതിനാലും വില വളരെ കൂടുതലായതുകൊണ്ടും ജനങ്ങൾ പെരുകി വരുന്ന ഈ കാലഘട്ടത്തിൽ വിറക് ആശ്രയിക്കാതെ മറ്റുമാർഗ്ഗങ്ങൾ നാം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഒന്നാണ് ഗോബർ ഗ്യാസ് ഉണ്ടാക്കി ഉപയോഗിക്കുന്നവിധം. എന്നാൽ കാർഷികമേഖലയിൽ കന്നുകാലികൾ ഒരു പ്രധാന ഘടമാണ്. ഈ പഞ്ചായത്തിൽ ധാരാളം കന്നുകാലികളും ഉണ്ട്. അവയുടെ ചാണകം ഉപയോഗിച്ച് ഗോബർ ഗ്യാസ് ഉണ്ടാക്കി ജനങ്ങൾക്ക് വേണ്ടവിധം വിതരണം ചെയ്യുവാൻ സാധിച്ചാൽ വിറകിൻെറ ദൗർലഭ്യം ഒരു പരിധി വരെ പിടിച്ചു നിറുത്തുവാൻ സാധിക്കുന്നതാണ്. പൂത്തൃക്ക പഞ്ചായത്തിലുള്ള ഭൂരിഭാഗം ജനങ്ങളും പരമ്പരാഗതമായി മണ്ണെണ്ണ ഉപയോഗിച്ച് വിളക്കു കത്തിക്കുന്നവരാണ്. അവർക്ക് വൈദ്യുതി കുറഞ്ഞ നിരക്കിൽ കിട്ടാൻ വേണ്ട സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്.

അനുബന്ധം - 10

പൂത്തൃക്ക ഗ്രാമപഞ്ചായത്ത്

10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

   a) ഗാർഹികം .....
   b) വ്യാപാരം .....
   c) വ്യാവസായികം 36
   d) കാർഷികം .....

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം:

   a) Ordinary
   b) OTP — 5
   c) OYEC — 22 അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാതിയതി

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

   a) ബൾബ് 25W ..... 40W..... 60W.....100W....
   b) ട്യൂബ്
   c) മെർക്കുറി വേപ്പർ
   d) സോഡിയം വേപ്പർ

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ:

   1) Parekkattil Hc
   2) Chennamotil Hc
   3) Adyoppalam Hc
   4) Pareklathl Hc

5. തൻവർഷത്തെ കണക്ഷൻ

   ഓർഡനറി -
   OTP — 1
   OYEC — 62

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതിവിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ പേരുകൾ.

   1. 100 KVA Kingrijualtham
   2. Kingninmallam 100 KVA
   3. 150 KVA Kakkattupuza
   4. 100 KVA Ompalapalam
   5. 160 KVQ Kottoor church
   6. 100 KVA Kottoor
   7. 100 KVA Thammanimattom
   8. 100 KVA Company -4
   9. 150 KVA Thammanimattom
   10. 150 KVAKarukappilly
   11. 50 KVA Paravankadavu
   12. 63 KVA Karukappilly
   150 KVA Karukappilly L.I.
   100 KVA Palakkamattom

7. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക. 8207/-

പൂത്തൃക്കഗ്രാമപഞ്ചായത്ത്

1.6 തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ Ref: AIV, T

വാർഡ്	വേപ്പർ ലാമ്പ്	ഫ്ളൂ ട്യൂബ്	ബൾബ്	മറ്റുള്ളവ	ആകെ
	1	2	3	4	5 6
		1	154	391	

10.2 പൂത്യക്ക ഗ്രാമപഞ്ചായത്ത്

ഹരിജൻ കോവനി വൈദ്യുതി വിതരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ്	ഹരിജൻ കോളനി കളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)	സൗജന്യ സ്ലാബിൽ വൈദ്യുതി ഉപ: (എണ്ണം)	പണം നല്കി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബ ങ്ങളുടെ എണ്ണം
1	2	3	4	5
1	അടയപ്പാടം കോളനി	7	–	7
2	പാറേക്കാളമല	5	–	5
3	മരങ്ങാട്ടിൽ കോളനി	12	–	–

ഊർജ്ജരംഗത്തെ പരാധീനതകൾ

1. വോൾട്ടേജ് ക്ഷാമം.
2. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള റോഡുകളിലെ സ്ട്രീറ്റ് ലൈറ്റുകൾ പലതും ഉപയോഗശൂന്യമായാൽ ആയത് മാറ്റി പുതിയവ ഇട്ട് കത്തിക്കുന്നതിലുണ്ടാകുന്ന അനാസ്ഥ.
3. വൈദ്യുതിയുടെ ദുർവിനിയോഗം.

സാദ്ധ്യതകൾ

1. ഇന്ധനം വളരെ കുറവായി മാത്രം വേണ്ട അടുപ്പുകൾ വിതരണം ചെയ്യുക.
2. പ്രഷർ കുക്കറുകളും, മറ്റു സാധനങ്ങളും ചുരുങ്ങിയ വിലയ്ക്ക് ജനങ്ങൾക്ക് ആകമാനം ലഭിക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.
3. കാറ്റ്, സൗരോർജ്ജം മുതലായവ ഉപയോഗിച്ചുള്ള ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
6. ഊർജ്ജരംഗത്തെ ആവശ്യകതയും ഉപയോഗങ്ങളും സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.
5. ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ആവശ്യമായ ട്യൂബ് ലൈറ്റുകളും ബൾബുകളും കത്തിക്കുകയും വിശിഷ്ട്യ കോലഞ്ചേരി പോലുള്ള പ്രധാനപ്പെട്ട എല്ലാവാർഡുകളിലും വേപ്പർ ലാമ്പ് കത്തിക്കുന്നതിനുള്ള സംവിധാനവും ഉണ്ടക്കേണ്ടതാണ്.

ഗതാഗതം

ഒരു പഞ്ചായത്തിന്റെ വികസത്തിന് ഗതാഗതം പ്രഥമവും പ്രധാനവുമായ സ്ഥാനം അർഹിക്കുന്നു. ഈ പഞ്ചായത്തിൽ റോഡു ഗതാഗതമാത്രമാണുള്ളത്. പഞ്ചായത്തിലെ ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങളിൽ പ്രധാനം ഗതാഗതപ്രശ്നമാണ്. പൂത്തക്കാ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 7.550 കിലോമീറ്റർ പക്കറോഡും 44.100 കി.മീ.മെറ്റൽ റോഡും 73.70 കി.മീ. ടാർ ചെയ്ത പഞ്ചായത്തുറോഡും 62 കി.മി ടാർ ചെയ്തു പി. ഡബ്ളൂ.ഡി. റോഡും 8 കി.മീ. എൻ.എച്ച് റോഡും ആണ് ഉള്ളത്. ഇതിൽ 100 കിലോ മീറ്ററോളം റോഡുകൾ മാത്രമാണ് ഗതാഗത ത്തിന് യഥാർത്ഥത്തിൽ ഉപയോഗപ്രദമാകുന്നുള്ളൂ. ബാക്കിറോഡുകൾ ഗതാ ഗതയോഗ്യമല്ല. റോഡുകളുടെ വീതികൾ കൂട്ടിയും ടാർചെയ്തു ഉപയോഗയോഗ്യ മാക്കേണ്ടതാണ്. കൂടാതെ ഈ പഞ്ചായ ത്തിലെ എല്ലാ പ്രദേശങ്ങളിലും എത്തിച്ചേരത്തക്കവിധത്തിൽ വാഹനസൗകര്യങ്ങൾ നിലവിലില്ല. യാത്ര സൗകര്യങ്ങളുടെ അപര്യാപ്ത മൂലം കർഷകർ തങ്ങൾ ഉല്പാദി പ്പിക്കുന്ന സാധാനങ്ങൾ ചന്തകളിൽ എത്തി ക്കാൻ ബുദ്ധിമുട്ടുന്നു. ഈ പഞ്ചായത്തിലൂടെ കൊച്ചി-മധുര റെയിൽ പാത കടന്നു പോകുന്നതിനുള്ള പ്രാഥമിക ജോലികൾ നടന്നതായി മനസ്സിലാകുന്നു. ആയത് നടപ്പിലാകുകയാണെങ്കിൽ തീരദേശവും മലനാടുമായി ബന്ധിപ്പിക്കുന്ന റെയിൽ ഗതാഗതം ഉണ്ടാകും. അങ്ങനെ ആയാൽ സുഗന്ധദ്രവ്യങ്ങളും മറ്റുസാധനങ്ങളും കൊച്ചി തുറമുഖത്ത് എത്തിക്കാനും കഴിയൂ. കഴിഞ്ഞ ഒരു ശതാബ്ദത്തിനുള്ളിൽ ഗതാഗ തരംഗത്ത് വളർച്ച ഉണ്ടായിട്ടുണ്ടെങ്കിലും വളർന്നു വരുന്ന ആവശ്യങ്ങളുമായി താരതമ്യ പ്പെടുത്തുമ്പോൾ വളർച്ച എടുത്തുകാണി ക്കുവാൻ കഴിയുന്നില്ല. പൂത്തൃക്ക പഞ്ചായ ത്തിൽ ഒരു ടാക്സിസ്റ്റാൻറ്റുണ്ട്.

1.26 പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

Ref: Work Bill Register

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	ട്രാൻറ് തുക	യഥാർത്ഥ ചെലവ് പഞ്ചായത്ത് ഫണ്ട്	ആകെ
1	2	3	4	5
റോഡ്	1) പൂത്തൃക്ക-മുല്ലക്കത്താഴം റോഡിന്റെ പുനരുദ്ധാരണം Rs. 188000.00	188000.00	–	188000.00
	2) ചൂണ്ടി-ഭജനമഠം റോഡിന്റെ പുനരുദ്ധാരണം Rs.19800.00	19800.00	–	19800.00
	3) മലേക്കുരിശ്- ക്രാഷ്റോഡിന്റെ പുനരുദ്ധാരണം Rs.18700.00	18700.00	–	18700.00
തോട്	–			
കെട്ടിടം	–			
നടപ്പാലം	–			
മറ്റുള്ള	–			
ആകെ				

1.28 ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ

Ref: JRY Work Reg.

പണിയുടെ വിവരം	ജനറൽ		SC/ST	
	എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
1	2	3	4	5
1993 - 94				
1. Impts to Valiyathodu at chittadypadam	35,000/-	34,797/-		
2. Mace to House of Kunjukurumham, Choikoramolathu			Rs. 3,000/-	Rs.2953/-
3. Constg. Culvert at chittethuthozham in poothikka pt	5000/-	4,980/-		
4. Impts to Kinginimatham-Kakkattupesa Road	42,000/-	42,000/-		
5. Protective works to Kudumbendou Palakamattom Road	45,000/-	45,000/-		
6. Impts to Parathepedika Kanikkathipeoy Road	80,000/-	80,000/-		
7. Impts to Malekunsu Crash Road	80,000/-	80,000/-		
8. Maintenance to Choondy Bhahajamedom Road	35,000/-	34,938/-		
9. Compound wall to G.H.S. Poothnkka	15,000/-	14,946/-		
10. Mace to Anganwady Buidling at Palakkamattom	4,000/-	4,000/-		
11. Impts to Kolenchery - pulichodu Road	55,000/-	51,223/-		
12. Impts to Puthuppouom Kakkattupara Road	40,000/-	39,869/-		
1994 - 95				
1. Impts to Mathonmattom Chira	1,60,000/-	1,60,000/-		
1995 - 96				
1. Side Protection walls to culvert in Thammenimaotthom Karukapally	40,000/-	40,000/-		
2. Mace to Kolenchery - Pulinchodu Road	45,000/-	45,000/-		
3. Impts to Kolenchery - Paruthapeedika Road	1,00,000/-	1,00,000/-		

1.3 കടത്ത് സംബന്ധിച്ച വിവരങ്ങൾ (1995 - 96)

Ref: A 11 Annesure 1 XVIII

കടത്തിന്റെ പേര് 1	കടത്തിൽ നിന്നുള്ള വരുമാനം 2	മറ്റുവിവരങ്ങൾ 3
1) പരവൻ കടവ്	Nil	കടത്തുകൾ പഞ്ചായത്തിൽ നിന്നും പണം കൊടുത്തു നടത്തുന്നവയാണ്
2) കോരൻ കടവ്	"	
3) പള്ളിപ്പുറത്ത് കടവ്	"	
4) തമ്മാനിമറ്റം കടവ്	"	P.W.D.

27. J.R.Y. പണികൾ സംബന്ധിച്ച വിവരങ്ങൾ

Ref: J.R.Y. ആക്ഷൻ പ്ലാൻ

പണിയുടെ പേര്	ജനറൽ സെക്ടർ തുക	SC/ST വിഭാഗം തുക	ആകെ
പൂതൃക്ക കുടകുത്തി റോഡിന്റെ പുനരുദ്ധാരണം (സ്പിൽ ഓവർ)	16856.00	–	16856.00
SC/ST ക്കുവേണ്ടി 5 വീടുകളുടെ നിർമ്മാണം (സ്പിൽ ഓവർ)	–	15000.00	15000.00
SC/ST വിഭാഗത്തിനു വേണ്ടി 6 കക്കൂസുകളുടെ നിർമ്മാണം	–	800.00	800.00
കോലഞ്ചേരി – പരിത പീടിക റോഡിന്റെ ടാറിംഗ്	135000.00	–	135000.00
കോലഞ്ചേരി – പുളിഞ്ചോട്ടിപ്പടി റോഡിന്റെ ടാറിംഗ്	45000.00	–	45000.00
പൂതൃക്ക ഗവ. ഹൈസ്കൂളിൽ കമ്പ്യൂട്ടർ കോഴ്സിനുള്ള റൂം എയർ കണ്ടീഷൻ ചെയ്യൽ	25000.00	25000.00	
കറുകപ്പിള്ളി – തമ്മാനിമറ്റം പാലം മെയിൻറ്നൻസ്	4 0000.00	–	40000.00
SC/ST വിഭാഗത്തിൽപ്പെട്ടവർക്ക് 7 വീടുകൾ നിർമ്മിക്കൽ			110600.00

28. ഏറ്റെടുത്ത J.R.Y. പണികൾ സംബന്ധിച്ച വിവരങ്ങൾ

Ref: J.R.Y. Work Register

പണിയുടെ വിവരം	ജനറൽ സെക്ടർ		SC/ST വിഭാഗം തുക	
	എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
പൂതൃക്ക കുടകുത്തി റോഡിന്റെ (സ്പിൽ ഓവർ)	65000.00	16856.00	–	–
SC/ST വിഭാഗത്തിനുവേണ്ടി 5 വീടുകളുടെ നിർമ്മാണം (സ്പിൽ ഓവർ)	–	–	15000.00	1900.00
SC/ST വിഭാഗത്തിനുവേണ്ടി 6 കക്കുസ്സുകൾ (സ്പിൽ ഓവർ)	–	–	2400.00	–
കോലഞ്ചേരി – പരിത പീടിക റോഡിന്റെ ടാറിംഗ്	135000.00	135000.00	–	–
കോലഞ്ചേരി – പുളിഞ്ചോട്ടിപ്പടി റോഡിന്റെ ടാറിംഗ്	45000.00	45000.00	–	–
പൂതൃക്ക ഗവ. ഹൈസ്കൂളിൽ കമ്പ്യൂട്ടർ കോഴ്സിനുള്ള റൂം എയർ കണ്ടീഷൻ ചെയ്യൽ	25000.00	25000.00	–	–
കറുകപ്പിള്ളി – തമ്മാനിമറ്റം പാലം മെയിൻറ്നൻസ്	40000.00	–	–	–
SC/ST വിഭാഗത്തിൽപ്പെട്ടവർക്ക് 7 വീടുകൾ നിർമ്മിക്കൽ	–	–	110600.00	37100.00

പ്രശ്നങ്ങൾ

1) 5, 6 വാർഡുകളിലെ ഉൾപ്രദേശങ്ങളിൽ ആവശ്യമായ വീതിയിൽ യാത്രായോഗ്യമായ വീതിയുമുള്ള റോഡുകളില്ല.
2) നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.
3) പല റോഡുകൾക്കും ഓടകളില്ല.
4) ബസ്സ് ഷെൽട്ടറുകൾ ഇല്ല.
5) റോഡുകളുടെ വീതികുറവ്
6) പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതിയിൽ നിന്നുകൊണ്ട് എല്ലാ റോഡുകളുടേയും വാർഷിക മെയിൻറൻനസ് നടത്തുവാൻ കഴിയുന്നില്ല.
7) ഈ പഞ്ചായത്തിൽ കടത്തുകടവുകൾ ഉണ്ട്. ഇവിടെ ആവശ്യമായ കടത്തു സൗകര്യങ്ങൾ ഉണ്ടാക്കണം.

സാദ്ധ്യതകൾ

1) നിലവിലുള്ള റോഡുകൾ വീതികൂട്ടി ടാർ ചെയ്യുക.
2) പ്രധാനറോഡുകൾ ടാറു ചെയ്യുവാനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ടാർ ചെയ്തിട്ടുള്ളതിൽ ആവശ്യമായ മെയിൻറനൻസ് പണികൾ ചെയ്യുക.
3) മുൻഗണനക്രമത്തിൽ പുതിയ റോഡു കൾ നിർമ്മിക്കുക.
4) വെള്ളക്കെട്ടുകളുള്ള ഭാഗങ്ങളിൽ കൾവർട്ടുകൾ നിർമ്മിച്ച് സംരക്ഷിക്കുക.
5) പാടശേഖരങ്ങളുടെ അരികിലൂടേയും നടുവിലൂടെയും പോകുന്ന റോഡുകളിൽ നിന്ന് കൃഷിക്കാർക്ക്, യന്ത്രങ്ങളോ, വളങ്ങളോ, കന്നുകാലികളെയോ, കടത്തിക്കൊണ്ടുപോകുന്നതിനുള്ള റാമ്പുകൾ നിർമ്മിക്കുക.
6) ഓടകൾ നിർമ്മിക്കുക.
7) ബസ്സ് സ്റ്റാൻറ് പണിക്കഴിപ്പിക്കുക.

ഗ്രാമീണ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

റോഡിന്റെ സ്വഭാവം (നീളം)

കച്ച പക്ക മെറ്റൽ പഞ്ചായത്ത് പി.ഡ്ബ്ളൂ.ഡി. എൻ.എച്ച്. മറ്റുള്ളവ ആകെ

– 7.550 കി.മീ. 44.100 കി.മീ. 73.750 കി.മീ. 62 കി.മി. 8.കി.മീ. – 193.400 കി.മീ.

വനിതാക്ഷേമം

നമ്മുടെ ഭരണഘടനയുടെ 73-74 വകുപ്പുകൾ ഭേദഗതിചെയ്ത് പഞ്ചായത്ത് രാജ് നഗരപാലിക സംവിധാനം ഉറപ്പുവരുത്തി. 23-4-94 ൽ പഞ്ചായത്ത് രാജ് നഗര പാലികനിയമം നമ്മുടെ സംസ്ഥാനത്തിൽ നിലവിൽ വന്നു. ഇതിൽ വരുന്ന പ്രധാനകാര്യം പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളിൽ 1/3 സീറ്റുകൾ വനിതകൾക്ക് സംവരണം ചെയ്തു എന്ന മഹത്തായ കാര്യമാണ്.

അടുക്കളയിൽ പുകയും കരിയുമേറ്റ് കഴിഞ്ഞിരുന്ന വനിതകളെ സാമൂഹ്യ പ്രക്രിയയുടെ മുന്നോടിയിലേക്ക് കൂട്ടികൊണ്ട്വരുവാൻ നിയമപ്രാബല്യം നൽകി എന്നതാണ് ഇതിന്റെ പ്രത്യേകത. 9-ാം പദ്ധതിയുടെ പ്രധാനലക്ഷ്യം വനിതകളുടെ പങ്കാളിത്വം ഉറപ്പുവരുത്തുക എന്നതാണ്. സമൂഹത്തിൽ അവശതകൾ അനുഭവിച്ചിരുന്ന വനിതകളെ ദേശീയ ധാരയിലെ പ്രധാന കണ്ണിയാക്കിമാറ്റുക എന്ന ലക്ഷ്യം സാക്ഷാൽക്കാരമായിരിക്കുന്നു. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ടിലും സ്ത്രീകളുടെ പദവി വിശദമായി വിശകലനം ചെയ്യേണ്ടതുണ്ട്. പൂത്തൃക്കപഞ്ചായത്തിൽ 10436 വനിതകൾ ഉണ്ട്. പുരുഷന്മാരേക്കാൾ സ്ത്രീകൾ ആണ് കൂടുതൽ. ഇങ്ങനെ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ കൂടുതൽ ഉണ്ടാക്കാൻ കാരണം പുരുഷന്മാർ തൊഴിലന്വേഷിച്ചു മറ്റുരാജ്യങ്ങളിലേക്കുപോയിരിക്കാം.

നമ്മുടെ പഞ്ചായത്തിലെ വനിതകളെല്ലാം തന്നെ സാക്ഷരരാണ്. 75% വനിതകൾ ശരാശരി വിദ്യാഭ്യാസം നേടിയവരാണ് 45% ത്തോളം വനിതകൾ കോളേജ് തലത്തിലും അതിനുമുകളിലും വിദ്യാഭ്യാസം നേടിയിട്ടുള്ളവരാണ്. എൻജിനിയറിംഗ്, വൈദ്യ, മറ്റുസാങ്കതിക മേഖലകളിൽ വൈദഗ്ദ്ധ്യം നേടിയ വനിതകളും ഈ പഞ്ചായത്തിലുണ്ട്. സ്ത്രീകൾ ഭവനത്തിന്റെ കെടാവിളക്കാണെന്ന് പറയുന്നതുപോലെതന്നെ സമൂഹത്തിന്റെ ക്രിയാത്മക മാറ്റത്തിന് സ്ത്രീകളുടെ പങ്കാളിത്തം ആവശ്യമാണ്.

വിദ്യാഭ്യാസപരമായി മുന്നേറുകയും, ജനനനിയന്ത്രണത്തിൽ വിജയം കൈവരിക്കുകയും ചെയ്തു. എങ്കിലും വരുമാനമുണ്ടാക്കുന്ന തൊഴിലുകളിൽ ഏർപ്പെടുന്ന വനിതകൾ തുലോം കുറവാണ്. സ്ത്രീകൾ നല്ലൊരു ശതമാനം കാർഷികമേഘലയിൽ പണയെടുത്തിരുന്നവരാണ് പരമ്പരാഗത കുടിൽ വ്യവസായങ്ങളിലും കൃഷിരീതിയിൽ വന്ന മാറ്റവും പരമ്പരാഗതകുടിൽ വ്യവസായങ്ങൾ നാശോന്മുകമായതും സ്ത്രീകളുടെ തൊഴിലവസരങ്ങളെ സാരമായി ബാധിച്ചു.

നമ്മുടെ പഞ്ചായത്തിൽ കൂലി പണികളിൽ വ്യാപൃതരാകുന്ന സ്ത്രീ തൊഴിലാളികൾക്ക് പുരുഷതൊഴിലാളികളേക്കാൾ കൂലി നിരക്ക് കുറവാണ്. ആടുമാടുകളെ വളർത്തുക. പുരയിടങ്ങളിൽ ചെറുകിട കൃഷികൾ മുതലായവ ഇവർ ചെയ്യുന്നു. കുടുംബത്തിൽ കുട്ടികളുടെ സംരക്ഷണം ഭർത്താവിന്റെ ക്ഷേമകാര്യങ്ങൾ, കുടുംബത്തിലെ മറ്റംഗങ്ങളുടെ സൗകര്യങ്ങൾ എന്നീ കാര്യങ്ങൾ നോക്കി കഴിയുന്നവരാണ്. ഈ പഞ്ചായത്തിൽ 34 പേർക്ക് വിധവപെൻഷൻ ലഭിക്കുന്നുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും പോഷക ആഹാരപരിപാലനത്തിനായി പുത്തൻ കുരിശ് I.C.D.S ന്റെ ആഭിമുഖ്യത്തിൽ 18 അംഗൻവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് ഇതിലൂടെ കുട്ടികളുടെ മാനസികവും ശാരീരികവും ബുദ്ധിപരവുമായ വളർച്ചയും അമ്മമാരുടെ പോഷകാഹാരകുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ട് കൂടാതെ അവരുടെ ആരോഗ്യ സംരക്ഷണകാര്യത്തിലും പ്രത്യേകം ശ്രദ്ധകൊടുക്കുന്നു.

വടവുകോട് ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ 2 DWCRA യൂണിറ്റുകൾ വനിതകളുടെ സാമ്പത്തിക ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായ പദവിയാണ് നാം വിഭാവനം

അനുബന്ധം - 8

പുത്തൃക്ക ഗ്രാമ പഞ്ചായത്ത്

9 5— 96 വരെ

I	a)	പഞ്ചായത്തിലെ ആകെ ജനസംഖ്യ	:	20443
	b)	പുരുഷന്മാർ	:	10007
	c)	സ്ത്രീകൾ	:	10436
II	a)	പട്ടിക ജാതി ജനസംഖ്യ	:	3372
	b)	പട്ടികവർഗ്ഗ ജനസംഖ്യ	:	286
		അംഗൻവാടികളുടെ എണ്ണം	:	18
III	a)	ഒരവ വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ	:	296
	b)	1–2 വയസ്സു വരെയുള്ള കുട്ടികൾ	:	252
	c)	2 – 3 വയസ്സു വരെയുള്ള കുട്ടികൾ	:	353
	d)	3 – 5 വയസ്സു വരെയുള്ള കുട്ടികൾ	:	627
IV	a)	ആകെ ഗർഭിണികളുടെ എണ്ണം	:	133
	b)	പ്രത്യേക പരിചരണം ആവശ്യമായവരുടെ എണ്ണം	:	28
		മുലയൂടുന്ന അമ്മമാരുടെ എണ്ണം	:	148
		6 മാസം വരെയുള്ള പ്രായത്തിലുള്ള കുട്ടികൾ		
V	a)	കഴിഞ്ഞവർഷം ആകെ ജനനം	:	297
	b)	ചാപിള്ള ജനനം	:	1
VI	a)	ഒരു വയസ്സിൽ താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95 — 96)	:	1
	b)	1 — 3 വരെ വയസ്സിൽ മരിച്ച കുട്ടികളുടെ എണ്ണം :—		
	c)	3—6 വരെ വയസ്സിൽ മരിച്ച കുട്ടികളുടെ എണ്ണം	:	4
VII	a)	ഗർഭസംബന്ധമായ അസുഖങ്ങളിൽ മരിച്ച സ്ത്രീകളുടെ എണ്ണം		
	b)	മറ്റു മരണങ്ങളുടെ എണ്ണം	:	97
VIII	a)	അനുപുരകപോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണ	:	827
	b)	അനുപുരകപോഷാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം :		

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ
2. തൊഴിൽ മേഖലകളിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനങ്ങൾ
3. സ്ത്രീകൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ അവർക്ക് നിയന്ത്രണമില്ലായ്മ.
4. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിൽ സ്ത്രീയോടുള്ള അവഗണന.
5. പൊതുരംഗത്ത് സ്ത്രീകളുടെ അഭാവം.
6. സ്ത്രീ ധനസമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
7. ബാലികാവിവാഹം
8. സ്ത്രീപീഡനം.
9. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ

സാദ്ധ്യതകൾ

1. പരമ്പരാഗത വ്യവസായങ്ങളിൽ നവീകരണം ഉണ്ടാക്കുമ്പോൾ സ്ത്രീകൾക്ക് മുൻഗണന നൽകണം.
2. സർവ്വീസ് സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പ്രാതിനിത്യം നൽകണം.
3. കൂടുതൽ വനിത സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
4. DWCRA യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കുക.
5. പ്രത്യേക നേതൃത്വ പരിശീലനം നൽകുക.
6. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം.
7. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുക.
8. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
9. സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേകം പരിഗണന നൽകുക.
10. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടി.
11. സ്ത്രീ പുരുഷസമത്വം
12. ബാലികാവിവാഹം ബോധവൽക്കരണത്തിലൂടെ നിരുത്സാഹപ്പെടുത്തുക.
13. മുഴുവൻ സ്ത്രീകളുടെയും ഉന്നമനം ലാക്കാക്കി പരിപാടികൾ ആസൂത്രണം ചെയ്യുക.

സഹകരണമേഖല

പൂത്യക്ക പഞ്ചായത്ത് രൂപീകരിക്കപ്പെടുന്നതിന് മുൻപ് തന്നെ ഈ പഞ്ചായത്ത് പ്രദേശത്ത് ശ്രീ. N.V. ചാക്കോ, ശ്രീ. N.P.വർഗീസ്, ശ്രീ എസ്. ശങ്കരവാര്യർ, ശ്രീ. വർക്കി വർക്കി എന്നിവരുടെ നേതൃത്തിൽ ഒരു ഗ്രാമോദ്ധാരണ സംഘം പ്രവർത്തിച്ചിരുന്നു. 1950 കളിൽ ഈ സംഘം ഒരു സൊസൈറ്റി എന്ന നിലയിൽ പ്രവർത്തിക്കുവാൻ തുടങ്ങി. ഏതാണ്ട് ഈ കാലയളവിൽ തന്നെ വേളാർ സൊസൈറ്റിയും രൂപികരിക്കപ്പെട്ടിരുന്നു. പക്ഷെ എന്തുകൊണ്ടോ, സഹകാരികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കാത്തത് കൊണ്ടാകാം. ഇവയുടെ പ്രവർത്തനം ക്രമേണ നിലച്ചു. പിന്നീട് രൂപികരിക്കപ്പെട്ട ഒരു സഹകരണ സംഘം പ്രവർത്തന വൈകല്യം നിമിത്തം കടബാദ്ധ്യത യിലായി നിറുത്തേണ്ടിവന്ന ചരിത്രവും ഉണ്ട്.

എന്നിരുന്നാലും ഏറെ പരാധീനതകൾ ഉണ്ടെങ്കിൽ പോലും സഹകരണപ്രസ്ഥാനം പൂത്യക്കഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഇന്ന് വളർച്ചയുടെ ഘട്ടത്തിലാണ്. കോലഞ്ചേരി ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന പൂത്യക്ക പഞ്ചായത്ത് ഫാർമേഴ്സ് സർവീസ് സഹകരണ സംഘമാണ് മുഖ്യമായിട്ടുള്ളത് പ്രാരംഭ ദശയിൽ ഏതാനും വാർഡുകളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഈ സ്ഥാപനം 3470 ആംഗസഖ്യയോടെ ഇന്ന് പൂത്യക്ക പഞ്ചായത്തിന്റെ 9 വാർഡുകളിലും പ്രവർത്തനം വ്യാപിപ്പിച്ചിരിക്കുന്നു. കാർഷിക മേഖലയെ പോഷിപ്പിക്കുന്നതിന് സഹായം നൽകുന്നതു കൂടാതെ ടെലിഫോൺ ബൂത്തുകൾ സ്ഥാപിക്കുക. കടത്ത് വള്ളങ്ങൾ വാങ്ങുക. റെഡിമേയ്ഡ് വസ്ത്ര നിർമ്മാണം, ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകൾ സ്ഥാപിക്കുക. ഇങ്ങിനെ സ്വയം തൊഴിൽകണ്ടെത്തുന്ന കാർഷികേതര മേഖലകൾക്കും വായ്പ നൽകി പ്രോത്സാഹനം കൊടുക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് കീഴിൽ ഒരു ഹൌസിംഗ് സൊസൈറ്റിയുണ്ട്.

പൂത്യക്കഗ്രാമപഞ്ചായത്തിൽ 3 ക്ഷീരോൽപാദക സഹകരണങ്ങൾ പ്രവർത്തിച്ചുവരുന്നത് ക്ഷീര കർഷകരെ സംബന്ധിച്ച് വലിയ അനുഗ്രഹം തന്നെയാണ് VIII -ാം വാർഡിൽ കുടകുത്തി സ്ഥാപിച്ചിരുന്ന ഖാദി യൂണിറ്റ് പ്രവർത്തിക്കുന്നില്ല. കോലഞ്ചേരിലുള്ള എറണാകുളം ജില്ലാസഹകരണ ബാങ്ക് ബ്രാഞ്ച്, പുത്തൻകുരിശ് ഗവ:സെർവന്റസ്

സൊസൈറ്റി ബ്രാഞ്ച്. എന്നിവയാണ് ഈ മേഖലയിലുള്ള മറ്റു സ്ഥാപനങ്ങൾ കൂടാതെ ഈ പഞ്ചായത്തിലുള്ള മിക്ക സ്കൂളുകളിലും അദ്ധ്യാപക-രക്ഷകർതൃ സമിതിയുടെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി രൂപികരിച്ച സൊസൈറ്റികൾ നിലവിലുണ്ട്.

13.4ക്ഷീര സഹ : സംഘം

മൊത്തം ശേഖരിക്കുന്ന തന്നെ പാൽ	പഞ്ചായത്തിൽ വിൽക്കുന്നത്	പുറത്തേയ്ക്കു പോകുന്നത്
1	2	3
1048.2	255.62	791.95

പ്രശ്നങ്ങൾ

1) ഫാർമേഴ്സ് ബാങ്കിന്റെ ശാഖ പഞ്ചായത്തിൽ ആവശ്യമായ ഭാഗങ്ങളിലില്ല.
2) കാർഷികോല്പന്നങ്ങൾ സംസ്കരിച്ചുള്ള വ്യവസായങ്ങൾ തുടങ്ങണം.
3) ഹരിജൻ സഹകരണസംഘങ്ങൾ ഇല്ല.
4) റബ്ബർ കാർഷികരെ മുന്നിൽ കണ്ടുകൊണ്ടുള്ള ഉപഭോക്തൃ സഹകരണസംഘമില്ല.

ഗ്രാമസഭാ റിപ്പോർട്ട്

1) പുതുക്കഗ്രാമപഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഫാർമേഴ്സ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതിനുള്ള സ്റ്റോറുകൾ നിത്യോപയോഗസാധങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സ്റ്റോറുകൾ എല്ലാ വാർഡുകളിലും ആരംഭിക്കുക.
2. ഫാർമേഴ്സ് ബാങ്ക് മുൻകൈയെടുത്ത് ഓരോ വാർഡുകളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കത്തക്കവിധം ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
3) ഹരിജൻ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
4) റബ്ബർ കർഷകർ കൂടുതലുള്ള വാർഡുകളിൽ റബ്ബർ ഉല്പാദക സഹകരണസംഘം ആരംഭിക്കുക.
5) പൊതുജനസമ്പർക്ക പരിപാടിയിലൂടെ ജനങ്ങളിൽ സഹകരണബോധം വളർത്തുക.6) കലാരംഗത്ത് പ്രവർത്തിക്കുന്നവരെ സംഘടിപ്പിച്ച് ആർട്ട്സ് സൊസൈറ്റി രൂപീകരിച്ച് സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് പോത്സാഹനം നൽകുക.
6) ക്ഷീരകർഷകർക്ക് സബ്സിഡി ഇനത്തിൽ പുൽ വിത്ത് വളം, കാലിത്തീറ്റ ഇവ വിതരണം ചെയ്യുക.
7) വേളാർ സൊസൈറ്റി പുനരുദ്ധിക്കരിക്കുക.
8) ക്ഷീരോല്പാദക സഹകരണസംഘം വഴി സബ്സിഡി കൊടുത്ത് പശുവിതരണം നടത്തുക.
9) സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ വനിതകളുടെ ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

പൂതൃക്ക ഫാർമേഴ്സ് സർവീസ് സഹകരണ സംഘം

സ്ഥാപിച്ച വർഷം ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം ജീവനക്കാരുടെ/തൊഴിലാളികളുടെ എണ്ണം ഓഹരി വാർഷിക ടേൺ ഓവർ

1975 3470 6 12000 3322590

വിഭവസമാഹരണം

സാമ്പത്തിക പരാധീനതകൾ ഏറെയുള്ള പഞ്ചായത്താണ് പൂതൃക്ക ഗ്രാമപഞ്ചായത്ത്. വിഭവശേഷി പരിമിതവും, ആവശ്യങ്ങൾ ഏറെയുമാണ്. പൊതുമരാമത്ത് പണികളാണ് ഇന്നത്തെ വികസന പ്രവർത്തനങ്ങളിൽ ഏറിയ പങ്കും. ഇവയ്ക്കാകട്ടെ സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ഗ്രാൻറുകൾ തീരെ അപര്യാപ്തമുമാണ്.

പൂതൃക്കഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൌത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, എറണാകുളം ജില്ലാ സഹകരണബാങ്ക്, പൂതൃക്ക പഞ്ചായത്ത് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക്, കേരളാസ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ് എന്നിവയാണ് പൂതൃക്കഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാനധനകാര്യ സ്ഥാപനങ്ങൾ. ഈ പഞ്ചായത്തിൽ നിന്നും വിദേശത്ത് ജോലി ചെയ്യുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്.

പൂത്യക്കഗ്രാമപഞ്ചായത്തിലെ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ കണക്കുകൾ പരിശോധി ച്ചാൽ എല്ലാ ഇനങ്ങളിലുമുള്ള ആകെ വരുമാനം, പ്രതിവർഷം 9,48,139.00 രൂപയും, ചെലവ് പ്രതിവർഷം ശരാശരി 9,56,996.00 രുപയുമാണെന്ന് കാണാം പഞ്ചായത്തിന്റെ ഭരണപരമായ ചെലവുകൾ പ്രതിവർഷം ശരാശരി 3,72,469.00 രുപയാണ്. ഇത് ആകെ ചെലവിന്റെ 39% വരും. എസ്റ്റാബ്ലിഷ് ഗ്രാൻറ് ഇനത്തിൽ വളരെ തുച്ഛമായ സംഖ്യയാണ്. പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. അങ്ങിനെ വരുമ്പോൾ ഭരണച്ചെലവുകൾക്കായി ഗ്രാൻറുകളെ ആശ്രയിക്കേണ്ടിവരുന്നു. ഇത് മൂലം പലപ്പോഴും പഞ്ചായത്ത് മൈനസ്ഫണ്ടിൽ പ്രവർത്തിക്കേണ്ട തായി വരുന്നു. ജീവനക്കാരുടെ വേതനത്തിൽ വന്നിട്ടുള്ള വർദ്ധനവ്, പഞ്ചായത്ത് മെമ്പർമാർക്കും, പ്രസിഡൻറിനും നിശ്ചയിച്ചിട്ടുള്ള അലവൻസിൽ വന്ന വർദ്ധനവ്, മറ്റുകണ്ടിജൻസി ഇനത്തിൽ വന്ന വർദ്ധനവ് എന്നിങ്ങനെ ചെലവുകൾ വർദ്ധിക്കുന്ന തിന് കാരണമായിട്ടുണ്ട്.

പഞ്ചായത്തിന്റെ ആസ്തിയായി നിലകൊ ള്ളുന്ന ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങൾ കേരളാ സ്റ്റേറ്റ് റൂറൽ ഡെവലപ്മെൻറ് ബോർഡിൽ നിന്നും പണം കടം എടുത്താണ് പണികഴിപ്പിച്ചിട്ടുള്ളത്. ഈ വ്യാപാര സമുച്ചയങ്ങളിൽ നിന്നുള്ള ശരാശരി വാർഷിക വരുമാനം 57058.00 രൂപയും തിരിച്ചടക്കേ ണ്ടിവരുന്ന സംഖ്യ പലിശയടക്കം പ്രതിവർഷം 97,091.00 രൂപയുമാണ്. ആയത് മൊത്തം ചെലവിന്റെ 10% വരും. അങ്ങിനെ ആകെ നോക്കിയാൽ വരവിനം കുറവും ചെലവ് ഇനം വർദ്ധിച്ചും വരുന്നതായി കാണാം. പൂത്യക്ക

ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചു കണ്ടു വരുന്ന മറ്റൊരു പ്രധാന ന്യൂനത നിലവിലുള്ള മനുഷ്യവിഭവശേഷി വേണ്ടവിധം ഉപയോഗി ക്കുന്നില്ല എന്നതാണ്. ഈയവസ്ഥക്ക് ഒരു പരിഹാരം ഉണ്ടായാൽ വിഭവശേഷി വർദ്ധിപ്പിക്കു ന്നതിന് ഒരു പരിധിവരെ സാദ്ധ്യമാകും.

1.12 മാർക്കറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

Ref: A VIII

ചന്തകൾ (എണ്ണം)			വണ്ടിത്താവളങ്ങൾ		അറവുശാലകൾ	
പഞ്ചായത്തുവക	സ്വകാര്യം	ആകെവരവ്	എണ്ണം	വരുമാനം	എണ്ണം	വരുമാനം
1	2	3	4	5	6	7
1	Nil	1100	1	2400	Nil	Nil

1.15 ലേല വരുമാനം സംബന്ധിച്ച വിവരങ്ങൾ

Ref: ലേലം റജിസ്റ്റർ (95-96)

ചന്ത	സ്റ്റാൾ	ചവറ്	പട്ടമരങ്ങൾ	പലവൃക്ഷങ്ങൾ	ഷോപ്പിംഗ് കോംപ്ലക്സ് കടകൾ	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8
1100.00	–	–	–	1350.00	59518.80	2500.00 കാർട്ട് സ്റ്റാൻഡ് 550.00 P.H.C. സ്ഥലം സ്ഥലം സീസണൽ കൃഷി 3050.00	63918.80

1.16 ഗ്രാൻറ് വിവരങ്ങൾ

ഗ്രാൻറ് രജിസ്റ്ററും സ്പെഷ്യൽ രജിസ്റ്ററും

VRM രൂ	MI രൂ	VTC 25%	 25%	 75%	Spl.Grand രൂ	JRY രൂ	അൺ ഫണ്ട് രൂ	ആകെ
1	2	3	4	5	6	7	8	9
19,562.00	34,370.00	9,44,745.00	Nil	94,316.00	Nil	2,66,500.00	3,11,700.00	10,711,93.00

1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ **Ref: Q**

വകുപ്പ്	തുക പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	ആകെ
1	2	3	4
മൃഗസംരക്ഷണം	10935.00	1700.00	12635.00
ആരോഗ്യം	Allopathie Rs.1600.00 Ayurvedam Rs.638.00	-	Rs.2238.00
കൃഷി	Rs.38200.00	-	38200.00
P.W.D	-	-	-
ഹരിജനക്ഷേമം	-	-	-
മറ്റുള്ളവ	Diasy 700.00	-	700.00
ആകെ	52073.00	1700.00	53773.00

1.22 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ **Ref: 2**

സ്ഥാപനങ്ങളുടെ എണ്ണം

വാർഡ്	വ്യാപാരം വ്യവസായം	ഹോട്ടലുകൾ	സാധാരണകടകൾ	മറ്റുള്ളവ	ആകെ	ആകെ ഫീസ്
1	2	3	4	5	6	7
1	21	ഇല്ല	5	1	27	
2	18	2	5	1	26	
3	16	ഇല്ല	2	ഇല്ല	18	
4	53	8	30	4	95	
5	11	ഇല്ല	1	ഇല്ല	12	
6	10	ഇല്ല	1	ഇല്ല	11	
7	21	ഇല്ല	2	ഇല്ല	23	
8	11	2	2	1	16	
9	14	ഇല്ല	2	1	17	
ആകെ	175	12	50	8	245	13,210.75

1.23 വരവു സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref:C.B

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിടനികുതി	357913.50	354453.50	3460.00
സർവ്വീസ് ചാർജ്ജ്	Nil	Nil	Nil
തൊഴിൽ നികുതി	295765.00	295765.00	Nil
വാഹനനികുതി	Nil	Nil	Nil
വിനോദനികുതി	37428.10	37428.10	Nil
അധി: വിനോദനികുതി	23088.50	23088.50	Nil
പ്രദർശനനികുതി	5857.50	5857.50	Nil
പ്രദർശനികുതിയിലുള്ള സർ ചാർജ്ജ്	3211.80	3211.80	Nil
ചന്തവരവ്	1100	1100	Nil
ലാൻറ്സെസ്	Nil	Nil	Nil
ലൈസൻഫീസ്	13210.75	13210.75	Nil
ലൈബ്രറിസെസ്	18699.05	18699.05	Nil
വസ്തുകൈമാറ്റനികുതി 75%	94316	94316	94316
വസ്തുകൈമാറ്റനികുതി 25%	Nil	Nil	Nil
സർക്കാർ ഗ്രാൻറുകളും മറ്റും	92960.05	92960.05	Nil
ഒഴികെയുള്ള മറ്റുവരവുകൾ			
സംഭാവന	Nil	Nil	Nil
ഡെപ്പോസിറ്റ്	6048.00	6083.00	Nil
മറ്റുള്ളവ	Nil	Nil	Nil
ആകെ	949633.25	946173.25	3460.00

1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ

Ref: C.B (1995-96)

ഇനം	തുക
1	2
ഭരണം	5,22,049.75
പൊതുമരാമത്ത്	2,76,202.00
വിദ്യാഭ്യാസം	4,508.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	5,895.00
തെരുവു വിളക്കുകൾ കത്തിക്കുന്നത്	83,889.00
മറ്റുള്ളവ	1,04,944.00
ആകെ	9,97,487.75

1.25 പൊതു സാമ്പത്തിക നില

Ref: B

ഇനം	പൊതുകണക്ക്	മൂലധന കണക്ക്	കടവിനം സംബന്ധിച്ച കണക്കുകൾ
1	2	3	4
വരവ്	1413493-85	-	30117.30.
ചെലവ്	809957.75	-	7530.00

ഗ്രാമസഭാ അവലോകനം

1) കാർഷിക പുരോഗതിയിലൂടെ വരുമാനം വർദ്ധിപ്പിക്കാം.

2) പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന പുറംപോക്ക് സ്ഥലം പാട്ടത്തിന് കൊടുക്കുകയും. കുളങ്ങൾ മത്സ്യം വളർത്തലിനോ, താമരപ്പൂകൃഷിക്കോ നൽകി വരുമാനം വർദ്ധിപ്പിക്കാം.

3) നിലവിലുള്ള മാർക്കറ്റുകൾ നവീകരിച്ചു. സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പുതിയത് പണിയിച്ച് വരുമാനം വർദ്ധിപ്പിക്കാം.

4) പഞ്ചായത്തിൽ നിലവിലുള്ള നികുതി ഇതര വരുമാനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുക.

5) കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

6) പൂത്യക്ക ഗ്രാമപഞ്ചായത്തിൽ നിന്നും വിദേശത്ത് ജോലി ചെയ്യുന്നവരെയും, സ്വകാര്യസാമ്പത്തിക സ്ഥാപനങ്ങളെയും പങ്കാളികളാക്കിക്കൊണ്ട് ഒരു വികസന നിധി രൂപീകരിക്കുക.

7) പൂത്യക്ക ഗ്രാമപഞ്ചായത്തിലെ പ്രധാന പട്ടണമായ കോലഞ്ചേരിയിൽ ഒരു ബസ് സ്റ്റാൻഡും, അതോടനുബന്ധിച്ച് ഒരു വ്യാപാരസമുച്ചയവും പണിയുക. ആയതിനാവശ്യമായി വരുന്ന സംഖ്യ സർക്കാരിൽ നിന്നു ഗ്രാൻറായി നൽകണം.

8) പഞ്ചായത്തിന്റെ ഭരണപരമായ ചെലവുകൾ നേരിടുന്നതിന് ആവശ്യമായി വരുന്ന സംഖ്യ മുഴുവനും, സർക്കാർ എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറയ് ഇനത്തിൽ പഞ്ചായത്തിന് നൽകുക.

പൊതുവേ പൂത്യക്ക ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ബാങ്കുകളും, ധനകാര്യ സ്ഥാപനങ്ങളും. ഈ പഞ്ചായത്തിൽ നിന്നും നിക്ഷേപമായിലഭിക്കുന്ന സംഖ്യയുടെ ഒരു നിശ്ചിത ശതമാനം ഈ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കണം. പൂത്യക്കഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മനുഷ്യവിഭവശേഷി വേണ്ടവിധം വിനിയോഗിച്ചാൽ, പൊതുമരാമത്ത് വേലകൾക്ക് ഇന്ന് നേരിട്ടുന്ന ചെലവ് കുറയ്ക്കുന്നതിന് ഒരു പരിധിവരെ സാധിക്കും. പഞ്ചായത്തിലുള്ള വിഭവങ്ങളെ സംബന്ധിച്ചും പഞ്ചായത്തിന്റെയും ഓരോ വാർഡിന്റെ പ്രത്യേകിച്ചും വിഭവഭൂപടങ്ങൾ വിദഗ്ധൻ മാരുടെ മേൽനോട്ടത്തിൽ തയ്യാറാക്കണം.

സംസ്കാരം

സാംസ്കാരികമായി ഏറെയൊന്നും അവകാശപ്പെടാനില്ലാത്ത പഞ്ചായത്താണ് പൂത്തൃക്ക. ഈ പ്രദേശത്ത് സ്ഥാപിക്കപ്പെട്ട "പൂതൃക്കോവിൽ" ക്ഷേത്രത്തിന്റെ പേര് ലോപിച്ചാണ് "പൂത്തൃക്ക" എന്ന സ്ഥലപേര് ഉണ്ടായതെന്ന് പറയപ്പെടുന്നു. പഴയ നാട് വാഴിത്തത്തിന്റേയും പാട്ടം വാരത്തിന്റേയും സ്മരണകൾ ഉൾക്കൊള്ളുന്നതാണ് പൂതൃക്ക പഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകം. ഇവിടുത്തെ പ്രധാനമത വിഭാഗങ്ങൾ ഹിന്ദുക്കളും ക്രൈസ്തവരുമാണ്. പൂത്തൃക്ക ശ്രീ കൃഷ്ണസ്വാമി ക്ഷേത്രം, പരിയാരം ശ്രീ. മഹാവിഷ്ണുക്ഷേത്രം, വടയമ്പാടിയിലെ ക്ഷേത്രം എന്നിവയാണ് പ്രധാന പ്പെട്ട ഹൈന്ദവ ക്ഷേത്രങ്ങൾ. പരിയാരം വിഷ്ണു ക്ഷേത്രത്തിലെ കൊടിയേറ്റ് ഉത്സവം വളരെ പ്രസിദ്ധമാണ് നൂറ്റാണ്ടുകളുടെ പഴക്കമുള്ള കോലഞ്ചേരി സെൻറ് പീറ്റേഴ്സ് പള്ളിയും, കുറിഞ്ഞി, പൂത്തൃക്ക എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന പള്ളികളുമാണ്. പ്രധാനപ്പെട്ട ക്രൈസ്തവ ആരാധനാലയങ്ങൾ. കോലഞ്ചേരി പള്ളിയിലെ പെരുനാൾ വളരെ പ്രശസ്തിയാർജ്ജിച്ചതാണ്. കാർഷികോപകരണങ്ങളുടേയും, വിത്ത് ചെടികൾ മുതലായവയുടേയും വിപണന വേളകൂടിയാണ് ഈ പെരുനാൾ ആഘോഷം. ഈ ഉത്സവങ്ങളിലും ആഘോഷങ്ങളിലുമെല്ലാം ജാതിമത ഭേദമെന്യേ ആ ബാലവൃദ്ധം ജനങ്ങളും പങ്കെടുക്കാറുണ്ട്. കൂടാതെ പരിശുദ്ധ കാതോലിക്കാ ബാവയെ കബറടക്കിയിരിക്കുന്നകുരിശ് ദയറാ പൂത്തൃക്ക ഗ്രാമപഞ്ചായത്തിന്റെ ഒന്നാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്.

പൂത്തൃക്ക ഗ്രാമപഞ്ചായത്തിൽ പ്രധാന സാംസ്കാരിക സ്ഥാപനങ്ങൾ. ഗ്രന്ഥശാലകളും, ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകളുമാണ്. പഞ്ചായത്ത് വക ഒരു സെൻട്രൽ ലൈബ്രറി കോലഞ്ചേരിയിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. എല്ലാവാർഡുകളിലും തന്നെ ഗ്രന്ഥശാലകൾ സജീവമാണ്. ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകളുടെ പ്രവർത്തനം എല്ലാ വാർഡുകളിലും ഉണ്ട്. ഈ ക്ലബുകളുടെ അഭിമുഖ്യത്തിൽ ഓണാഘോഷം, ക്രിസ്തുമസ്സ് ആഘോഷങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. നിർഭാഗ്യവശാൽ ഇത്തരം ക്ലബുകളിൽ സ്ത്രീ പങ്കാളിത്തം പൊതുവേ കുറവാണ്. ഗ്രന്ഥശാലകളിൽ വരുന്നവരുടെ എണ്ണം പ്രത്യേകിച്ച് യുവജനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരുപക്ഷേ ടെലിവിഷന്റെ സ്വാധീനമാകാം. ഈ മാന്ദ്യത്തിന് കാരണം. പഞ്ചായത്തിൽ ടെലിവിഷന്റെ എണ്ണം കുറവാണെങ്കിലും, ബഹുഭൂരിപക്ഷം പേരും പ്രേക്ഷകരാണ്.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഓണക്കാല കായികമേളയും, കേരളോത്സവവും നടത്താറുണ്ട്. നല്ല ജനപങ്കാളിത്തം ഉണ്ട്. എന്നാൽ ഇങ്ങിനെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിന് പഞ്ചായത്തിന് ഒരു തുറസ്സായ കളിസ്ഥലം ഇല്ല എന്നത് പ്രധാന ന്യൂനതയാണ്. പൂത്തൃക്ക ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള നാടൻ കായിക വിനോദം "നാടൻ പന്തുകളി" യാണ്. എല്ലാവർഷവും കോലഞ്ചേരിയിൽ വച്ചു നാടൻപന്തുകളി ടൂർണമെൻറ് നടക്കാറുണ്ട്.

1.9 ലൈബ്രറികൾ വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ

Ref : A. V. G

ലൈബ്രറികൾ			വായനശാലകൾ		
പഞ്ചായത്ത് വക	മറ്റുള്ളവ	ആകെ	പഞ്ചായത്ത് വക	മറ്റുള്ളവ	ആകെ
1	2	3	4	5	6
1	13	14	1	13	14

ഗ്രാമസഭാ അവലോകനം

1. പഞ്ചായത്തിലുള്ള ലൈബ്രറികൾക്കും, ക്ലബുകൾക്കും സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുക.
2. ക്ലബുകൾക്കും ഗ്രന്ഥശാലകൾക്കും, പുസ്തകങ്ങളും, സ്പോർട്സ് ഉപകരണങ്ങളും, ഫർണിച്ചറുകളും വാങ്ങുന്നതിനാവശ്യമായ ഗ്രാൻറുകൾ വിതരണം ചെയ്യുക.
3. വാർഡുകളുടെ വികസനപ്രവർത്തനങ്ങളിൽ ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകളെ സജീവ പങ്കാളികളാക്കുക.
4. സാക്ഷരതാ പ്രവർത്തനങ്ങൾ ക്ലബുകളുമായി ബന്ധപ്പെടുത്തി തുടർന്ന് കൊണ്ടുപോകുക.
5. അംഗൻവാടി കേന്ദ്രമാക്കി മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും, സ്ത്രീകളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുകയും ചെയ്യുക.
6. വായനശാലകളെയും ക്ലബുകളെയും പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ വാർഡുകളിലും, മദ്യത്തിനേറയും ലഹരി മരുന്നുകളുടേയും വിപത്തിനെതിരെ ബോധവൽക്കരണം നടത്തുക.
7. എല്ലാ വാർഡുകളിലും സാംസ്കാരിക നിലയം സ്ഥാപിച്ച് പ്രവർത്തിക്കുകയും, സ്ത്രീകൾക്കും, കുട്ടികൾക്കും പ്രത്യേകം വിഭാഗങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
8. എല്ലാ വാർഡുകളിലും സാംസ്കാരിക നിലയത്തോടനുബന്ധിച്ച് കളർ ടെലിവിഷനുകൾ ഏർപ്പെടുത്തുക.
9. പ്രാചീനകലാരൂപങ്ങളേയും നാടൻ കലകളേയും പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻകൈയെടുത്ത് വാർഡ് തലത്തിൽ ക്ലബുകളുടെ സഹകരണത്തോടെ, കലാസമിതികൾ രൂപികരിച്ച് ആവശ്യമായ സഹായങ്ങൾ നല്കുക.
10. സ്പോർട്സിൻെറ വികസനത്തിനായി എല്ലാ വാർഡുകളിലും പഞ്ചായത്തിൻെറ സഹായത്തോടെ പൊതുകളിസ്ഥലം സ്ഥാപിക്കുക.

പൊതു അഭിപ്രായം

പൂത്തൃക്ക

1.20 സേവനമേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

	വിദ്യാഭ്യാസം				ആരോഗ്യം				മറ്റ് സേവന മേഖലകൾ			
	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ
എണ്ണം സ്ഥാപനങ്ങൾ	6	-	11	17	3 1) Vetury 2) P.H.C.Poothnba 3) Govt. Ayurveda Dispensary	-	3 1) General clinic & 2) Only ladies clinic 3) Abeinager Dental clinic	6	28	4	2	34
ജീവനക്കാർ	87	-	262	349	23	-	23	46	314+ 16 330	13	23	366

പൊതുജനാരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം

രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യവുമായി നാം മുന്നോട്ട് പോകുകയാണല്ലോ ശാരീരികവും, മാനസികവും, സാമ്പത്തികവുമായ സുസ്ഥിതിയാണ് ആരോഗ്യം. ആരോഗ്യമേഖലയിൽ രണ്ടായിരമാണ്ടിൽ ഭാരതം കൈവരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന കാര്യങ്ങൾ കേരളം ഇതിനോടകം നേടി കഴിഞ്ഞു എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. കർമ്മനിരതമായ പ്രവർത്തനങ്ങളിലൂടെയും പൊതുജനപങ്കാളിത്തത്തോടെയും, ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കിയും പ്രവർത്തിച്ചെങ്കിൽ മാത്രമെ ആരോഗ്യരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ നില നിർത്തുന്നതിനും കൂടുതൽ മുന്നോട്ട് പോകുവാനും സാധിക്കുകയുള്ളു.

ഇരുപതിനായിരത്തോളം ജനസംഖ്യവരുന്ന നമ്മുടെ പഞ്ചായത്തിൽ ചികിത്സാക്കായി സർക്കാർ തലത്തിൽ 1990 ൽ ആരംഭിച്ച പ്രാഥമീകാരോഗ്യ കേന്ദ്രവും 1954 ൽ പ്രവർത്തനം തുടങ്ങിയ ആയുർവ്വേദ ഡിസ്പെൻസറിയുമാണുള്ളത്. ഓരോ ദിവസവും ശരാശരി 126 പേരോളം ചികിത്സ തേടിയെത്തുന്നു പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഇല്ലായ്മകൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നാല് സബ്സെന്ററുകൾ. മാതൃശിശു സംരക്ഷണം, പ്രതിരോധകുത്തിവെയ്പുകൾ കുടുബക്ഷേമം, പകർച്ചവ്യാധികൾ, ആരോഗ്യ വിദ്യാഭ്യാസം എന്നീ മേഖലകളിൽ ശ്രദ്ധപതിപ്പിച്ച് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. ഇതിൽ രണ്ട് സബ് സെന്ററുകൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതുകൊണ്ട് അംഗൻ വാടികളിലാണ് പ്രവർത്തിച്ചുവരുന്നത്, പഞ്ചായത്തിലെ 18 അംഗൻ വാടികളും മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങളിൽ സജീവമായ പങ്ക് വഹിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി വിലയിരുന്നുമ്പോൾ മാതൃശിശു മരണനിരക്ക് പരിശോധിക്കേണ്ടതാണ്. 1995-96ൽ നമ്മുടെ പഞ്ചായത്തിൽ 287 കുട്ടികൾ ജനിച്ചപ്പോൾ അതിൽ ഒരു വയസ്സിൽ താഴെ പ്രായമുള്ള ഒരു കുട്ടിമാത്രമാണ് മരിച്ചത്. മാതൃമരണങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇപ്പോൾ ലഭ്യമായ കണക്കുകൾ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 6 വയസ്സിൽ താഴെ പ്രായമുള്ള 1519 കുട്ടികളാണുള്ളത്.

പഞ്ചായത്തുകളിൽ ഇന്ന് നിലവിലുള്ള ജനനമരണ രജിസ്ട്രേഷൻ സംവിധാനം കുറ്റമറ്റതല്ല. നമ്മുടെ പഞ്ചായത്തിന്റെ കണക്കനുസരിച്ച് 1993-94 ൽ 80 ജനനവും 95 മരണവും, 94-95 ൽ 95 ജനനവും 81 മരണവും, 95-96 ൽ 60 ജനനവും 75 മരണവുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 1995-96 ൽ 60 ജനനങ്ങൾ മാത്രം പഞ്ചായത്തിൽ രജിസ്ട്രർ ചെയ്തപ്പോൾ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെയും അംഗൻവാടികളുടെയും കണക്കുകൾ പ്രകാരം ഈ കലയളവിൽ 287 കുട്ടികൾ ജനിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ജനനങ്ങളും മരണങ്ങളും സംഭവിച്ച സ്ഥലത്ത് രജിസ്ട്രർ ചെയ്യുകയെന്ന നിയമം നിലവിൽ ഉള്ളതുകൊണ്ടാണ് മേൽ പറഞ്ഞ വ്യത്യാസം ഉണ്ടായിട്ടുള്ളത്.

നമ്മുടെ പഞ്ചായത്തിൽ 135 പേരോളം ഏതെങ്കിലും രീതിയിൽ അംഗവൈകല്യം ഉള്ളവരായിട്ടുണ്ട്. ഇവരുടെ ക്ഷേമപ്രവർത്തന ങ്ങളിലും പുനരധിവാസത്തിലും ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

സാദ്ധ്യതകൾ

പൂത്തൃക്ക പ്രാഥമികാരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് 15 കിടക്കകൾ ഉള്ള ഒരു വാർഡ് പണിയുകയും അതിന് ആവശ്യമായതും ഇപ്പോൾ ഒഴിവുള്ളതുമായ മുഴുവൻ തസ്തികകളിലും ജീവനക്കാരെ നിയമിക്കുകയും ചെയ്യുക. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപുത്രിയായി മാറ്റിയാൽ നമ്മുടെ പഞ്ചായത്തിൽ ആരോഗ്യരംഗത്ത് വലിയൊരു നേട്ടമാകും.

സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ (കുടുബക്ഷേമകേന്ദ്രങ്ങൾ)ക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടായാലെ ഫലപ്രദമായി പ്രവർത്തിയ്കുവാൻ സാധിക്കുകയുള്ളു.

ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ആയുർവേദഡിസ്പെൻസറിക്ക് സ്വന്തമായി

സ്ഥലവും കെട്ടിടവും ഉണ്ടാക്കി രോഗികകളെ കിടത്തി ചികത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രിയാക്കി മാറ്റുക.

പഞ്ചായത്തിൽ ഒരു സർക്കാർ ഹോമിയോ ഡിസ്പെൻസറി ആരംഭിച്ചാൽ അത് വലിയൊരു നേട്ടമായിരിക്കും.

ആവശ്യമായ സ്ഥലങ്ങളിൽ P.H.C യുടെ സബ്സെൻററുകൾ തുടങ്ങിയാൽ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും ആരോഗ്യ പ്രവർത്തനങ്ങൾ കൃത്യമായും എത്തിക്കുവാൻ സാധിക്കും.

മാതൃശിശുസംരക്ഷണ രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന അംഗൻവാടികളുടെ ഇല്ലായ്മകൾ പരിഹരിക്കുകയും ജീവനക്കാരുടെ അപര്യാപ്തമായ പ്രതിഫലം ഉയർത്തുകയും ചെയ്യേണ്ടതാണ്

ആരോഗ്യ വിദ്യാഭ്യാസ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

കുടിവെള്ളം

കിണറുകളെയും, കുളങ്ങളെയും പൈപ്പ് ലൈനുകളെയുമാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. അതിൽ പൈപ്പ്ലൈനുകളുടെയും പൊതുടാപ്പുകളുടെയും കാര്യത്തിൽ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തുനിന്നും പരാതികൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ പഞ്ചായത്ത് അതിർത്തിയിലുള്ള വാട്ടൾട്രീറ്റ്മെൻറ് പ്ലാൻറിൽ നിന്നും പൈപ്പ് ലൈൻ വഴി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം എത്തുന്നുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ പൊരുത്തപ്പെടുന്നില്ലെന്നു കാണാം. വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറിൻെറ പല പോരായ്മകൾ കൊണ്ടും നമ്മുടെ പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭിയ്ക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ കൂടികടന്നു പോകുന്ന പെരിയാർ വാലികനാലും കുടുമ്പനാട്, തമ്മാനിമറ്റം, കറുകപ്പിള്ളി എന്നീലിഫ്റ്റ് ഇരിഗേഷൻ സ്കീമുകളും ഒരു പരിധിവരെ കുടിവെള്ളപ്രശ്നത്തിനും ജലസേചനത്തിനും പരിഹാരമാകുന്നുണ്ട്. അതു കൊണ്ട് ഈ സ്കീമുകളുടെ സംരക്ഷണവും അറ്റകുറ്റപണികളും പുരോഗമന പ്രവർത്തനങ്ങളും മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമല്ലാത്ത അംഗൻവാടികൾ, മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിയേണ്ടതാണ്.

സാദ്ധ്യതകൾ

ചൂണ്ടി വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറിൻേറയും കുടുമ്പനാട് പമ്പിംഗ് സ്റ്റേഷൻേറയും പ്രവർത്തന ശേഷികൂട്ടിയും പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം എത്തത്തക്ക വിധത്തിൽ ഹെഡ്ടാങ്ക് നിർമ്മിച്ചും പൈപ്പ ലൈനുകൾ എത്താത്ത സ്ഥലങ്ങളിൽ കൂടുതൽ പൈപ്പ് ലൈനുകളും പൊതുടാപ്പുകളും സ്ഥാപിച്ചാൽ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം മാകുന്നതാണ്.

കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താതെ ഉപയോഗശൂന്യമായി കിടക്കുന്ന പൊതുകിണറുകൾ നന്നാക്കി ഉപയോഗയോഗ്യമാക്കാവുന്നതാണ്.

പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന കുഴൽ കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കാവുന്നതാണ്.

പുതിയപൈപ്പ് ലൈനുകളും പൊതുടാപ്പുകളും സ്ഥാപിക്കുകയും ഉള്ള ടാപ്പുകളിൽ കൃത്യമായി വെള്ളം എത്തിയ്ക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക.

പഞ്ചായത്തിൻെറ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിന് താഴ്ന്ന സമീപ പ്രദേശങ്ങളിൽ കുളങ്ങൾ കുഴിച്ചും മോട്ടോറുകൾ ഘടിപ്പിച്ചും ഹെഡ് ടാങ്കിൽ നിന്നും പൈപ്പ് ലൈൻ വഴി കുടിവെള്ളം വിതരണം ചെയ്യാവുന്നതാണ്.

ഗാർഹിക ആവശ്യങ്ങൾക്ക് ശുദ്ധജല കണക്ഷനുകൾ ആവശ്യപ്പെടുന്നവർക്ക് നല്കു കയും അതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരി ക്കുകയും ചെയ്യുക.

പരിസരശുചിത്വം

ജീവൻെറ നിലനില്പിന് പ്രാണവായുവും ജലവും ആഹാരവും കൂടിയേതീരു എന്നതു പോലെ ജീവൻെറ ആരോഗ്യകരമായ നിലനില്പിന് വ്യക്തിശുചിതവും പരിസരശുചിത്വവും അത്യന്താപേക്ഷിതമാണ്. "വൃത്തിയുള്ള പരിസരം ആരോഗ്യത്തിന് ഉത്തമം". മനുഷ്യൻെറ ഭൗതീകമായ വളർച്ചയിലോ, ആരോഗ്യത്തിനോ, നിലനില്പിനോ, നാശകരമായ ഫലങ്ങൾ പ്രധാനം ചെയ്യുന്നതോ, ചെയ്യുവാൻ സാദ്ധകത ഉള്ളതോ ആയ പരിസരത്തിലെ എല്ലാ ഘടകങ്ങളും നിയന്ത്രിക്കുക എന്നതാണ് പരിസരശുചീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഓരോ വ്യക്തിയും കുടുബവും പരിസര ശുചിത്വത്തിൽ അവരവരുടെ കടമകൾ നിർവ്വഹിക്കേണ്ടതൊടൊപ്പം സമൂഹത്തിനും ചില കടമകൾ നിർവ്വഹിക്കുവാനുണ്ട്. അവരവരുടെ വീടും പരിസരവും വൃത്തിയായി സുക്ഷിക്കുക, വീടിൻെറ പരിസരത്ത് വെള്ളം കെട്ടികിടക്കുവാൻ അനുവദിക്കാതിരിക്കുക, ചപ്പുചവറുകൾ നിരത്തുകളിലും, പൊതുസ്ഥലങ്ങളിലും വലിച്ചെറിയാതിരിക്കുക, പൊതുസ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്താതിരിക്കുക, കക്കൂസുകൾ ഉപയോഗിക്കുക തുടങ്ങിയ കാര്യങ്ങൾ ഓരോ വ്യക്തിയും അതു വഴി സമൂഹവും ശീലിക്കുകയും പ്രവർത്തിമണ്ഡലത്തിൽ എത്തിയ്ക്കുകയും ചെയ്താൽ പരിസര മലിനീകരണം മൂലമുള്ള പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ സാധിക്കും.

നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി വീടുകളും കക്കൂസുകളും ഇല്ലാത്ത ധാരാളം പേർ ഉള്ളതായി കാണുവാൻ സാധിക്കുന്നു. ശുദ്ധജല ദൗർലഭവും പരിസരശുചിത്വമില്ലായ്മ കാരണമായി തീരുന്നു. ഫാക്ടറികൾ, വ്യാവസായ സ്ഥാപനങ്ങൾ എന്നിവകളിൽ നിന്നുള്ള പരിസരമലിനീകരണം ചില വാർഡുകളിൽ അനുഭവപ്പെടുന്നുണ്ടെങ്കിലും പഞ്ചായത്തിനെ മൊത്തമായി ബാധിച്ചിട്ടില്ല എന്നത് ആശ്വാസം പകരുന്നു. ഭാവിയിൽ ഇത് ഉണ്ടാക്കുവാനുള്ള സാദ്ധ്യതകൾ മുൻകൂട്ടികണ്ട് വേണ്ട നിയന്ത്രണങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ കോലഞ്ചേരി, ചൂണ്ടി തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ വേണ്ട വിധത്തിലുള്ള ശുചീകരണപ്രവർത്തനങ്ങൾ നടക്കുന്നില്ല. ചപ്പും ചവറുകളും മാലിന്യങ്ങളും പാഴ് വസ്തുക്കളും പൊതുസ്ഥലത്ത് നിക്ഷേപിച്ചും പരിലരമലിനീകരണം ഉണ്ടാക്കുാതിരിക്കുവാൻ കച്ചവടസ്ഥാപനങ്ങളും മറ്റു സ്ഥാാപനങ്ങളും ശ്രദ്ധിക്കേണ്ടതാണ്. ഹോട്ടലുകളിൽ നിന്നും മറ്റുമുള്ള മലിനജലം പൊതുനിരത്തിലേക്കും ഒഴുകികെട്ടിനില്ക്കുന്നത് കാണുവാൻ സാധിക്കും. പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ പൊതുകക്കൂസും മൂത്രപ്പുരയും ഇല്ലയെന്നുള്ളത് ശ്രദ്ധേയമാണ്.

സാദ്ധ്യതകൾ

കോലഞ്ചേരി, ചൂണ്ടി തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ ചപ്പുചവറുകൾ ശേഖരിക്കുന്നതിനും ബന്നുകൾ വെയ്ക്കുകയും അവയെ യഥാസമയങ്ങളിൽ ശേഖരിച്ച് ആൾപ്പാർപ്പ് കുറവായതും അനുയോജ്യമായതുമായ സ്ഥലം കണ്ടെത്തി ചുറ്റുമതിൽ തീർത്ത് അവിടെ കൊണ്ടുപോയി സംസ്കരിച്ചെടുക്കുന്നുതിനുള്ള സംവിധാനങ്ങളും ജീവനക്കാരെയും കണ്ടെത്തി യാൽ നമ്മുടെ പഞ്ചായത്തിലെ പരസര മലിനീകരണം ലഘൂകരിക്കാം.

കക്കൂസുകൾ ഇല്ലാത്ത താഴ്ന്ന വരുമാനക്കാരായ സാധാരണ ജനങ്ങൾക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ചു കൊടുക്കകയും അത് ഉപയോഗിയ്ക്കുവാൻ അവരെ പ്രേരിപ്പിയ്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

മലിനജലം ഒഴുകിപോകുന്നതിന് ആവശ്യമായ ഓടകൾ നിർമ്മിക്കുകയും ഉള്ളവ നന്നാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

പൊതുനിരത്തുകളുടെ സൈഡുകൾ ഇറച്ചി, മീൻ, എന്നിവ വില്ക്കുന്ന ചന്തയായി മാറുന്നത് നിരോധിയ്ക്കുകയും അവ വില്ക്കുന്നതിന് വേണ്ട സൗകര്യം ഉണ്ടാക്കി കൊടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

പരിസരശുചിത്വം എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തണം. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

1. പൂത്തൃക്ക പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 15 കിടക്കകളുള്ള വാർഡ് നിർമ്മിയ്ക്കണം.
2. ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കണം.
3. P.H.C യുടെയും സബ്സെൻററിൻെറയും ചുറ്റുമതിൽ കെട്ടുകയും മെയിൻറനസ് നടത്തുകയും ചെയ്യണം.
4. വാടകകെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന ആയുർവേദഡിസ്പെൻസറിക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കണം.
5. ആവശ്യമായ മരുന്നകൾ ലഭ്യാമക്കണം.
6. ഒഴിവുള്ള തസ്തികളിൽ ജീവനക്കാരെ നിയമിക്കണം.
7. സർക്കാർ ഹോമിയോ ഡിസ്പെൻസറി തുടങ്ങണം.
8. അംഗൻ വാടികളിൽ പ്രവർത്തിക്കുന്ന സബ്സെൻററുകൾക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കണം.
9. പൊതുകിണറുകൾ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കണം
10. 100 മീറ്റർ ദൂരത്തിൽ വെള്ളം കിട്ടത്തക്കരീതിയിൽ ടാപ്പ് ഇടണം.
11. നിരപ്പേമല കോളനിയിലെ ടാങ്കിലേക്ക്

കറുകപ്പിള്ളി ചാലിൽ നിന്നും വെള്ളം പമ്പ് ചെയ്തു കയറ്റണം.

12. പണ്ടാരമുകൾ കോളനിയിൽ വെള്ളം എത്തിയ്ക്കുന്നതിനായി കുളം, മോട്ടോർ, ഹെഡ് ടാങ്ക് എന്നിവ ഉണ്ടാക്കണം.

13. കേടായി കിടക്കുന്ന പൊതുടാപ്പുകൾ നന്നാക്കണം.

14. പൈപ്പ് ലൈൻ എത്താത്ത സ്ഥലങ്ങളിൽ പൈപ്പ് ഇടണം.

15. കക്കൂസുകൾ ഇല്ലാത്തവർക്ക് കക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം.

16. പൊതുടാപ്പുകളുടെ അടുത്ത് അലക്ക് കുളി, കാലികളെ കുളിപ്പിയ്ക്കൽ മുതലായവ ഒഴിവാക്കുക.

17. ഇറിഗേഷൻ സ്കീമുകളുടെ മെയിൻറനൻസുകൾ കൃത്യമായി നടത്തണം.

18. പ്രധാന ജംഗ്ഷനുകളിൽ ചപ്പ് ചവറുകൾ ശേഖരിക്കുന്നതിന് ആവശ്യമായി ബിന്നുകൾ സ്ഥാപിയ്ക്കുക.

19. പ്രധാന ജംഗ്ഷനുകളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.

20. കൊതുകുനിവാരണ പ്രവർത്തനങ്ങൾ നടത്തുക.

21. ഓടകൾ വൃത്തിയാക്കുകയും ആവശ്യമായ ഭാഗങ്ങളിൽ പുതിയവ നിർമ്മിക്കുകയും ചെയ്യുക.

22. ചപ്പ് ചവറുകൾ നീക്കം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുക.

23. ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തണം.

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണ് നാം .മിഷ്യനറിമാർ, സാമൂഹ്യപരിഷ്കർത്താക്കൾ, സ്വകാര്യ സംരംഭകർ എന്നിവരോട് ഇക്കാര്യത്തിൽ കടപ്പെട്ടിരിക്കുന്നു.

ഐക്യ കേരളരൂപികരണത്തിനു ശേഷം സർക്കാർ ഈ മേഘല ഏറ്റെടുത്തു. ധാരാളം പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു. ബഡ്ജറ്റിന്റെ 31 ശതമാനം വിദ്യാഭ്യാസത്തിനു വേണ്ടി ചെലവഴിക്കുന്നു. എന്നിട്ടും പണം തികയുന്നില്ല. സർക്കാർ വക സ്ഥാപനങ്ങിലെ അസൗകര്യങ്ങളും ഇല്ലായ്മകളും അദ്ധ്യായനനിലവാരം കുറയാൻ ഇടയാക്കി. സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക് വിദ്യാർത്ഥികളുടെ തള്ളിക്കയറ്റം ഉണ്ടായി. സാങ്കേതിക വിദ്യാലയങ്ങളുടെ അപര്യാപ്തത തൊഴിലില്ലായ്മ വർദ്ധിപ്പിച്ചു.

പൂത്യൃക്ക പഞ്ചായത്തിലെ വിദ്യാഭ്യാസത്തിന്റെ ചരിത്രം കോലഞ്ചേരിയിലുള്ള സെൻറ് പീറ്റേഴ്സ് & സെൻറ് പോൾസ് പള്ളിയോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. 1910ൽ പള്ളിയുടെ മാനേജ്മെൻറിൽ തുടങ്ങിയ കോലഞ്ചേരി എൽ.പി. സ്ക്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂൾ. പിന്നീട് ഇത് സർക്കാരിലേക്ക് വിട്ടുകൊടുത്തു ഏതാണ്ട് ഈ കാലത്തുതന്നെ ആറ് എൽ.പി. സ്ക്കൂളുകൾ തുടങ്ങുകയും പിന്നീട് സർക്കാരിലേക്ക് വിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ട്. 1919 ൽ സെൻറ് പീറ്റേഴ്സ് മിഡിൽ സ്ക്കൂൾ സ്ഥാപിതമായി.

1937ൽ ഇത് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. അന്നത്തെ ബ്രിട്ടീഷ് റസിഡൻറ് ശ്രീ. സി.പി. സ്ക്രൈം ആയിരുന്നു ഉൽഘാടകൻ. 1995 ൽ ഈ സ്ക്കൂൾ ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂളായി ഉയർന്നു.

കോലഞ്ചേരി പള്ളിയുമായി ബന്ധപ്പെട്ട ഏതാനും പ്രമുഖ വ്യക്തികളുടേയും ശ്രമഫലമായി സ്ഥാപിക്കപ്പെട്ട സെൻറ് പീറ്റേഴ്സ് കോളേജ് പഞ്ചായത്തിന് ഒരു മുതൽ കൂട്ടാണ്. കോളേജ് വന്നതോടുകൂടി ധാരാളം പാരലൽ കോളേജുകളും ട്യൂഷൻ സെൻററുകളും വ്യാപാരസ്ഥാപനങ്ങളും കോലഞ്ചേരിയിലുണ്ടായി. അങ്ങനെ കോലഞ്ചേരി നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസകേന്ദ്രവും ഒരു പട്ടണവുമായി രൂപാന്തപ്പെട്ടു. പള്ളിയുടെ മാനേജമെൻററിൽ ഒരു ടീച്ചേഴ്സ് ട്രെയ്നിംഗ് സ്ക്കൂളും പ്രവർത്തിച്ചുവരുന്നു.

പൂത്യൃക്ക സെൻറ് മേരീസ് ജാക്കബൈറ്റ് സിറിയൻ ചർച്ചും നാട്ടിലെ പ്രമുഖ വ്യക്തികളും കൂട്ടായി പ്രവർത്തിച്ചതിന്റെ ഫലമാണ് പൂത്യൃക്ക ഗവൺമെൻറ് എൽ.പി. സ്ക്കൂൾ. അത് പിന്നീട് ഹൈസ്ക്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.

നാട്ടുകാരുടേയും പി.ടി.ഐ.യുടെയും സഹകരണത്തോടെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഇല്ലായ്മകളുടേയും അനേകം കഥകൾ പറയുവാനുണ്ട്. കെട്ടിടത്തിനേറയും ഫർണീച്ചറിന്റെയും കളിസ്ഥലത്തിനേറയും കുറവ് പ്രശ്നമാണ് M.P. യുടെ ഫണ്ടിൽ നിന്നും ലഭിച്ചതുകയും പഞ്ചായത്തുഫണ്ടിൽ നിന്നും ലഭിച്ചതുകയും P.T.A. സമാഹരിച്ചെടുത്തുതുകയും ചേർത്ത് ഈ സ്ക്കൂളിൽ ഒരു കമ്പ്യൂട്ടർ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

ഇന്ന് പൂത്യൃക്ക പഞ്ചായത്തിലെ പാലയ്ക്കാമറ്റം ഒഴികെയുള്ള എല്ലാ വാർഡുകളിലും പ്രൈമറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

1.7 വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചവിവരങ്ങൾ

Ref. AVG

പാരൽ കോളേജ്			കോളേജുകൾ			സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ)			നഴ്സറി			L.P.S					U.P.S					H.S.S/H.S					വാർഡ്
സ്കൂൾ കോളേജ് സ്കൂൾ			സർക്കാർ			സർക്കാർ			സർക്കാർ			സർക്കാർ					സർക്കാർ					സർക്കാർ				
കോളേജ് മാത്രം			സ്വകാര്യം			സ്വകാര്യം			പ്രത്യേകം			എയിഡഡ്					എയിഡഡ്					എയിഡഡ്				
സ്കൂൾ			ആകെ			ആകെ			ആകെ			മറ്റുള്ളവ					അൺഎയിഡഡ്					അൺഎയിഡഡ്				
												ആകെ					മറ്റുള്ളവ					മറ്റുള്ളവ				
																	ആകെ					ആകെ				

1.8 അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

Ref. A.V.F.G.

സ്ക്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			മറ്റു സൗകര്യങ്ങൾ			
							കെട്ടിടം		ഫർണിച്ചർ	
	ആണ്	പെണ്ണ്	ആകെ	ആണ്	പെണ്ണ്	ആകെ	വേണ്ടത്ര ഉള്ളവർ	വേണ്ടത്ര ഇല്ലാത്തവർ	വേണ്ടത്ര ഉ ള്ളവർ	വേണ്ടത്ര ഇല്ലാത്തവച്ച
1	2	3	4	5	6	7	8	9	10	11
H.S	27	42	69	812	787	1599				ഗവ: ഹൈസ്ക്കൂൾ പൂത്തൃക്കാ
U.P.S	16	15	31	304	297	601				ഗവ: യു.പി. സ്ക്കൂൾ കറുകപ്പിള്ളി.
L.P.S	5	22	27	374	363	737		ഗവ: L.P.S വടയംമ്പാടി.		ഗവ: L.P. സ്ക്കൂൾ
Pre-Primary	Nil	13	13	217	205	422				
ആകെ	48	92	140	1707	1652	3359				

9.4. അക്കാദമിക് സൗകര്യങ്ങൾ

സ്ക്കൂളിന്റെ പേര്	ഓഡിറ്റോറിയം ഉണ്ട് / ഇല്ല് പ്രവർത്തനക്ഷമമാണ്/ അല്ല	ലൈബ്രറി/സ്വന്തമായ കോർണർ ഉണ്ട് / ഇല്ല് പ്രവർത്തനക്ഷമമാണ്/ അല്ല	പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) ലഭ്യമാണ് ഉണ്ട് ഇല്ല്	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം								ബ്ലാക്ക് ബോർഡ്		95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം.	സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ	പ്രത്യേക പൊതു അവധി കളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം.	മാതൃസംഗമം/ സജീവം സജീവമല്ല	സ്കൂൾ പി ടി എ കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്/ഇല്ല്
				റേഡിയോ	ടേപ്പ്റെക്കോർഡർ	ടി.വി. സെറ്റ്	വി.സി.ആർ/ വി.സി.പി	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ്പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്					
	1	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
G.H.S, Poothrikka	✔	✔	×	×	×	×	×	×	×	×	✔	15	30	195	5	10	✔	✔
St. Peter's H.S. Kolenchery	✔	✔	✔	✔	×	×	×	×	×	×	×	15	25	187	×	×	✔	✔
G.U.P.S Kurinji	×	✔	×	×	×	×	×	×	×	×	×	5	6	191	×	6	✔	✔
G.U.P.S. Karukappilly	✔	✔	×	×	×	×	×	×	×	×	×	7	7	192	×	×	✔	✔
M.M.U.P.S. Kinginimattom	✔	✔	×	✔	×	×	×	×	×	×	×	7	7	194	×	6	✔	✔
G.L.P.S. Kakkattupara	✔	×	×	×	×	×	×	×	×	×	×	4	×	190	×	10	✔	✔
G.L.P.S. Kolenchery	✔	✔	×	×	×	×	×	×	×	×	×	8	6	190	3	4	✔	✔
L.P.S. Thammanimattom	✔	×	✔	×	×	×	×	×	×	×	×	4	3	193	×	3	✔	✔
G.L.P.S. Vadayampady	×	×	×	×	×	×	×	×	×	×	×	2	4	186	×	×	✔	✔
St. Pauls Junior School, Kolenchery	✔	✔	✔	✔	×	×	×	×	×	×	×	×	16	195	3	×	✔	✔

9.5. അക്കാദമിക് നിലവാരം

സ്ക്കൂളിന്റെ പേര് : .....

കുട്ടികളുടെ പൊതുനിലവാരം								SSLC വിജയശതമാനം			
ക്ലാ സ്സ്	ആകെ	30% താഴെ കുട്ടികൾ	30-40 മാർക്ക് നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60% ത്തിൽ ശതമാനം നേടുന്നവർ	91-92 കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
G.H.S. Poothrikka (SSLC)	113	22	28	22	22	17	77%	73%	90.4%	80.4%	85%
St. Peter's Kolenchery (SSLC)	114	14	45	25	10	20	—	73%	75%	90%	70%
SSLC പരീക്ഷ എഴുതിയവർ											

●ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെപരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ.

● ഓരോ സ്ക്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക, ക്രോഡീകരണത്തിന് ഇതു പോലുള്ള മറ്റൊരു ഫോറം ഉപയോഗിക്കുക.

ഗ്രാമപഞ്ചായത്ത്

9.7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്രമനമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംസംഗ്രാന്റ്	മുസ്ലിം പെൺകുട്ടികളുടെസ്കോളർഷിപ്പ്	വികലാംഗ സ്കോളർ ഷിപ്പ്	ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം	ബിഡി തൊഴിലാളി സ്കോളർഷിപ്പ്	മത്സ്യത്തൊഴിവാളികളുടെ കുട്ടികൾക്കുള്ള സ്കോളർ ഷിപ്പ്	മറ്റുള്ളവ (വ്യക്തമാക്കുക)
1	G.H.S. Poothrikka	10	201	—	15	—	—	—	—
2	St. Peter's H. School, kolenchery	2	110	—	1	—	—	—	—
3	G.U.P.S. Kurinji	6	30	—	—	—	—	—	—
4	G.U.P.S. Karukappilly	—	Rs.1690/-	—	Rs.600/-	—	—	—	—
5	M.M.U.P.S. Kigninimattom	—	40	—	-	—	—	—	—
6	G.L.P.S. Kakkattupara	—	21	—	—	—	—	—	—
7	G.L.P.S. Kolenchery	—	57	—	—	—	—	—	—
8	G.L.P.S. Thammanimattom	—	13	—	—	—	—	—	—
9	G.L.P.S. Vadayampady	—	25	—	—	—	—	—	—
10	St. Pauls Junior School, Kolenchery	—	11	—	—	—	—	—	

പൂത്തൃക്ക പഞ്ചായത്തിൽ എട്ട് വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ഗ്രാമത്തിന്റെ സാംസ്കാരീക പുരോഗതിക്ക് വായനശാലകൾ പ്രധാന പങ്കുവഹിക്കേണ്ടതാണ്. വായനശാലകൾ ആ പ്രദേശത്തിന്റെ സാംസ്കാരിക കേന്ദ്രമാക്കണം. അതിനുതക്ക വണ്ണം വായനശാലകളെ രൂപാന്തര പ്പെടുത്തണം. എന്നാൽ പലകാരണങ്ങൾ കൊണ്ടും ഗ്രാമീണ വായനശാലകളുടെ പ്രവർത്തനം നാമമാത്രമാണ്.

സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നല്ല നിലയിൽ ആരംഭിക്കുവാൻ കഴിഞ്ഞു. എന്നാൽ പഠിതാക്കൾ ക്രമേണ കൊഴിഞ്ഞു പോകുകയും തുടർന്നവർക്ക് നല്ല നിലയിൽ തുടർവിദ്യാഭ്യാസം നല്കുന്നതിൻ വേണ്ടത്ര വിജയിക്കുവാൻ കഴിയാതെ വരികയും ചെയ്തു.

പ്രശ്നങ്ങൾ

1. കെട്ടിടങ്ങൾ വളരെ പഴക്കമുള്ളവയും ചോർന്നൊലിക്കുന്നവയുമാണ്. എത്രയുംവേഗം അറ്റകുറ്റപ്പണികൾ ചെയ്യണം.
2. ബഞ്ച്, ഡസ്ക്ക്, ബോർഡ്, കസേര, മേശ എന്നിവ മിക്ക സ്ക്കൂളിലും ആവശ്യത്തിന് തികയുകയില്ല. അറ്റകുറ്റപ്പണി ചെയ്യേണ്ടതും ഉണ്ട്.
3. ചുറ്റുമതിൽ ഇല്ല. കന്നുകാലികളും മറ്റ് ജന്തുക്കളും പഠനസമയത്ത് ശല്യം ചെയ്യുന്നു.
4. കളിസ്ഥലം ഇല്ല. തട്ടുതട്ടായികിടക്കുന്ന സ്ഥലം നികത്തി എടുക്കണം.
5. എല്ലാപ്രൈമറിസ്ക്കൂളുകളിലും പ്രീപ്രൈമറി സ്ക്കൂളുകളും ഡെകെയർ കേന്ദ്രങ്ങളും തുടങ്ങണം.
6. ഒരു സ്ക്കൂളിലും വേണ്ടത്ര പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളും ഇല്ല.
7. എല്ലാ സ്ക്കൂളിലും ആവശ്യത്തിന് ശുദ്ധജലം എത്തിക്കണം.
8. എല്ലാ സ്ക്കൂളുകളേയും വൈദ്യുതീകരിക്കണം.
9. പ്രൈമറി സ്ക്കൂൾ മുതൽ കായികപരിശീലനം ആരംഭിക്കണം.
10. ആദ്ധ്യാപരക്ഷാകർതൃസമിതികൂടി കുട്ടികളുടെ പഠനനിലവാരം വിലയിരുത്തണം.
11. എല്ലാ സ്ക്കൂളിനോടും അനുബന്ധിച്ച് പൂന്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കണം.
12. യു.പി.സ്ക്കൂൾ ഇല്ലാത്ത വാർഡുകളിൽ എൽ.പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം.
13. പാലയ്ക്കാമറ്റം വാർഡിൽ ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കണം.
14. എല്ലാ വാർഡുകളിലും ഓരോ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങണം.
15. നാമമാത്രമായ ഗ്രാൻറ് കൊണ്ട് ഗ്രാമീണ വായനശാലകൾ പ്രവർത്തിക്കുവാൻ കഴിയില്ല.
16. റേഡിയോ, ടി.വി. തുടങ്ങിയ മാദ്ധ്യമങ്ങൾ പ്രചാരത്തിൽ വന്നതോടെ ആളുകളെ വായനശാലകളിലേക്ക് ആകർഷിക്കുന്നില്ല.
17. കാർഷീക പ്രസിദ്ധീകരണങ്ങൾ സർക്കാർ തലത്തിൽ അച്ചടിച്ച് വായനശാലകൾക്ക് നല്കണം.
18. സാക്ഷരതാപ്രവർത്തനം വായനശാലകളുമായി ബന്ധപ്പെടുത്തണം.
19. സ്വന്തമായികെട്ടിടമില്ലാത്ത അങ്കൻവാടികൾക്ക് കെട്ടിടം പണിയണം.
20. പുതിയ അംഗൻവാടികൾ ആവശ്യമുള്ള സ്ഥലങ്ങളിൽ അനുവദിക്കണം.
21. പുതിയ അംഗൻവാടികൾ ഡെ കെയർ സെൻററുകളായിട്ടും പ്രവർത്തിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.
22. പൂത്തൃക്കഹൈസ്ക്കൂൾ ഒരു ഹയർ സെക്കൻററി സ്ക്കൂളായി ഉയർത്തണം അല്ലെങ്കിൽ പ്ലസ് ടൂ അനുവദിക്കണം.
23. കോലഞ്ചേരിയിൽ ഒരു ബി.എഡ്.കോളേജ് തുടങ്ങണം.
24. കോലഞ്ചേരി V.H.S ൽ ഏതാനും കോഴ്സുകൾ കൂടി തുടങ്ങണം.
25. സ്ക്കൂൾ കുട്ടികളുടെ ആരോഗ്യപരിശോധന ആറുമാസത്തിലൊരിക്കൽ സൗജന്യമായി ചെയ്യണം.
26. എൽ.പി. സ്ക്കൂളിലെ എല്ലാകുട്ടികൾക്കും ഉച്ചഭക്ഷണം നല്കണം.
27. കറുകപ്പിള്ളി സ്കൂൾ ഗ്രൗണ്ടിൽ ഒരു സ്റ്റേജ് വേണം.
28. കുറുഞ്ഞി ഗവൺമെൻറ് U.P സ്ക്കൂളിന് കളിസ്ഥലമില്ല.

പാർപ്പിടവും സാമൂഹ്യസേവനവും

പാർപ്പിടം

പൂത്തൃക്ക പഞ്ചായത്തിലെ 1995-96 വർഷത്തെ കെട്ടിടനികുതി അസസ്മെൻറ് രജിസ്റ്റർ പ്രകാരം 8055 കെട്ടിടങ്ങളുണ്ട്. ഇതിൽ ഉദ്ദേശം 1005 ഓളം നമ്പർ മുറികൾ കടകളായിട്ട് മാറും. ബാക്കി 7050 ഓളം പാർപ്പിടങ്ങൾ ഉണ്ട്. ഇതിൽ 45% ത്തോളം വീടുകൾ ശരിയായ വാസയോഗ്യമായ വീടുകളല്ല. ഇത് കാണിക്കുന്നത് പാർപ്പിടസൗകര്യം തൃപ്തകരമല്ല എന്നാണ് വിവിധ ഏജൻസികൾ വഴി ഇന്നു നല്കിവരുന്ന വീടുകൾ പഞ്ചായത്തിൻെറ നേരിട്ടുള്ള മേൽനോട്ടത്തിൽ ഏകോപിപ്പിച്ച് അനുവദിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ ഒന്നിൽ കൂടുതൽ നിലകളുള്ള 285 വീടുകളുണ്ട്. 3146 എണ്ണം കോൺക്രീറ്റും 3912 എണ്ണം ഓടിട്ടതും 861 എണ്ണം ഓലമേഞ്ഞിട്ടുള്ളവയുമാണ്. 167 എണ്ണം മറ്റ് വിഭാഗത്തിൽപ്പെട്ടതാണ്. കഴിഞ്ഞ 5 വർഷം കൊണ്ട് 1530 വീടുകൾ കൂടുതൽ ആയിട്ടുണ്ടായി. മൊത്തം വീടുകളിൽ ബഹുഭൂരിപക്ഷം വീടുകളുടെ തറ സിമൻറിട്ടിട്ടുള്ളതാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, സർവ്വീസ് സഹകരണബാങ്ക്, സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, എച്ച്.ഡി.എഫ്.സി., ജി.സി.ഡി.എ. തുടങ്ങിയ സ്ഥാപനങ്ങളുടെ വായ്പ ഉപയോഗിച്ച് പല വീടുകളും പണികഴിപ്പിച്ചിട്ടുണ്ട്.

പൂത്തൃക്ക പഞ്ചായത്തിലെ പാർപ്പിട പ്രശ്നം തൃപ്തികരമല്ല. ഈ പഞ്ചായത്തിൽ 16 ഹരിജൻ കോളനികൾ നിലവിലുണ്ട്. ഈ കോളനികളിലെ പാർപ്പിടപ്രശ്നം ഇനിയും വളരെയോറെ പരിഹൃതമാകേണ്ടതുണ്ട്. നിലവിലുള്ള വീടുകൾക്ക് കാലോചിതമായ പരിഷ്കരണം ആവശ്യമാണ്. റോഡ് പുറമ്പോക്ക് മറ്റ് പുറമ്പോക്ക് ഭൂമികൾ, കനാൽ പുറമ്പോക്ക് എന്നിവിടങ്ങളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഗൾഫ് വരുമാനത്തിൻെറ സിംഹഭാഗവും പാർപ്പിടത്തിനായി ചിലവഴിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഇനിയും ആയിരത്തോളം വീടുകൾ പുതിയതായി നിർമ്മിക്കേണ്ടതുണ്ട്. ഇതിൽ ഭൂരിപക്ഷവും ഭവനനിർമ്മാണ വായ്പയോ സാമ്പത്തിക സഹായമോ നല്കി നിർമ്മിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് സ്ഥലം നല്കിയവയിലും ലക്ഷം വീട് കോളനി, ഹരിജൻ കോളനി, എന്നിവയിലും പാർപ്പിടപ്രശ്നം രൂക്ഷമാണ്.

ഇവർക്ക് സൗജന്യമായി വീട് പണിയുന്നതിനുള്ള സാധ്യതകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ കൂടി JRY സ്കീമുകളിൽ ഒരു വഷം 10 വീടുകൾ വീതം ഹരിജനങ്ങൾക്ക് നല്കുന്നുണ്ട്. ഇത് തീരെ അപര്യാപ്തമാണ്.

ഭവനനിർമ്മാണരംഗത്ത് നിർമ്മാണച്ചിലവ് ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. തന്മൂലം സർക്കാർ ഏജൻസികൾ നല്കുന്ന വായ്പ തുകകൾ കൊണ്ട് വീട് പണിയിപ്പിക്കുവാൻ കഴിയുന്നില്ല. ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ വായ്പതുക ചെലവുകൾ അനുസരണമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം
2. ഭൂമിക്കുണ്ടായിട്ടുള്ള ഭിമമായ വിലക്കയറ്റം
3. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം.
4. ഭവനവായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
5. ദുർവ്യയമില്ലാത്ത വീടുകളുടെ നിർമ്മാണം.

സാദ്ധ്യതകൾ

1. ചെലവുകുറഞ്ഞ നിർമ്മാണരീതികൾ അവലംബിക്കുക.
2. വായ്പാ ഏജൻസികളുടെ നിയമങ്ങൾ ലഘൂകരിക്കുകയും വായ്പതുക വർദ്ധിപ്പിക്കുകയും ചെയ്യുക.
3. നിർമ്മിതികേന്ദ്രങ്ങൾ പഞ്ചായത്തുതോറും സ്ഥാപിക്കുക.
4. ലൈസൻസിംഗ് സമ്പ്രദായം ലഘൂകരിക്കുക.
5. കെട്ടിട നിർമ്മാണതൊഴിലാളികൾക്ക് പരിശീലനം നല്കി കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് കൊണ്ടുവരിക.
6. ഭൂരഹിതർക്കും, നിർദ്ധനർക്കുമുള്ള പ്രത്യേക ഭവനനിർമ്മാണപദ്ധതി ആവിഷ്കരിക്കുക.
7. ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് വീട് വക്കുന്നതിന് സ്ഥലം നല്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഒരേക്കർ, അമ്പത്തിഒന്നു സെൻറ് സ്ഥലം

വാങ്ങിയിട്ടുണ്ട്. ഇതു പ്രകാരം ഭൂമിയില്ലാത്ത 30 പേർക്ക് സ്ഥലം നല്കാൻ കഴിയും. ഇവർക്ക് വീട് നിർമ്മിക്കുന്നതിനാവശ്യമായ സഹായം സർക്കാരിൽ നിന്നുണ്ടാകണം.

സാമൂഹ്യക്ഷേമം

നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യമായി പിന്നോക്കം നില്ക്കുന്ന ആളുകളെ കണ്ടെത്തുകയും അവർക്കാവശ്യമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയുമാണ് സാമൂഹ്യക്ഷേമത്തിൽ വരുന്നത്. ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള ആളുകൾ ആരെല്ലാമാണെന്ന് വടവുകോട് ബ്ലോക്കിൽ നിന്നും നടത്തിയ IRDP സർവ്വെയിൽ നിന്നും വ്യക്തമാക്കും. ദരിദ്രജന വിഭാഗങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, പ്രാദേശിക സവിശേഷതകൾ വിശകലനം ചെയ്ത് പരിഹാരം കാണേണ്ടതുണ്ട്. DWCRA, IRDP യുടെ അനുബന്ധമായി വനിതകളുടെ സ്വാശ്രയത്വം മുന്നിൽ കണ്ടുകൊണ്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. UNICEF സഹായത്തോടുകൂടി 2 DWCRA യൂണിറ്റുകശ മാത്രമാണ് ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. സ്ത്രീകൾ സാമൂഹ്യ നേതൃത്വത്തിലേക്ക് കടന്നുവരാൻ കാണിക്കുന്ന വൈമനസ്യമാണ് ഈ പ്രവർത്തനത്തിന്റെ നടത്തിപ്പിന് തടസ്സമായി നില്ക്കുന്നത്. ഈ രണ്ട് യൂണിറ്റുകൊണ്ട് കേവലം 20 വനിതകൾക്കാണ് പ്രയോജനം ലഭിക്കുന്നത്. കൂടുതൽ വനിതകളെ ഇതിൽ ഗുണഭോക്തിക്കളാക്കുവാൻ ആവശ്യമായ ബോധവൽക്കരണം സാമൂഹ്യ സംഘടനകളും ഗ്രാമപഞ്ചായത്തുകളും ഏറ്റെടുക്കണം.

TRYSEM. IRDP യുടെ മറ്റൊരു അനുബന്ധ പദ്ധതിയാണിത്. ഗ്രാമീണ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നല്കിയും IRDP ലോൺ നല്കിയും സ്വയം തൊഴിൽ നടത്തുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശം. ഈ പദ്ധതിയിൽ 40- ഓളം പേർക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പരിശീലനം നല്കിയിട്ടുണ്ട്. ഇവരിൽ 19 ഓളം പേർ സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിൽ തൊഴിൽ സാന്ധ്യതകൾ കണ്ടെത്തി പരിശീലനം നടത്തുകയാണെങ്കിൽ അഭ്യാസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർ തൊഴിലിനു വേണ്ടി അലഞ്ഞുനടക്കേണ്ടിവരികയില്ല.

ഈ പഞ്ചായത്തിൽ ICDS ന്റെ ആഭിമുഖ്യത്തിൽ 18 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഒരു വയസ്സിൽ താഴെ പ്രായമുള്ള 296 കുട്ടികളും 1നും 2നും മദ്ധ്യേ 252 ഉം 2നും 3നും മദ്ധ്യേ 353ഉം 3-5 നും മദ്ധ്യേ 627 ഉം ആകെ ഗർഭിണികളുടെ എണ്ണം 133. പ്രത്യേക പരിചരണം ആവശ്യമായവരുടെ എണ്ണം 28. മുലയൂട്ടുന്നു അമ്മമാരുടെ എണ്ണം (6 മാസം വരെ) 148. കഴിഞ്ഞ വർഷത്തിൽ ആകെ ജനനം 297. ചാപാപിള്ള ഒന്ന് ഒരു വർഷത്തിൽ താഴെ പ്രായമുള്ള മരിച്ച കുട്ടികൾ1 (95-96) 1 to 3 വരെ മരിച്ചു കുട്ടികളില്ല. 3-6 വയസ്സ് വരെ മരിച്ചകുട്ടികളുടെ എണ്ണം 4. മറ്റുമരണങ്ങൾ 97. അനുപൂരക പോക്ഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം 827 അനുപൂരക പോക്ഷകാഹാരം ലഭിക്കുന്ന അമ്മമാരുടെ എണ്ണം 113. അംഗൻവാടികളിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കണം. കുട്ടികളുടെ മാനസികവും ശാരീരികവും ബുദ്ധിപരവുമായ വികസനത്തിനുപയോഗിക്കുന്ന പഠനോപകരണങ്ങളും, കളികോപ്പുകളും ഇല്ല. അംഗൻ വാടികൾക്ക് കോമ്പൗണ്ടവാളുകളില്ല. മൂന്നു സെൻറ്റുകൾക്ക് കെട്ടിടം ഉണ്ടാക്കണം. എല്ലാം മാസവും മെഡിക്കൽ ചെക്കപ്പുകൾ നടത്തി മെഡിക്കൽ കാർഡുകൾ കൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തണം.

RAP ഗ്രാമീണ കൈതൊഴിലികാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന ഒരു സ്കീമാണിത്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 27 പേർക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചിട്ടുണ്ട്.

കോളനികളിലും ചേരിപ്രദേശങ്ങളിലും ശുചീകരണ പ്രവർത്തനം നടത്തുകയും സാനിട്ടറി സൗകര്യം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഈ പഞ്ചായത്തിൽ 34 പേർക്ക് വിധവാ പെൻഷനും 14 വാർദ്ധക്യകാല പെൻഷനും ലഭിക്കുന്നവരുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി വിധവാ, വാർദ്ധക്യമാലപെൻഷനുകൾക്കു ലഭിച്ച അപേക്ഷകൾ പരിശോധിച്ചുവരികയാണ്.

പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമ്മാർജന പദ്ധതികളുടെ പ്രയോജനം വളരെ കുറച്ചു കുടുംബങ്ങൾക്കേ ലഭിക്കുന്നുള്ളു.
2. IRDP ലിസ്റ്റിൽ അനർഹരായവർ കടന്നു കൂടുന്നു.
3. അഴിമതി.
4. ഇടത്തട്ടുകാരുടെ ചൂഷണം.
5. പദ്ധതികളുടെ വിവരം യഥാസമയം ആവശ്യ

മുള്ളവർ അറിയുന്നില്ല.

6. അനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

1. IRDP ലിസ്റ്റിൽ അർഹരായവർക്ക് അനുകൂല്യം ലഭ്യമാക്കുക.
2. DWCRA യൂണിറ്റുകളിലേക്ക് കൂടുതൽ വനിതകളെ പങ്കാളികളാക്കുകയും 16 യൂണിറ്റുകൾ കൂടി ആരംഭിക്കുക.
3. TRYCEM പരിശീനനം സിദ്ധിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള അവസരം സൃഷ്ടിക്കുക.
4. ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനും ജനകീയ സംവിധാനം ഏർപ്പെടുത്തുക.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പൂത്തൃക്ക പഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം 2170 പട്ടികജാതിക്കാരും 123 പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരും നിവസിക്കുന്നു. ഇത് മൊത്തം ജനസംഖ്യയുടെ 13 ശതമാനത്തോളംവരും. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കോളനികൾ പ്രധാനമായും 16 എണ്ണമാണ്. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം, കക്കൂസ് തുടങ്ങിയവയുടെ സ്ഥിതി വളരെ ശോചനീയമാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ ഇപ്പോഴും പൊതുവെ പിന്നോക്കാവസ്ഥയിലാണ്. കുട്ടികളെ സ്ക്കൂളിൽ വിടാറുണ്ടെങ്കിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കതെ നിർത്തിപ്പോകുന്നവരാണ് ഭൂരിഭാഗവും സാമ്പത്തികവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥയാണ് ഇതിനുള്ള പ്രധാന കാരണം. പരമ്പരാഗതമായി കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണ് ഇതിൽ ഭൂരിഭാഗവും. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽ നിരക്ഷരരുടെ എണ്ണം താരതമ്യേന കൂടുതലാണ്. ഈ വിഭാഗക്കാരുടെ വീടുകളിൽ വിവാഹാദികാര്യങ്ങൾക്ക് മറ്റു സമുദായക്കാർ പങ്കെടുക്കാറുണ്ടെങ്കിലും അവരുടെ നിന്ന് ആഹാരം കഴിക്കുന്ന പതിവ് കുറവാണ്.

പട്ടികജാതി, പട്ടികവർഗ്ഗവിഭാഗക്കാരും കോളനികൾ പ്രധാനമായും താഴെപ്പറയുന്നു

1. ചോയിക്കരമുകൾ ഹരിജൻ കോളനി.
2. ചെമ്മല കോളനി.
3. കാരിക്കാട്ട് കോളനി.
4. മരങ്ങാട്ടുമോൾ കോളനി.
5. അടേപ്പാടം ഹരിജൻ കോളനി.
6. പേങ്ങരമോളേൽ ഹരിജൻ കോളനി.
7. വൈന്തലമല കോളനി.
8. പരവൻകടവ് ഹരിജൻ കോളനി.
9. ചേന്നംമോളം കോളനി.
10. പണ്ടാരം മുകൾ കോളനി.
11. ചന്തപറമ്പ് ഹരിജൻ കോളനി.
12. കാവനാം മുകൾ കോളനി.
13. കുമ്മണ്ണൂർകുഴി കോളനി.
14. കുറിഞ്ഞിവട്ടേക്കാട് പട്ടികവർഗ്ഗ കോളനി.
15. പണ്ടാരം കുടിഹരിജൻ കോളനി.
16. വടയമ്പാടി കാക്കാല കോളനി.

അടിയന്തരമായി പരിഹരിക്കേണ്ടതായ പ്രശ്നങ്ങൾ

1. സ്വന്തമായി സ്ഥലവും വീടും ഇല്ല.
2. സ്വന്തമായി വീടുണ്ടെങ്കിലും താമസയോഗ്യമല്ലാതായിരിക്കുക.
3. ഹരിജൻ കോളനികളിലേക്ക് ഗതാഗത സൗകര്യം ഇല്ലാത്തത്.
4. വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ
5. വർഷങ്ങളായി പട്ടയം ലഭിക്കാത്ത അവസ്ഥ.
6. തൊഴിൽപരമായ പിന്നോക്കാവസ്ഥ.
7. ആനുകൂല്യങ്ങൾ അർഹരായവർക്ക് ലഭിക്കാതെ പോകൽ.

പരിഹാരമാർഗ്ഗങ്ങൾ

1. പുറമ്പോക്ക് ഭൂമികണ്ടെത്തി അത് ഭൂരഹിതർക്ക് വിതണം ചെയ്യുക,
2. നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികളുടെ തുക വർദ്ധിപ്പിക്കുക.
3. ഗതാഗത സൗകര്യമില്ലാത്ത ഹരിജൻ കോളനികളിലേക്ക് റോഡ് നിർമ്മിക്കുക. നിലവിലുള്ള റോഡുകൾ ടാർചെയ്യുക.
4. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ടാങ്കുകൾ നിർമ്മിച്ചും വെള്ളം ശേഖരിക്കുകയൊ പൈപ്പ് ലൈൻ സ്ഥാപിക്കുകയോ ചെയ്യുക.
5. ഹരിജൻ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നല്കുകയും ഉന്നതമാർക്ക് വാങ്ങുന്നവർക്ക് പ്രോത്സാഹന സമ്മാനം നല്കുകയും

ചെയ്യുക.

6. വയറിംഗ് കഴിഞ്ഞിട്ടും വൈദ്യുതി ലഭിക്കാത്ത വീടുകൾക്ക് ഉടൻതന്നെ കണക്ഷൻ നല്കുകയും വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുകയും ചെയ്യുക.

7. ഹരിജൻ സൊസൈറ്റികളിലൂടെ സ്വയം തൊഴിലിനും കൂടിൽ വ്യവസായങ്ങൾക്കുമുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നല്കുക.

8. പച്ചക്കറിത്തോട്ട നിർമ്മാണത്തിനാവശ്യമായ വിത്തും വളവും സൗജന്യമായി നല്കുക. പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് അസംസ്കൃത വസ്തുക്കളായ ചൂരൽ ഈറ്റ എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക.

9. വരുമാന വർദ്ധനവ് മുൻനിർത്തി പശു, ആട്, കോഴി, താറാവ് എന്നിവ സൗജന്യമായി നല്കുക.

10. ഗ്രൂപ്പ് ഇൻഷ്വറൻസ് പോലുള്ള പദ്ധതികൾ നടപ്പിലാക്കുക.

11. ഹരിജനങ്ങൾക്കുള്ള അനുകൂല്യങ്ങൾ അവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുക.

12. ഹരിജൻ കോളനികളിൽ ഒന്നോരണ്ടോ പൊതുകിണറുകൾ നിർമ്മിച്ചുനൽകുക.

13. ഹരിജൻ കോളനികളെ കേന്ദ്രീകരിച്ച് കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കുക.

14. ഹരിജൻ കോളനികളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

15. ഹരിജൻ കോളനികളിലേയ്ക്കുള്ള എല്ലാ റോഡുകളും വൈദ്യുതീകരിക്കുക.



ഉപസംഹാരം

ഒരു പുതിയ വികസനസംസ്കാരത്തിന് പെരുമ്പറയടിച്ചുകൊണ്ട് ജനകീയാസൂത്രണം ഗ്രാമസഭകളിലൂടെ ഉരുതിരിയുകയാണ്. പഞ്ചായത്തിന്റെ 9 വാർഡുകളിലെ പ്രത്യേക ഗ്രാമസഭകളിൽ നിന്നും ഉരുതിരിഞ്ഞ ആവശ്യങ്ങൾക്ക് രൂപവും ഭാവവും നൽകി വികസന റിപ്പോർട്ടിന് രൂപം നൽകുന്നതിന് സഹകരിച്ച വ്യക്തികളെയും സ്ഥാപനങ്ങളെയും അഭിനന്ദിച്ചുകൊള്ളുന്നു. ജനകീയാസൂത്രണപ്രകിയയിലേയ്ക്ക് എല്ലാവരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

M.V.മാത്യൂ
ജനറൽ കൺവീനർ



4265

- ഇൻഡ്യൻ ഭരണഘടനയുടെ 73, 74 വകുപ്പുകൾ ഭേദഗതി ചെയ്തു. ഒരു സുപ്രധാന കാൽവെയ്പ്.
- 23-4-94 മുതൽ പഞ്ചായത്ത് രാജ്/നഗരപാലിക നിയമം കേരള സംസ്ഥാനത്ത് നിലവിൽ വന്നു.
- പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൈമാറി.
- ജനപ്രതിനിധികൾക്കു കൂടുതൽ അധികാരങ്ങൾ.
- വികസനം താഴെ തട്ടിൽ നിന്ന്.
- ജനപങ്കാളിത്തം വികസനത്തിൽ
- 9-ാം പഞ്ചവത്സരപദ്ധതി ഇൻഡ്യയിലാദ്യമായി കേരളത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.
- പുതിയ പരിഷ്കാരം ജനങ്ങളെ ആവേശഭരിതരാക്കിയിരിക്കുന്നു.
- പഞ്ചായത്ത് രാജ്/നഗരപാലികാ സ്ഥാപനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സഹായം.
- പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് ചുമതലകൾ കൂടുന്നു.
- പഞ്ചായത്തിൽ വരുന്ന ഇതര സ്ഥാപനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും തദ്ദേശസ്ഥാപനങ്ങളിൽ വരുന്നു.
- പഞ്ചായത്തിലെ സമൂലമായ പരിവർത്തനവും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തലും പ്രധാനഘടകമാണ്.
- പഞ്ചായത്ത് ത്രിതല സംവിധാനം ഭരണഘടന ഉറപ്പുള്ളതാക്കിയിരിക്കുന്നു.
- ജനങ്ങളുടെ ആവശ്യങ്ങൾ എന്തെന്നും പരിഹാരം അവർതന്നെ നിശ്ചയിക്കുന്നു.